**KOTTAYAM PUBLIC LIBRARY**

Call No. MA-2 COC-B Acc. No. 19603

Author: കൊച്ചി മലയാള ഭാഷാ പരിഷ്കരണക്കമ്മിറ്റി.

Title: ഭാഷാ ചമ്പൂപ്രബന്ധം

ശ്രീരാമവർമ്മ ഗ്രന്ഥാവലി.

# രാമായണം

# ഭാഷാചമ്പൂപ്രബന്ധം

## ഉദ്യാനപ്രവേശം

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

കോപ്പി ൫൦൦.

മംഗളോദയം (പവർ) പ്രസ്സിൽ അച്ചടിച്ചതു്.

൧൧൦൩

പകർപ്പവകാശം
കമ്മിററിക്കുമാത്രം.

വില അണ ൨

MA2

# പ്രസ്താവന.

സംസ്കൃതസാഹിത്യപ്രസ്ഥാനങ്ങളിൽ പലതിനേയും ഭാഷാസാഹിത്യകാരന്മാർ ഉത്തരോത്തരം അനുകരിക്കാറുണ്ടായിരുന്നു. ചംബൂപ്രസ്ഥാനം അവയിൽ പ്രധാനമായിട്ടുള്ള ഒന്നാണ്. അതിൻെറ അവതാരകൻ 'പുനം' നമ്പൂരിയാണെന്നാകുന്നു പല ഭാഷാപണ്ഡിതന്മാരുടേയും അഭിപ്രായം.

"മദനസമരസമ്മർദ്ദാന്തരോൽഭ്രാന്തകാന്താ-
മണിതമധുരമാധുര്യൈകവംശപ്രസൂതൈഃ.
മതുമതമണമോലും പദ്യഗദ്യൈരനേകൈ-
ർമ്മദയതി 'പുന'മിന്നും ഭൂരി ഭൂചക്രവാളം.
മധുമൊഴി! 'പുന'മെന്നാ നൽക്കവീന്ദ്രേണ സാര-
സ്വതപരിമളമോലും പദ്യഭേദൈരനേകൈഃ.
പകലിരാവു വളർത്തി സ്തൂയമാനാപദാനാ
മധുരകവിഭിരന്യൈരന്വിതാ രാഘവാദ്യൈഃ."

എന്നു 'ചന്ദ്രോത്സവം' എന്ന മണിപ്രവാളകാവ്യത്തിൽ കാണുന്ന പദ്യങ്ങളിൽനിന്നുള്ള അനുമാനമാണ് ഈ അഭിപ്രായത്തിൻെറ അടിസ്ഥാനം. പുനംനമ്പൂരി കോഴിക്കോട്ടു സാമൂതിരിമഹാരാജാവിൻെറ സദസ്യരിൽ ഒരാളായിരുന്നു എന്നാണ് ഐതിഹ്യം. ഒരിക്കൽ ആ മഹാരാജാവിൻെറ സദസ്സിൽവച്ച്,

"ഭാഷാകവിനിവഹോടയം
ദോഷാകരവദപിഭാതി ഭുവനതലേ.
പ്രായേണ വൃത്തഹീനഃ
സൂക്ഷ്മാലോകേ നിരസ്തഗോപ്രസരഃ."

എന്ന് ഉദ്ധതനായ ഉദ്ദണ്ഡശാസ്ത്രികൾ ഭാഷാകവിക്കളെ ആക്ഷേപിച്ചുകൊണ്ടിരിക്കുമ്പോൾ പുനം അവിടെ ചെല്ലുകയും,

"താരിത്തന്വികടാക്ഷാഞ്ചലമധുപകുലാ-
രാമ! രാമാജനാനാം
നീരിത്താർബാണ! വൈരാകരനികരതമോ
മണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊടുകുറി കളയാ-
യ്കെന്നുമേഷാ കുളിക്കും
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ
ഹന്ത കല്പാന്തതോയേ."

എന്നു രാജപ്രശംസയായി ഒരു പദ്യം ഉണ്ടാക്കിച്ചൊല്ലുകയും ചെയ്തു. അപ്പോൾ ഉദ്ദണ്ഡൻ "അന്തഹന്തയ്ക്കിന്തപ്പട്ട്" എന്നു പറഞ്ഞു താൻ ഉത്തരീയമായി ധരിച്ചിരുന്ന ഒരു പട്ട് അദ്ദേഹത്തിനു സമ്മാനം കൊടുത്തിട്ട്,

"അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയന്തു ന താൻ വിനുമഃ.
പുളകോദ്ഗമകാരിവചഃ പ്രസരം
പുനമേവ പുനഃ പുനരാസ്തുമഹേ."

എന്നൊരു പ്രശംസാപത്രവും കൊടുത്തു എന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇത്ര പ്രസിദ്ധനായ പുനം നമ്പൂതിരിയു

ടെ കൃതിയായിട്ടു യാതൊരു ഗ്രന്ഥവും ഇതുവരെ കണ്ടിട്ടില്ല. 'കൃഷ്ണഗാഥ' പുനത്തിൻെറ കൃതിയാണെന്നു ചിലർ പറയാറുണ്ടായിരുന്നുവെങ്കിലും 'ആജ്ഞയാ കോലഭൂപസ്യ' എന്നാദിയായ അതിലെ ശ്ലോകംകൊണ്ടുതന്നെ അതു 'കോലത്തിരി' രാജാവിൻെറ ആശ്രിതനായ ഒരാളുണ്ടാക്കിയതാണെന്നു സ്പഷ്ടമാകുന്നു. പുനം സാമൂതിരിയെ വിട്ടു കോലത്തിരിയെ ആശ്രയിച്ചുവെന്നു വിശ്വസിപ്പാൻ യാതൊരു കാരണവും കേട്ടിട്ടുമില്ല. അതുമാത്രമല്ല, പുനത്തിൻേറതാണെന്നു സൎവ്വസമ്മതമായിട്ടുള്ള മേൽക്കാണിച്ച 'താരിത്തനവീ' എന്നിത്യാദി പദ്യങ്ങളിലേയും, കൃഷ്ണഗാഥയിലേയും രചനാരീതിക്കും വളരെ വ്യത്യാസം കാണുന്നു. ഇതിനുംപുറമേ ഗാഥയ്ക്കു നമ്പൂരിമാരുടെ എടയിൽ, 'ചെറുശ്ശേരിപ്പാട്ട്' എന്നും, 'ചെറുശ്ശേരി' എന്നും അന്നും ഇന്നും നടപ്പുള്ള പേരുകൊണ്ടും അതു 'ചെറുശ്ശേരി' എന്ന് ഇല്ലപ്പേരുള്ള വേറെ ഒരു നമ്പൂരിയുടെ കൃതിയാണെന്നു വിചാരിപ്പാനാണ് അധികം ന്യായം കാണുന്നതു്.

അതുകൊണ്ട്, അനേകം ഗദ്യപദ്യപ്രബന്ധങ്ങൾ പുനത്തിൻെറ കൃതികളായിട്ടുണ്ടെന്നു ചന്ദ്രോത്സവകാരൻ പറയുന്നതു ഭാഷാചംബുക്കളെ ലക്ഷീകരിച്ചാണെന്ന് ഒരു പക്ഷക്കാർ സിദ്ധാന്തിക്കുന്നു. എന്നാൽ സാമൂതിരിരാജസദസ്യരായിരുന്ന പതിനെട്ടരക്കവികളിൽ അരക്കവിയാണു 'പുനം' എന്നും, മറ്റു പതിനെട്ടു പേരും പുനത്തെക്കാൾ യോഗ്യരായ മുഴക്കവികളായിരുന്നു എ

നും ഉള്ള ഐതിഹ്യത്തെ വിശ്വസിക്കുന്നതാണെങ്കിൽ അവരിൽ ചേന്നാസ്സനമ്പൂരിപ്പാട്ട മുതലായ ചിലരുടെ ചില സംസ്കൃതഗ്രന്ഥങ്ങൾ മാത്രം പുറത്തു കാണുന്നതിനും മററുള്ളവരുടെ കൃതികളായിട്ടു യാതൊരു ഗ്രന്ഥങ്ങളും കാണാതിരിക്കുന്നതിനും സംഗതിയെന്തു്? അരക്കവിയായ പുനത്തിൻെറ കൃതികളായി രാമായണം ഭാരതം മുതലായ ഭാഷാചമ്പുക്കൾ ഇത്ര വളരെയുള്ള സ്ഥിതിക്കു മററുള്ള മുഴക്കവികളുടെ കൃതികൾ ഇതിലും അധികം കാണേണ്ടതല്ലേ? എന്നൊരാക്ഷേപമുണ്ടു്; അതിനുള്ള സമാധാനം ഇങ്ങനെയാണു്:—കവിശബ്ദം പണ്ഡിതപർയ്യായമാണല്ലോ. അതുകൊണ്ടു മററുള്ളവരൊക്കെ കാവ്യകാരന്മാരായിരുന്നുവെന്നു വിചാരിക്കേണ്ടതില്ല. അഥവാ അവരിൽ വല്ലവരും കാവ്യനിർമ്മാണം ചെയ്തിരുന്നുവെങ്കിൽത്തന്നെ അതൊക്കെ സംസ്കൃതകാവ്യങ്ങളായിരിക്കും. വ്യാകരണം, മീമാംസാ, ജ്യോതിഷം മുതലായ ശാസ്ത്രഗ്രന്ഥങ്ങളിൽ പലതും അവരിൽ പലരും എഴുതീട്ടുണ്ടായിരിക്കണം. 'ലീലാതിലകം' മുതലായവ അതിൽ ചില പണ്ഡിതന്മാരുടെ കൃതികളാണു് എന്നുകൂടി ചിലർ പറയാറുണ്ടു്; അക്കാലത്തു കേവലഭാഷാകവികളെ സംസ്കൃതപണ്ഡിതന്മാർ കവികളുടെ കൂട്ടത്തിൽ അത്ര വകവയ്ക്കാറില്ലെന്നു് ഉദ്ദണ്ഡപണ്ഡിതൻെറ പരിഹാസം തന്നെ തെളിയിക്കുന്നുണ്ടല്ലോ. അദ്ദേഹം പാരദേശികനായിരുന്നതുകൊണ്ടു മാത്രം അങ്ങനെ പറഞ്ഞതല്ല; അന്നത്തെ മലയാളബ്രാഹ്മണപണ്ഡിതന്മാരുടേയും നില അതുതന്നെ ആയിരുന്നു. അതുകൊണ്ടുതന്നെ ആയിരിക്കു

ണം,-കേവലഭാഷാകവിയായ പുനത്തെ 'അരക്കവി'യെ ന്നു മററുള്ളവർ കല്പിച്ചിരുന്നതു്.

പുനത്തിൻെറ ഭാഷാചംബുക്കളിൽ ഏതാണ്ടു പകുതിവീതം ഗദ്യപദ്യങ്ങൾ സംസ്കൃതമയമാണല്ലൊ. ആ പദ്യങ്ങളിൽ, സന്ദൎഭത്തിനു തക്കവണ്ണം പൂൎവ്വകവികളുടെ കൃതികളിൽനിന്നു് എടുത്തു ചേൎത്തിട്ടുള്ള ഭാഗങ്ങൾ വളരെയുണ്ടു്. അനൎഘരാഘവം, വിക്രമോൎവ്വശീയം, ആശ്ചൎയ്യചൂഡാമണി മുതലായ നാടകങ്ങളിൽനിന്നും, ഭോജചംബു, കൃഷ്ണവിലാസം, മാഘം മുതലായ കാവ്യങ്ങളിൽനിന്നും അനേകം ശ്ലോകങ്ങൾ അതേപ്രകാരത്തിൽത്തന്നെയും, അല്പാല്പം ഭേദഗതി വരുത്തിയും ഇവയിൽ ചേൎത്തുകാണുന്നു. ഇതു കവി തൻെറ അശക്തികൊണ്ടു ചെയ്തതോ മററുള്ളവർ അറിയുകയില്ലെന്നു വിചാരിച്ചു ചില കുകവികൾ അന്യന്മാരുടെ 'സൎവ്വനിബന്ധനാപഹരണം' ചെയ്യാറുള്ള രീതിയെ അനുസരിച്ചു ചെയ്തതോ ആയിരിക്കയില്ല. കാളിദാസാദി മഹാകവികൾപോലും സ്വകൃതങ്ങളായ രഘുവംശകുമാരസംഭവാദി കാവ്യങ്ങളിൽ സന്ദൎഭവശാൽ പല പദ്യങ്ങളും പരസ്പരം വിനിമയം ചെയ്തിട്ടുള്ളതുക്കൂടാതെ, പല പുരാണശ്ലോകങ്ങളേയും ഈഷൽഭേദം ചെയ്തു് എടുത്തിട്ടുള്ളതായും കാണ്മാനുണ്ടല്ലൊ. വിശേഷിച്ചു, സരസനായ പ്രസ്തുതകവി ഭാഷായോഷയ്ക്കു് ഒരു അപൂൎവ്വമായ ആഭരണത്തിൻെറ ഭാഷ മനസ്സുകൊണ്ടു കണ്ടുപിടിച്ചു് അതു തയാറാക്കുവാൻ യത്നംചെയ്തുകൊണ്ടിരുന്നപ്പോൾ പണ്ടത്തെ വല്ല പണ്ടങ്ങളിലും ഉപയോഗിച്ചിരുന്ന മണികളേയും കാഞ്ചനങ്ങളേയും അതേവിധ

ത്തിൽത്തന്നെയോ ചേർച്ച്യ്ക്കുവേണ്ടി അല്പാല്പം ഭേദഗതിയോടുകൂടിയോ ഭാഷ മാററിയോ ഉപയോഗിച്ചതുകൊണ്ടു തൻെറ വേലയ്ക്കും സമയത്തിന്നും അല്പം ലാഭം കിട്ടിയെന്നല്ലാതെ ശില്പസാമത്ഥ്യത്തിന്നു യാതൊരു കുറവും ആക്കും പറവാനിടവരുത്തിട്ടില്ല. എങ്കിലും "ഞാനായിരുന്നെങ്കിൽ ഉറക്കവും കൂടി കഴിക്കുമായിരുന്നു" എന്നു പണ്ടൊരു കവി പറഞ്ഞപോലെ തങ്ങളായിരുന്നുവെങ്കിൽ ഒട്ടും പരസ്പം കൂടാതെ സ്വാജ്ജിതംകൊണ്ടുതന്നെ ഈ വണ്ടം പണികഴിക്കുമായിരുന്നു എന്ന് അഭിമാനിച്ചിരുന്ന അന്നത്തെ അന്യകവികൾ, ഇതുകൊണ്ടും പുനത്തിന് 'അരക്കവി' എന്ന പേരിന്നു മാത്രമേ അവകാശമുള്ളൂവെന്നു നിശ്ചയിച്ചിരിക്കാം.

ക്ഷേത്രങ്ങളിൽ ഉത്സവം, തേവർസേവ മുതലായ വിശേഷങ്ങളുള്ളപ്പോൾ അവിടെ കൂടുന്ന സുകുമാരകലാകോവിദന്മാരും സാഹിത്യകൌതുകികളുമായ ബ്രാഹ്മണാദിസഹൃദയന്മാക്ക് നിർദ്ദോഷവിനോദമായ ഭഗവൽകഥാകാലക്ഷേപത്തിന്നുവേണ്ടി ചാക്യാന്മാർ കൂത്തും പ്രബന്ധവും മററുചിലർ പാഠകവും പറയുന്ന പതിവ് ഇന്നും മലയാളത്തിൽ നടപ്പുള്ളതാണല്ലോ. പണ്ടത്തെക്കാലത്ത് ആത്തൊഴിൽക്കാർതന്നെ ആ ആവശ്യത്തിലേയ്ക്കു യോഗ്യങ്ങളായ ഗദ്യപദ്യങ്ങളെ സംസ്കൃതത്തിലുള്ള ഓരോ പൂവ്വപ്രബന്ധങ്ങളിൽനിന്നു സമുച്ചയിച്ച് എഴുതി സൂക്ഷിച്ചു ഭാഷയിൽ ഫലിതമയമായ രീതിയിൽ അവയുടെ അത്ഥവിവരണം ചെയ്യേണ്ട പ്രകാരങ്ങളും അഭ്യസിച്ചു

നൈപുണ്യം സമ്പാദിക്കുക പതിവായിരുന്നു. അക്കാലത്തു് അത്തൊഴിലിൽ പ്രത്യേകം വാസനയും വൈദഗ്ദ്ധ്യവുമുള്ള യോഗ്യന്മാർ അപ്പപ്പോൾ പുതിയ പുതിയ രാലിതൈക്കൈകൾ കണ്ടുപിടിച്ചു പ്രയോഗിച്ചു രംഗവാസികളെ സന്തോഷവിസ്മയതരംഗിതചിത്തവൃത്തികളാക്കിത്തീക്കാറുണ്ടു്. പ്രാചീനമായ ഈ ഊടുവഴിയെ അനുസരിച്ചും അനുകരിച്ചും പരിഷ്കരിച്ചും സമീകരിച്ചും പോരാത്തതിനെ പുതുവലായി ചേർത്തും വിശാലഹൃദയനും മനോധർമ്മജ്ഞനുമായ പുനം നമ്പൂരി ഭാഷയിൽ നല്ലൊരു പ്രബന്ധപന്ഥാവിനെ സഹൃദയസഞ്ചാരയോഗ്യമാക്കിത്തീർത്തു. 'അഭ്രങ്കഷമഹാസാലതാലരുദ്ധോഷ്ണരശ്മി'കളായും, 'മാധവീശ്ലിഷ്ടദ്രാക്ഷാസ്തബകശാലി'കളായും ഉള്ള നടക്കാവുകളെക്കൊണ്ടു സുഗമമായ ഈ നവീനപന്ഥാവിൽക്കൂടിസ്സഞ്ചരിച്ചു സുഖം അനുഭവിച്ചപ്പോൾ പിന്നെപ്പലരും ആ പാതയെത്തന്നെ നീട്ടുകയും, അതേ തോതിൽ പല കൈവഴികളുണ്ടാക്കുകയും ചെയ്തുതുടങ്ങി. ഇങ്ങനെ കുറെക്കാലം കഴിഞ്ഞപ്പൊഴെയ്ക്കു നമ്മുടെ ഭാഷാസാഹിത്യസാമ്രാജ്യവാസികൾക്കു പുരാണകഥാനഗരികളെല്ലാം ഈ പുതിയ പന്ഥാവിൽക്കൂടി സുഖപ്രാപ്യമായിത്തീന്നു.

ഈ നവീനപന്ഥാവിനെ അഭിമുഖീകരിച്ചു പണിചെയ്യപ്പെട്ടിട്ടുള്ള പുരാണകഥാസൌധങ്ങളിൽ പലതിലും പ്രഥമസ്ഥപതിയുടെ മനോധർമ്മവും ശില്പചാതുര്യവും വേറെ കാണാം. വേറെ ചിലതിൽ തൽക്കർത്താക്ക

ളുടെ അരസികതയും വാസനാശൂന്യതയും നിമിത്തം പല പണിക്കുറവുകളും കൈക്കുററങ്ങളും വന്നിട്ടുള്ളതും കാവ്യശില്പജ്ഞന്മാരുടെ നോട്ടത്തിൽ സുവ്യക്തമായിരിക്കുന്നതാണ്. എന്നാൽ നമ്മുടെ മൂത്താശാരിയുടെ ശിഷ്യപ്രശിഷ്യന്മാരിൽ മഴമംഗലം മഹാകേമൻതന്നെയാണ്. അദ്ദേഹത്തിൻെറ പ്രബന്ധസൌധങ്ങളുടെ പാദുകം മുതൽ താഴികക്കുടം വരെയുള്ള അവയവങ്ങളുടെ കുറടക്കവും, അവയിൽ ഉപയോഗിച്ചിരിക്കുന്ന ഉരുപ്പടികളുടെ ഗുണവും, അവയുടെ ചേപ്പും, മിനുക്കും, കൊത്തുവേല ചായം തേപ്പു, കണ്ണാടിക്കൂട്ട മുതലായ അലങ്കാരപ്പണികളുമെല്ലാം സൂക്ഷിച്ചു പരിശോധിച്ചാൽ അദ്ദേഹം 'സ്ഥപതിമതിഗതിപ്രേക്ഷക'നായ 'സൂത്രഗ്രാഹി'യായിരുന്നുവെന്ന് ആരും സമ്മതിക്കാതിരിക്കുന്നതല്ല.

ഇങ്ങനെ ചാക്യാന്മാരുടെ പ്രബന്ധകഥനരീതിയെ അനുകരിച്ചുണ്ടാക്കപ്പെട്ടവയാണു ഭാഷാപ്രബന്ധങ്ങൾ; അങ്ങനെയല്ലാതെ ഈ ഭാഷാപ്രബന്ധങ്ങളിൽ ഒന്നെങ്കിലും ചാക്യാന്മാരോ പാഠകന്മാരോ അതേവിധത്തിൽത്തന്നെ രംഗത്തിൽ പ്രയോഗിച്ചിട്ടുള്ളതായി ആരും പറഞ്ഞുകേട്ടിട്ടില്ല. 'മേൽപുത്തൂർ' നാരായണഭട്ടതിരിപ്പാട്ടിലെ സംസ്കൃതപ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പിൽ പുനം മുതലായവരുടെ ഭാഷാപ്രബന്ധങ്ങൾ തന്നെയായിരുന്നു രംഗത്തിൽ പ്രബന്ധം പറയുന്നവർ ഉപയോഗിച്ചിരുന്നതു് എന്നു് ഇയ്യിടെ ചിലർ പറഞ്ഞുതുടങ്ങീട്ടുണ്ടു്. അങ്ങനെ അഭിപ്രായപ്പെടുന്നവർ താഴേ എഴുതുന്ന ചോദ്യങ്ങൾക്കെല്ലാം വിശ്വാസ്യമായ സമാധാനം പറവാൻ

ബാദ്ധ്യതയുള്ളവരാണല്ലോ. പുനത്തിന്റെ പ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പിൽ രംഗോപജീവികൾ ഉപയോഗിച്ചിരുന്ന ഭാഷാപ്രബന്ധങ്ങൾ ഏതെല്ലാമായിരുന്നു? അവയെല്ലാം ഇപ്പോൾ എവിടെ? അഥവാ പുനത്തിന്റെ കാലത്തിനു മുമ്പു പ്രബന്ധകഥനസമ്പ്രദായം തന്നെ മലയാളത്തിലുണ്ടായിരുന്നില്ലെന്നുണ്ടോ?

ചാക്യാന്മാർ പുരുഷാത്ഥം പറയുന്നതിലും, വിദൂഷകൻ പുറപ്പെടുന്നതിലും പ്രയോഗിക്കാറുള്ള ഭാഷാശ്ലോകങ്ങളെല്ലാം തോലന്റെ കൃതികളാണെന്നു പറഞ്ഞുവരാറുള്ളതു വാസ്തവമാണോ? തോലൻ എന്ന ആൾ ആരു്? അദ്ദേഹത്തിന്റെ കാലം ഏതു്? പെരുമാക്കന്മാരിൽ ഒരാളുടെ സചിവനായി പഴമക്കാർ പറഞ്ഞുകേൾവിയുള്ള ആ ത്തോലൻ തന്നെയാണോ ഈത്തോലൻ? അങ്ങനെയാണെങ്കിൽ അത്ര പഴയകാലത്തെ ആ ഭാഷാരീതി ഇന്നത്തെ വെണ്മണിരീതിയേക്കാൾ പുതുതായിക്കാണുന്നതിനവകാശമെന്തു്? ഭട്ടതിരിയുടെ സംസ്കൃതപ്രബന്ധങ്ങളുണ്ടാകുന്നതിനു മുമ്പു ഭാഷാപ്രബന്ധങ്ങളായിരുന്നു പ്രബന്ധപാഠകന്മാർ സ്വീകരിച്ചിരുന്നതെന്നും സംസ്കൃതപ്രബന്ധങ്ങളുണ്ടായപ്പോൾ അവയെ സ്വീകരിച്ചു ഭാഷാപ്രബന്ധങ്ങളെ കൈവെടിഞ്ഞുവെന്നും ഉള്ള അഭിപ്രായം ഭാഷാചരിത്രപണ്ഡിതന്മാക്ക് ആദരണീയമായിത്തീരുവാൻ ന്യായമുണ്ടോ? ഈ അഭിപ്രായം ശരിയാണെങ്കിൽ പ്രാചീനകേരളീയർ ഭാഷാപ്രണയികളും നവീനർ സംസ്കൃതപക്ഷപാതികളും ആകുന്നു എന്നു സമ്മതിക്കേണ്ടിവരുന്നില്ലേ? അങ്ങനെ സമ്മതിക്കുന്നപക്ഷം, ചാക്യാർക്കു

ത്തിൽ സംസ്കൃതശ്ലോകങ്ങൾ ചൊല്ലി ഭാഷയിൽ ഫലിതമയമായും ഹാസ്യഭൂയിഷ്ഠമായും അർത്ഥം വിസ്തരിച്ചിരുന്ന സമ്പ്രദായത്തെ ആമൂലാഗ്രം കണ്ണടച്ച് അനുഗമിക്കുന്നതായ 'കുഞ്ചൻ'നമ്പ്യാരുടെ തുള്ളൽപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനും വളച്ചക്കും അവകാശം സിദ്ധിപ്പാൻ വഴിയുണ്ടോ?

ഈ വക വിരോധങ്ങളെ പരിഹരിക്കാതെ പ്രാചീനന്മാർ ഭാഷാപ്രബന്ധങ്ങളെ രംഗത്തിൽ പ്രയോഗിച്ചിരുന്നു എന്നുള്ള സ്വകപോലകല്പിതമായ അഭിപ്രായം കേവലം പാമരവചനപരിപാടിയിൽ ത്യാജ്യമാണെന്നല്ലാതെ പണ്ഡിതമതത്രുപേണ സിദ്ധാന്തകോടിയിൽ ഗ്രാഹ്യമാണെന്നു തോന്നുന്നില്ല. അത്രമാത്രമല്ല, കുളി, ജപം, സ്വാദ്ധ്യായം മുതലായ തേവാരങ്ങളുടെ ഇടയിൽ അത്യാവശ്യം നേരിട്ടാൽ സംസ്കൃതത്തിൽ മുക്കിമൂളി വല്ലതും പറയുകയോ ആംഗ്യം കാട്ടി മററുള്ളവരെ കാര്യം മനസ്സിലാക്കുകയോ ചെയ്യുന്നതല്ലാതെ മലയാളഭാഷയിൽ സംഭാഷണം ചെയ്യുന്നതു തന്നെ അതിനിന്ദ്യമായി ഇന്നും കരുതിവരുന്ന ആഢ്യബ്രാഹ്മണരുടെ സദസ്സിൽ ക്ഷേത്രങ്ങളിൽ വച്ച നടത്തുന്ന ഭഗവൽക്കഥാപ്രസംഗങ്ങൾക്ക് ആപുരാതനകാലത്തു ഭാഷാപ്രബന്ധങ്ങളെ പ്രധാനമായി സ്വീകരിച്ചിരുന്നുവെന്നു വിശ്വസിപ്പാൻ മേലും കീഴും ആലോചിക്കുന്നവക്ക് ആക്കും ധൈര്യമുണ്ടാകുന്നതുമല്ല.

അതിനാൽ പുനം മഴമംഗലം മുതലായ മഹാകവികൾ സംസ്കൃതത്തിലെ ഭോജചമ്പു മുതലായവയെ

പ്പോലെ സഹൃദയന്മാൎക്കു വായിച്ചു രസിപ്പാൻ മാത്രം ഉ
ണ്ടാക്കീട്ടുള്ളതാണു ഭാഷാപ്രബന്ധങ്ങൾ എന്നു മാത്രമേ
പറവാൻ തരമുള്ളു. "ഗദ്യപദ്യോഭയമയം ചംബൂരിത്യ
ഭിധീയതേ" എന്നു സാഹിത്യശാസ്ത്രവചനവുമുണ്ടു്. ഭാ
ഷാപ്രബന്ധങ്ങളിലെ പദ്യങ്ങളുടെ വൃത്തമെല്ലാം സം
സ്കൃതച്ഛന്ദശ്ശാസ്ത്രപ്രകാരമുള്ളവ തന്നെ. എങ്കിലും അ
വയുടെ രചനാരീതിയിൽ രസാനുഗുണ്യം വരുത്തുവാൻ
തൽകൎത്താക്കൾ വളരെ ശ്രദ്ധിച്ചിട്ടുണ്ടു്. ഗദ്യങ്ങളിൽ
ചിലതിനു സംസ്കൃതപ്രബന്ധങ്ങളിലെ ഗദ്യരീതിയിൽ
നിന്നു പിന്നെയും വളരെ വ്യത്യാസമുണ്ടു്. എന്നാൽ അ
തു, പണ്ടും ഇപ്പോഴും ഭദ്രകാളി, വേട്ടയ്ക്കൂരൻ മുതലായ ദേ
വതമാൎക്കു പാട്ടു, തിറ, പാന മുതലായ ബലികൾ നടത്തു
ന്നതിനു കല്ലാററുകുറുപ്പന്മാരും, പിണിയാളുടെ നേരേ വ
ന്നു ഉഴിയുമ്പോൾ മന്ത്രവാദികളും ചൊല്ലുന്ന 'കോളി
വാക്യം' എന്ന സ്തോത്രങ്ങളിലും, ദേവീക്ഷേത്രങ്ങളിൽ
സോപാനത്തു പാടുന്ന ബ്രാഹ്മണിപ്പാട്ടുകളിലും ഭൂരിപ്ര
യോഗമുള്ളതും ഏതാണ്ടൊരു മാത്രാനിയമം കല്പിച്ചു ക
ൎണ്ണസുഖപ്രദമാക്കി ഒരു വൃത്തച്ഛായ വരുത്തീട്ടുള്ളതുമായ
ഒരു പ്രത്യേകസമ്പ്രദായത്തിലുള്ളതാണു്. മാത്രാനിയമ
ജന്യങ്ങളായ ഗണഭേദംകൊണ്ടും, യതിനിയമങ്ങൾകൊ
ണ്ടും, ആരോഹണാവരോഹണയോഗ്യങ്ങളായ പടവുക
ളോടും ചതുഷ്പാദാത്മകങ്ങളായ ഭിത്തികളോടുംകൂടി സ
ൎവ്വതോനിബദ്ധങ്ങളായ പദ്യതടാകങ്ങളും, സമതലത്തിൽ
ഒഴുകുന്ന നദീപ്രവാഹംപോലെ സുഖാവഗാഹങ്ങളായ
സാധാരണഗദ്യങ്ങളും, പൎവ്വതസാനുക്കളിൽനിന്നു തട്ടിത്ത

ടഞ്ഞ് ഒഴുകിവരുന്ന നിൎഝരങ്ങൾപോലെയുള്ള ഈ മാതിരി ഗദ്യങ്ങളും, നീളം, വീതി, താഴ്ച ഇവയെല്ലാം അളന്നു കുറിച്ചു നേരേ കെട്ടിനിറുത്തിയിരിക്കുന്ന തോട്ടുകളെപ്പോലെയുള്ള ദണ്ഡകങ്ങളും തരംപോലെ കൂട്ടിയിണക്കി വായനക്കാൎക്കു സുഖപ്രദമായിരിപ്പാൻ തക്കവണ്ണമാണു നമ്മുടെ പ്രബന്ധശില്പികൾ അവയെ നിബന്ധിച്ചിരിക്കുന്നത്.

ഇതുവരെ പറഞ്ഞിട്ടുള്ളതെല്ലാം ഭാഷാപ്രബന്ധങ്ങളെ സാമാന്യമായി പരാമൎശിക്കുന്ന സംഗതികളാണ്. ഇതിൽ അവയുടെ ഉൽപത്തി, വളൎച്ച, സ്വരൂപം അല്ലെങ്കിൽ സ്വഭാവം, പ്രയോജനം, കാലദേശകൎത്തൃവിവേചനം ഇവയെല്ലാം സമഷ്ടിയായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇനി അല്പം പറവാനുള്ളത് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതും, വഴിയെ പ്രസിദ്ധപ്പെടുത്തുവാൻ വിചാരിക്കുന്നതുമായ രാമായണചംബുവിലെ സാഹിത്യത്തെപ്പററി വായനക്കാൎക്ക് ഒരു സ്വരൂപജ്ഞാനമുണ്ടാകുന്നതിനു വേണ്ടി അവയിൽനിന്നു ഏതാനും ചില ഉദാഹരണങ്ങൾ എടുത്തു കാണിച്ചു ചുരുക്കത്തിൽ ഒരു നിരൂപണം മാത്രമാകുന്നു.

ഇവിടെ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു, രാവണോൽഭവം, വിച്ഛിന്നാഭിഷേകം, സുഗ്രീവസഖ്യം, അംഗുലീയാങ്കം, ഉദ്യാനപ്രവേശം ഇങ്ങനെ അഞ്ചു കഥകളാണ്. ഇനി താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, പരശുരാമവിജയം, ഖരവധം, ബാലിവധം, തോരണയുദ്ധം, ഈ കഥകളെ കൂടി വഴിയേ പ്ര

സിദ്ധീകരിപ്പാൻ തക്കവണ്ണം തയാറാക്കുന്നുണ്ട്. ഇവയിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന കഥകളിൽനിന്നു മാത്രമേ ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നുള്ളു.

അവയിൽ ഓരോ കഥയിലും ഉത്തരോത്തരം ഗുണാധിക്യം കാണുന്നു. ദീൎഘദീൎഘങ്ങളായ സംസ്കൃതസമസ്തപദങ്ങളുടെ അന്ത്യത്തിൽ ഭാഷാപ്രത്യയം വച്ച് ഒന്നോ രണ്ടോ പദങ്ങൾ ചേൎത്തു പേരിനുമാത്രം ഭാഷയാക്കീട്ടുള്ള ശ്ലോകങ്ങളുടെ ആധിക്യം മുമ്പു മുമ്പുള്ള കഥകളിലാണു കൂടുതലായിക്കാണുന്നതു്. ഗദ്യങ്ങളുടേയും മാതിരി ഇതു തന്നെയാണ്. രാവണോൽഭവത്തിൽ ഒരു ഭാഷാഗദ്യം മാത്രമേയുള്ളു. അതു സംസ്കൃതപ്രയോഗബാഹുല്യംകൊണ്ടു കേവലം സംസ്കൃതഗദ്യങ്ങളെക്കാൾ കഠിനമാണ്. 'വിച്ഛിന്നാഭിഷേകത്തിൽ "ഹര ഹര ശിവ ശിവ പുകഴരുതോൎത്താലഭിഷേകോത്സവ മഹിമ വിശേഷാൻ" എന്നാരംഭിക്കുന്നതും അതിദീൎഘവുമായ ഒരു നല്ല മലയാളഗദ്യമുള്ളതു് ഏതു മലയാളിക്കും അൎത്ഥം ഗ്രഹിച്ചു സുഖിക്കാവുന്നതാണെന്നു മാത്രമല്ല, അതിൽ വാരിക്കോരി വഷിച്ചിരിക്കുന്ന ഹാസ്യമയങ്ങളായ ഫലിതപ്രയോഗങ്ങളുടെ സന്ദൎഭൌചിത്യം ആലോചിച്ചാൽ കുഞ്ചൻനമ്പ്യാർ തുള്ളൽ കൈവിട്ടു മുഖം കുമ്പിട്ടു "കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം" എന്നു തോന്നും. സുഗ്രീവസഖ്യത്തിലെ ഒന്നാം ഗദ്യത്തിൽ ലക്ഷ്മണനാൽ വിരൂപിതയായ ശൂൎപ്പണഖ "ഖരനും ദൂഷണനും ത്രിശിരാവും പടയോടുകൂടെച്ചെന്നു സരോഷം പടുതകലരന്നൊരു രാമശരാഗ്നിജ്വാലാമാലയിലിയ്യാംപാററ പൊരിഞ്ഞ

കണ്ണൊക്കെ വെന്തെരിയുന്നതു കണ്ടു ഭയം പൂണ്ടു, ഹാ ഹാ രാവണ! വീര! സഹോദര! പാലയ പാലയ നീയേ ശരണം” എന്നു മുറയിട്ടുകൊണ്ടു, 'നാസാകുഹരത്തൂടേ ചാട്ടം ചോരകുടിച്ചു തിളച്ചു പുളച്ചും ചിലരെ നിണംകൊണ്ടുത്തും തേച്ചും' 'ലങ്കാപുരിയിലേക്കു മണ്ടു'ന്നവിധം വണ്ണിച്ചിരിക്കുന്നതു വായിച്ചാൽ ബീഭത്സഭയാനകരസങ്ങളുടെ മൂൎത്തിയായ ആ ശൂൎപ്പണഖയെ ഏതു ധീരനും സ്വപ്നം കാണാതിരിക്കയില്ല. അതുപോലെത്തന്നെ രണ്ടാം ഗദ്യത്തിൽ മാരീചൻ മായാമൃഗരൂപം ധരിച്ച് ആശ്രമോപാന്തത്തിൽ കളിക്കുന്ന പ്രകാരങ്ങളേയും, അതുകണ്ടു കൌതുകാകൃഷ്ടയായ സീത, രാമനോട് അതിനെ പിടിച്ചുതരുവാനായി കെഞ്ചി അപേക്ഷിക്കുന്നപ്രകാരങ്ങളേയും വണ്ണിച്ചിരിക്കുന്നതു നോക്കിയാൽ,

പൊന്നുമാനെവിടെ മന്നിതെങ്ങിതുകൾ
ചിന്തിയാതശിതബുദ്ധിയാ-
കുന്ന രാമനുമുഴന്നുപോയിതൊരു
പെണ്ണു ചൊന്ന മൊഴി കേൾക്കയാൽ
എന്നു ഞാനറിവെഴുന്നവൎക്കു പരി-
ഹാസ്യനായിതു, കഴിഞ്ഞതോ-
ൎക്കുന്നതെന്തു, മതി തെററിടാത്തിലൊര-
നൎത്ഥമാൎക്കുമുളവാകുമോ?

എന്നു ധീരോദാത്തനായ രാമനു പിന്നീടു പശ്ചാത്തപിപ്പാനിടവന്നതിൽ യാതൊരാശ്ചൎയ്യവും തോന്നുന്നതല്ല. മൂന്നാം ഗദ്യത്തിൽ രാവണൻ സീതയെ അപഹരിച്ചു തേരി

ലേററിപ്പോകുമ്പോൾ സീതയുടെ രോദനം കേട്ടു മാൎഗ്ഗമദ്ധ്യത്തിൽവന്ന് എതിക്കുന്ന ജടായുവിൻെറ പരാക്രമവും, നാലാം ഗദ്യത്തിൽ 'ജനകതനൂജാവിരഹദശയിൽ 'വിലപനശീല'നായി, അഹൎന്നിശം 'ഊണുമുറക്കവുമൊക്കെ മറന്നു. വനേഷു വനേഷു, ലതാസുലതാസു, ദരീഷു ദരീഷു, നദീഷു നദീഷു, നഗേഷു നഗേഷു, നടന്നുംനോക്കിയുമാൎത്തി പിണഞ്ഞു കരഞ്ഞുമെരിഞ്ഞും, കണ്ട ചരാചര ജാതികളോടു വിളിച്ചു വിളിച്ചുരുചോദ്യം ചെയ്തും, പരിഭവമേററതു ചിന്തിച്ചിടയിൽ കോപംപൂണ്ടു കടക്കൺ നോക്കു ചുവന്നു മറിഞ്ഞും, ചാപമഴിഞ്ഞു കുലച്ചു വലിച്ചും, ത്രിഭുവനമൊക്കെപ്പേടിപ്പിച്ചും,...ജനകതനൂജ' യെ അന്വേഷിച്ചു നടക്കുന്ന രാമൻെറ വിപ്രലംഭത്തെ വിഭാവാനുഭാവസാത്വികവ്യഭിചാരികളെക്കൊണ്ടു പരിപുഷ്ടവും സുവ്യക്തവുമാക്കിത്തീൎത്തിരിക്കുന്നതിൽനിന്നു വായനക്കാരുടെ ഹൃദയദ്രവീകരണവിഷയത്തിൽ കവിക്കുള്ള സാമൎത്ഥ്യാതിശയം അന്യാദൃശമായി വെളിപ്പെടുന്നു.

അംഗുലിയാങ്കത്തിലെ ആദ്യഗദ്യത്തിൽ 'ദയിതാവിരഹക്ലാന്ത'നായ രാമൻ മാല്യവാൻ പൎവ്വതത്തിൽ വസിക്കുമ്പോൾ പനാഗമിതനു വല്മീകാവാസക്രിയപോലെ വന്നുകൂടിയ വൎഷത്തു കോലാഹലത്തെ വൎണ്ണിക്കുന്നതിൽ കവി തൻെറ കൈവശത്തിലുണ്ടായിരുന്ന അലങ്കാരപ്പെട്ടിയെല്ലാം തുറന്നു കൊട്ടിയൊഴിച്ചിരിക്കുന്നു. സാമാന്യാധികദീൎഘമായ അതിലെ രണ്ടാം ഗദ്യത്തിൽ രഘൂത്തമനാജ്ഞാപിച്ചപ്രകാരം സീതാന്വേഷണത്തിനായി തെക്കൻ ദിക്കിലേക്കു പുറപ്പെട്ട 'ജാംബവദംഗദനിലതനൂ

മൽപ്രമുഖന്മാരായ വലീമുഖവീരന്മാർ, അവരുടെ ജാതിസ്വഭാവത്തേയും ശൌൎയ്യവീൎയ്യബലവേഗാദികളേയും പ്രകടിപ്പിച്ചുകൊണ്ടു, 'കാടുകൾതോറും, നാടുകൾതോറും തടിനികൾ തോറും, ഗിരിമുകൾതോറും, മനുകുലമാലയെ നോക്കിനടന്നു ദക്ഷിണവാരിധി തീരം പ്രാപിച്ചപ്രകാരത്തെ വൎണ്ണിച്ചിരിക്കുന്നതിൽ അന്യാദൃശമായ സ്വഭാവോക്തിചാതുൎയ്യത്തെ വിശദീകരിച്ചിരിക്കുന്നു.

അതിൽത്തന്നെ മറെറാരു ഗദ്യത്തിൽ ഹനൂമാൻ ഇന്ദ്രവജ്രാഹതനായി വീണപ്പോൾ, വായുഭഗവാൻ അപത്യനാശംകൊണ്ടു മടങ്ങിയടങ്ങി ഏതോ ഒരു ഗുഹയിൽ ഒളിച്ചിരുന്നതിനാൽ വായുസഞ്ചാരമില്ലാഞ്ഞിട്ടു മൂന്നു ലോകത്തുമുള്ള സ്ഥാവരജംഗമങ്ങൾക്കൊക്കെ വന്നുകൂടിയ അവസ്ഥാന്തരം വൎണ്ണിച്ചിരിക്കുന്നതു വായിച്ചാൽ സഹൃദയന്മാരുടെ അവസ്ഥയും തത്തുല്യമായിത്തീരുന്നതാണു്. ആ പ്രബന്ധത്തിൽ ഒടുക്കത്തെ ഗദ്യം, ഹനൂമാൻ അശോകോദ്യാനത്തിൽ ശിംശപാമൂലത്തിലിരിക്കുന്ന സീതാദേവിയെ കാണുന്ന ഘട്ടത്തെ വൎണ്ണിക്കുന്നതാണു്. ഇതു ശുദ്ധസംസ്കൃതമയമാകുന്നു. അതുകൊണ്ടു നല്ല സംസ്കൃതപണ്ഡിതന്മാൎക്കല്ലാതെ അതിന്റെ സാരസ്യം അനുഭവിപ്പാൻ പ്രയാസമാണു്. അതു ബാണഭട്ടന്റെ കാദംബരീഗ്രന്ഥത്തിൽ ചന്ദ്രാപീഡ രാജകുമാരൻ മഹാശ്വേതയേയും കാദംബരിയേയും കാണുന്ന ഘട്ടങ്ങളിലുള്ള ഗദ്യങ്ങളെ അതിശയിക്കുന്നു എന്നു പറയുന്നതിൽ യാതൊരതിശയോക്തിയുടെയും സ്പൎശമില്ല.

ഉദ്യാനപ്രവേശം പ്രബന്ധത്തിൽ ഒന്നാം ഗദ്യം രാവണൻ സീതയെ വശീകരിപ്പാനായിട്ട് അശോകോദ്യാനത്തിലേക്കു യാത്ര പുറപ്പെടുന്ന സമയം ഉണ്ടായ ചന്ദ്രോദയത്തെ പ്രിയാവിരഹാതുരന്മാരായവൎക്കു കാമോദ്ദീപകമാകുംവണ്ണം വൎണ്ണിക്കുന്നതാകുന്നു. 'പ്രാചീരമണിവദനംപോലെ, രജനീയോഷാമുകുരംപോലെ, ഐന്ദ്രീകനകത്തോട കണക്കെ, മദനപ്പെണ്ണിൻ താലി കണക്കെ, സുരതഗുരോരെഴുമാവണംപോലെ, മന്മഥവരവിലെതിൎത്തു പിടിക്കും വെൺമുത്തുക്കുട തന്നെപ്പോലെ, മന്ദം മന്ദം പോന്നുദിയായ ശശാങ്കഃ' എന്നാരംഭിക്കുന്നു. അതു വായിച്ചാൽ ജിതേന്ദ്രിയന്മാരല്ലാത്ത ഏതു യുവാക്കന്മാൎക്കും മാന്മഥബാധ ഉദ്ദീപിക്കാതിരിക്കുന്നതല്ല. പിന്നത്തെ ഗദ്യം അഴകിയ രാവണന്റെ ഉദ്യാനത്തിലേക്കുള്ള എഴുന്നള്ളത്തിന്റെ വട്ടങ്ങളെ വൎണ്ണിക്കുന്നു. അതിൽ ത്രൈലോക്യവിജയിയായ രാക്ഷസചക്രവൎത്തി സമ്പാദിച്ചുവെച്ചിരിക്കുന്ന അപൂൎവ്വങ്ങളായ സംഭോഗസംഭാരങ്ങളുടെ സമൃദ്ധി മുഴുവൻ കവി, വായനക്കാരുടെ മുമ്പിൽ നിരത്തിവെയ്ക്കുന്നതിൽ കാണിച്ചിരിക്കുന്ന കല്പനാവൈഭവം, അരസികന്മാരെയുംകൂടി രസപ്രവാഹത്തിൽ നീന്തിക്കളിപ്പിക്കുന്നതാണ്. സാമദാനഭേദങ്ങളെക്കൊണ്ടും സീതാവശീകരണം അശക്യമാണെന്നു കണ്ടപ്പോൾ വിടമകുടമണിയായ രാവണൻ അഭിമാനം കൈവെടിഞ്ഞു്, 'കഴൽപ്പല്ലവം കൈതൊഴാം തമ്പിരാട്ടി! കുളുൎക്കെച്ചിരിച്ചൊന്നു നോക്കീട്ട്' എന്നിങ്ങിനെ കെഞ്ചിക്കേണ് അപേക്ഷിക്കു

ന്നതാണ് കട്ടക്കത്തെ ഗദ്യം. ഇതിൽനിന്നു തന്റെ ഒ ൻപതു തലകളെയും താൻ തന്നെ അറുത്തു ഹോമിച്ച സാക്ഷാൽ ത്രിപുരാന്തകനെ പ്രസാദിപ്പിച്ച വരം വാങ്ങുകയും, അഷ്ടദിൿപാലന്മാരെയും ജയിച്ചു കീഴടക്കുകയും, കൈലാസപൎവ്വതം പൊക്കിയെടുത്ത് അമ്മാനമാടുകയും ചെയ്ത ത്രൈലോക്യവീരനായ രാവണന്, ആത്മസംയമനവും ഇന്ദ്രിയനിഗ്രഹവും ചെയ്വാൻ സാധിക്കാതിരുന്നതിനാൽ അതുനിമിത്തം മേൽ വരുവാൻപോകുന്ന 'സൎവ്വവിനാശം' എന്ന അവസ്ഥയെ വാക്കുകളെക്കൊണ്ടു പറയാതെ തന്നെ നമ്മുടെ ചമ്പൂകൎത്താവു ലോകത്തെ പഠിപ്പിക്കുന്നു.

ഭാഷാകവികുഞ്ജരന്മാരുടെ ജന്മശത്രുവായ ഉദ്ദണ്ഡകേസരിയുടെ മദഗൎജ്ജിതം മുഴുവൻ ഒരു ശ്ലോകത്തിലെ 'വചഃ പ്രസരം' കൊണ്ടു തന്നെ കളഞ്ഞ് അദ്ദേഹത്തിനു 'പുളകോദ്ഗമം' ഉണ്ടാക്കിയ പുനത്തിന്റെ പദ്യനിൎമ്മാണപാടവത്തെ പ്രകടിക്കാനൊരുങ്ങുന്നതാണെങ്കിൽ ഓരോ പ്രബന്ധത്തിലെയും പകുതിയിലധികം ഭാഗം ഇതിൽ പകൎത്തേണ്ടിവരും. അങ്ങിനെ ചെയ്യുന്നതു 'കാണാൻപോണ പൂരം പറഞ്ഞുകേൾക്കുന്നതുപോലെ' വായനക്കാൎക്ക് ചൎവ്വിതചൎവ്വണത്തിനിടവരുത്തുന്നതാകയാൽ വൈരസ്യജനകമായിത്തീരുന്നതാണെന്നു വിചാരിച്ചു അധികം വിസ്തരിക്കുന്നില്ല.

൧. രാവണോത്ഭവത്തിൽ തപസ്സിനാരംഭിക്കുന്ന രാവണന്റെ സങ്കല്പം.

ഗൌരീ സൌഭാഗ്യരാശേ! ജയജയ തൊഴുതേ-
നമ്പിലെൻ തമ്പിരാനേ!
നേരേവന്നിങ്ങു തൃക്കാലിണയിലടിമപ്പൂ-
ക്കിടുമസ്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊടു കരയേ-
റ്റി പ്രഭോ! കാംക്ഷിതാർത്ഥ-
പ്പേരാം വാരാകരത്തിൻ മറുകരയിലണ-
ക്കേണമേ! ഭക്തബന്ധോ!

സ്വർഗ്ഗംഗാ ബാലചന്ദ്രാങ്കിത പുരിചിടയും
തീപ്പൊരിപ്പോരു മൂന്നാം-
തൃക്കണ്ണും ഭോഗിവർകുണ്ഡലവുമരിയകാ-
കോളവും കണ്ഠനാളേ
അഗ്രേ തൃക്കൈകൾ നാലും കമലഭവശിരോ-
മാലയും മാറിലയ്യാ
മുഖ്യാഭോഗം പുലിത്തോലുടയുമിഹ പുല-
മ്പേണമേ തമ്പിരാനേ!

വാമാലങ്കാരി വാമാംഗവുമണികുഴലും
ദേവദൈത്യാവതംസം
മമ്മാ തൃക്കൈകളിൽ തങ്ങിന വരമഭയം
മാൻകിശോരം കുഠാരം
വാർമേവും പന്നഗേന്ദ്രാഭരണമമല ഭ-
സ്മാംഗരാഗാഭിരാമം
പൂമെയ്യും പൂർണ്ണശോഭം മമ മനസി പുല-
മ്പേണമേ തമ്പിരാനേ!

ഇപ്രകാരം ധ്യാനിച്ച പ്രാൎത്ഥിച്ച പലവിധ യോഗ ചൎയ്യകളോടുകൂടി മഹായോഗികൾക്കും സുദുഷ്കരമായ തപസ്സു വളരെക്കാലം ചെയ്തിട്ടും പരമശിവൻ പ്രത്യക്ഷനാവാഞ്ഞതിനാൽ തൻെറ തലയറുത്തു ഹോമിക്കുവാനാരംഭിക്കുന്ന രാവണൻെറ തൽക്കാലസ്ഥിതിയെ വൎണ്ണിക്കുന്നു:—

വേണീബന്ധാൻ വലിച്ചങ്ങുദിതരസമിടം
　　കൈകൾകൊണ്ടാത്തമൂൎദ്ധ്-
ശ്രേണിം നേരാക്കി ദീപ്താസിഭിരിനിയ വലം
　　കൈത്തലൈരത്യുദാരം
താനേ തൻ കണ്ഠകാണ്ഡപ്രഹരണസമയേ
　　കൈവളൎത്തു വിശേഷി-
നച്ചാന്ദം പത്തു വക്ത്രങ്ങളുമിരുപതു ഹ-
　　സ്തങ്ങളും വീരമൌലേഃ.

പ്രൌഢാത്മാ കണ്ഠവാടിം ത്രുടിതംഗലനസിരാ-
　　ബന്ധമാസ്കന്ധമൂലം
പാടേ ഛേക്കുംവിധൌ വിസ്മയമഴകിതു ദ-
　　ക്ഷാരിയേ സാക്ഷിയുള്ള
വാടീലമ്മന്ദഹാസം, നതിഭണിതികൾ തേ-
　　ടീലഹോ ഗൽഗദത്വം
കോടീലച്ചില്ലിപോലും വദനദശകമേ-
　　കൈകമാസിൽ പ്രസന്നം.

ഇതിലെ രസസ്ഫൂത്തി നോക്കുക. അതിൽ തന്നെ നാല്പത്തൊന്നു മുതൽ നാല്പത്തെട്ടുവരെ പദ്യങ്ങളിൽ മിക്കതും കുമാരസംഭവം മുതലായ ഇതരഗ്രന്ഥങ്ങളിലെ ശ്ലോകങ്ങളുടെ വിശദതരമായ തർജ്ജമയാകുന്നു. അതിനുമേൽ രാവണോപദ്രവത്താൽ 'ഭയപരവശരായങ്ങുമിങ്ങും കിടക്കുന്ന ഇന്ദ്രാദികൾ 'വിധിഗിരിശന്മാരൊടുംകൂടി' സാക്ഷാൽ മഹാവിഷ്ണുവിനോടു സങ്കടമുണത്തിക്കുവാനായി പാലാഴിതിരത്തണഞ്ഞപ്പോൾ,

ചക്രപാണിതിരുമാറിൽ വാണ തുളസീസു-
  ഗന്ധഭരവും മഹാ-
ലക്ഷ്മിതൻ കുളുർമുലയ്ക്കണിഞ്ഞ മൃഗനാഭി-
  സൌരഭവുമാവഹൻ.
മുഗ്ദ്ധപാല്ക്കടൽതരംഗമാലയിലിറങ്ങി
  വന്ന മൃദു മാരുതൻ
തൽക്ഷണേന സുഖയാഞ്ചകാര സുരപുംഗ-
  വാനസുരപീഡിതാൻ.

എന്നു വണ്ണിച്ചിരിക്കുന്നതു് "ആനന്ദയാമാസദിവൌകസസ്താ—നാഘ്രാതശേഷോമുനിമണ്ഡലേന" എന്നിത്യാദിയായ ശ്രീകൃഷ്ണവിലാസകാവ്യശ്ലോകത്തിന്റെ അനുകരണമാണെങ്കിലും എത്ര ഹൃദയംഗമമായിരിക്കുന്നു?

ആരാൽ കാണായിതപ്പോളമരപരിഷദാ-
  മാത്തിയെച്ചെന്നു കാണും
നേരം തന്നേ ശമിപ്പിച്ചരുളുമൊരു മഹാ
  പ്രാഭവത്തിൻ നിധാനം

പാരിരേഴ്ം ഭരിപ്പാൻ പുരികലതികയാ-
ക്ഷീണദീക്ഷം കനക്കം
കാരുണ്യത്തിന്നധീനേ ക്ഷണമഭിമത ക-
ല്പദ്രുമം പത്മനാഭം.

എന്നിത്യാദി പദ്യങ്ങളിൽ സ്ഫുരിക്കുന്ന മഹാവിഷ്ണുവിൻെറ മാഹാത്മ്യാതിശയം സാധാരണ കവികൾക്കു വാഗ്വിഷയമാകുന്നതാണോ?

വ. വിഷ്ണുനാഭിഷേകം പ്രബന്ധത്തിൽ മൂന്നുമുതൽ ഇരുപത്തുനാലുവരെ പദ്യങ്ങൾകൊണ്ടു വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്ന നവോഢാസംഭോഗവർണ്ണനം, കുമാരസംഭവം എട്ടാംസർഗ്ഗത്തെ പദംപ്രതി അനുകരിച്ചിരിക്കുന്നു എന്നു പറയുന്നതിനെക്കാൾ അതിശയിച്ചിരിക്കുന്നു എന്നു പറയുന്നതായിരിക്കും അധികം ഉചിതമെന്നു തോന്നുന്നു. അതിൽ സാഹിത്യശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നായികാവസ്ഥകളെയും, വാത്സ്യായനതന്ത്രോക്തങ്ങളായ രതിശിക്ഷാരീതികളെയും സ്പഷ്ടമായി ഉദാഹരിക്കത്തക്കവണ്ണം പണ്ഡിതനായ കവി അനേകം പദ്യങ്ങളെ നിബന്ധിച്ചിട്ടുണ്ട്. എന്നാൽ കേരളീയകവികളിൽ ചിലർ ചെയ്യാറുള്ളതുപോലെ ആഭാസവും അസഭ്യവുമായ രതിവർണ്ണനത്തിൻെറ നിഴൽപോലും അതിൽ കാണ്മാനിടവരുത്തിട്ടുമില്ല.

ഇത്ഥമഞ്ചിതസുഖാനി മററുമയമക്ക-
വംശമണിപീഠവി-
ന്യസ്തമൌക്തികവതംസരത്നമതിനി-
സ്തുലാന്യനുബഭൂവിവാൻ

ഇത്രിലോകവലയൈകസുന്ദരിയൊടങ്ങു
സീതയൊടു ചേൎന്നുകൊ-
ണ്ടുടൻതെളിഞ്ഞു നിജ രാജധാനിയിൽ മണംക-
ലൎന്നു ശുശ്രുഭേതരാം.

അങ്ങനെ അവർ സുഖമായിരിക്കുന്ന കാലത്തു വൃദ്ധനായ ദശരഥമഹാരാജാവു രാമനെ യുവരാജാവായി അഭിഷേകം ചെയ്വാൻ നിശ്ചയിച്ചു വട്ടംകൂട്ടി. അപ്പോൾ മന്ഥരാദൂഷിതാശയയായ കൈകേയി സ്വവശഗനും വൃദ്ധനുമായ ഭൎത്താവിനെ നിൎബ്ബന്ധിച്ചു് അഭിഷേകം മുടക്കി രാമാദികളെ വനവാസത്തിനയയ്ക്കുന്ന സമയത്തു് അയോദ്ധ്യാവാസികൾക്കുണ്ടായ ശോകപാരവശ്യത്തെ കവി വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

തൽക്ഷണേന നിജ മാതൃദത്തമഴകോടു
വല്ക്കലയുഗം മുദാ
ലക്ഷ്മണാഗ്രജനുദഗ്രസത്വനിധി ചാൎത്തി-
നോരു സമയാന്തരേ
കൈക്കെനിളെ മുറകൊണ്ടയോദ്ധ്യമുഴുവൻ മു-
ഴങ്ങിയിതു, വാക്കുകൊ-
ണ്ടുകഥാം ബത പുകഴ്ത്തുമാദികവയേ
നമോടസ്തു കഠിനാത്മനേ.

*   *   *   *

ദുഃഖംപൊറാഞ്ഞഥ വസിഷ്ഠമുനീന്ദ്രനപ്പോൾ
തൃക്കണ്ണടച്ചിതുടനശ്രുഝരിപരീതം

അക്കോല്പ്പതാൻ മഹിതരാമശശാങ്കതത്വ-
മുൾക്കൊണ്ടു കാണ്മതിന്റെ കാരണമായ് ചമഞ്ഞു.

ഇങ്ങനെ ‘കാനനയാത്ര മുതിൎന്നദശായാം പരമപതിവ്രതജനകതനൂജാ വേണുന്നവരൊടു യാത്ര പറ’യുന്നതിനെ വിവരിക്കുന്ന രണ്ടു സംസ്കൃതശ്ലോകങ്ങൾ ശാകുന്തളം നാലാമങ്കത്തിൽ ശകുന്തളയുടെ യാത്രാപ്രസ്താവം മുഴുവൻ വായനക്കാരെ അനുസ്മരിപ്പിക്കുന്നതാകുന്നു.

രാമാദികൾ ഗംഗ കടന്നു വനപ്രദേശത്തിലെത്തുമ്പോൾ അവരെ കാണ്മാൻ വരുന്ന ശബരതരുണിമാരുടെ ഛായയെ കവി ഒരു ശ്ലോകത്തിൽ എടുത്തു വച്ചിരിക്കുന്നതു് എത്ര നിപുണനായ ചിത്രകാരനെയും വിസ്മയിപ്പിക്കുന്നതാണു്. ഇതു “വ്യോമഗ്രാഹ്യസ്തനീഭിഃ ശബരയുവതിഭിഃ കൌതുകോദഞ്ചദക്ഷം കൃച്ഛ്രാദന്വീയമാനഃ” എന്ന രാമായണചമ്പൂകാരന്റെ കുറിപ്പിനെ വലുതാക്കി എഴുതിയതാണെങ്കിലും എത്ര മനോഹരമായിരിക്കുന്നു.

ചേണേലും നൽപ്രവാളാംശുകമതിശിഥിലം
    താങ്ങിയുംകൊണ്ടു പീന-
ശ്രോണീഭാരാദരാകമ്പിതകുചവിലും-
    ന്മഞ്ജുഗുഞ്ജാകലാപാഃ
സാനന്ദം വന്നൊരോരോ ശബരതരുണിമാർ
    കൂട്ടമിട്ടാസ്വദിച്ചാ-
രേനം ഭൂലോകചന്ദ്രം കുതുകവിലസിതേ
    കണ്ണിൽവച്ചൊട്ടുനേരം.

19603
~~45845~~

അതിനുശേഷം പഥികസ്ത്രീകൾ സീതയോടു ചെയ്യുന്ന സംഭാഷണങ്ങളും ഉപദേശങ്ങളും, സ്ത്രീകളുടെ സ്വഭാവത്തെ എത്ര ഹൃദയംഗമമാക്കിപ്പറഞ്ഞിരിക്കുന്നുവെന്നു അനുഭവരസികന്മാൎക്കു മാത്രമേ അറിഞ്ഞുകൂടൂ.

൩. സുഗ്രീവസഖ്യം പ്രബന്ധത്തിൽ ലക്ഷ്മണനാൽ വിരൂപിതയായ ശൂൎപ്പണഖ, ഖരവധാനന്തരം—'നിശാചരനഗരി ഗോപുരമാൎഗ്ഗേ ചെന്നൊന്നലറിച്ചെറുതുകലുക്കി ത്രിദശമഹാരിപു നിശിചരപെരുമാൾ ശൌൎയ്യക്കട്ടു ദശഗ്രീവൻ താൻ തെളിവിലിരിക്കും മണിമയരംഗാങ്കണഭുവി ഗത്വാ മൂക്കും മുലയും പ്രാഭൃതമാക്കി'—രാവണനോടു പഴിച്ചു പറയുന്ന രണ്ടു ശ്ലോകങ്ങൾ നോക്കുക:—

സംഫുല്ലാഭോഗ! വല്ലേൻ പറവതിനിഹ ഞാൻ
  പെട്ടപാടിന്നിനിക്കി-
പ്പെൺചെങ്ങാതിക്കു പാൎക്കും പൊഴുതിലൊരുടയോർ
  പാരിലില്ലെന്നു വന്നു
ഡംഭം കാട്ടിബ്ഭവാനോ ദശമുഖ! മണിസിം-
  ഹാസനേ ചേൎന്നു മീശ-
ക്കൊമ്പും മെല്ലെത്തിരുത്തി പ്രഭുജളനറിയു-
  ന്നീലൊരൊരോ വിശേഷാൻ.

ഉള്ളിൽ കിഞ്ചന നാണമില്ലയി ഭവാ-
  നേതാദൃശീം പശ്യമാം
തള്ളിത്തള്ളിവരുന്ന ശോണിതഝരി-
  സമ്പൂൎണ്ണനാസാദരീം

കൊള്ളിക്കോ പുനരിന്നി നിൻ പടയുമൊ-
　　ട്ടൈശപര്യവും ശൌര്യവും
വെള്ളിക്കുന്നു പറിച്ചെടുത്തു പുകൾകൊ-
　　ണ്ടീടും പ്രഭാവങ്ങളും.

അതിനു രാവണന്റെ മറുപടി:—

പോരും പോരായ്മ വന്നെന്നൊടു പരുഷമുണ-
　　ർത്തുന്നതാർ ചെയ്തതിപ്പോ-
രീരേഴിങ്കൽ കലന്നുള്ളവരിലൊരുവനി-
　　പ്പാപകർമ്മം ദുരാത്മാ.
നേരേ ചൊല്ലിന്നുതന്നേ പകരമതിനുവി-
　　ണ്ടീടുവാൻ ചന്ദ്രഹാസം
പോരായുന്നല്ലി തൈരാവതകരടഭിദാ-
　　പാടവോന്മേഷശാലി

ദേവേന്ദ്രൻ താനിതെങ്കിൽ കഥയ കഥയ പൌ-
　　ലോമിയെച്ചെന്നടിച്ചു-
പ്പൂവാർമൽക്കൊങ്കയും നാസികയുമരിവനൊ-
　　ന്നേറയും ചെയ്വനിന്നേ.

മോഹാലിന്നമ്മൊടേററിത്തൊഴിൽ　തടവിയതി-
　　നഗ്നിതാനെങ്കിലോ തൽ-
സ്വാഹാദേവിപ്രസംഗം ജഗതി വടുവരു-
　　ത്തിടുവൻ ശുദ്ധശുദ്ധം"

കാലനിന്നിതു പിണച്ചതെങ്കിലോ
ശൂലമേററവനുരസ്ഥലാന്തരേ

ബാലനെന്നോട്ട പടസ്സൂണഞ്ഞ നാൾ
ചീളിപ്പെട്ടതു മറന്നുപോയിതോ?
വാസ്സൂന്നപുഷ്പകവിമാനവരം നമുക്കി-
ങ്ങാസ്സൊണ്ടമൂലമിളകിടിന വൈരശാലി,
സൌഖ്യം കെട്ടത്തതൊരു വൈശ്രവണോടയ
(മെങ്കിൽ
ഭൈക്ഷ്യം പിടിസ്സുമവനിന്നിയടങ്ങുമോ നാം?

ഇങ്ങനെ രാവണൻെറ ആത്മപ്രശംസാപൂർവ്വമായ പ്ര
തിജ്ഞ കേട്ടപ്പോൾ ശൂപ്പ്ണഖ പറയുന്നു.

കേട്ടാലും പുനരെങ്കിൽ നീ തവ ഗിരാ
ലോകേഷു കണ്ടാലുടൻ
കേട്ടാലും താമായ കാന്തനെ വരി-
പ്പാൻ ഞാൻ നടക്കും വിധൌ
ആഢ്യൌ ബാണധനുദ്ധരൌ കൊടവനേ
കണ്ടിടിനേൻ പൂരുഷ-
ശ്രേഷ്ഠൌ കൌചന രാമലക്ഷ്മണതയാ
ദേധാ സ്ഥിതൌ മന്മഥൌ.

ത്രൈലോക്യത്തിലൊരോതരം തരുണരെ
ക്കണ്ടേനൊരുത്തനുമേ
മാലാറിപ്പതിനുള്ള ഭംഗിതികയെ
ക്കണ്ടീല കൊണ്ടില ഞാൻ,
തൌ ലോകോത്തരകാന്തികന്ദളമിള-
ന്നേത്രോത്സവൌ കണ്ടുടൻ

ചേലേന്തുന്ന നിലാവിലിന്ദുശിലപോ
ലേ ചെററലിഞ്ഞീടിനോൻ
വിണ്ണോരല്ല, മുനീന്ദ്രരല്ല, ദനുജ-
ന്മാരല്ല, യക്ഷൌഘമ-
ല്ലന്യേ കിന്നരനാഗകിമ്പുരുഷസി-
ദ്ധന്മാരുമല്ലാരുമേ
അന്യായം മയി ചെയ്യതൊട്ടുമനുക-
മ്പാശൂന്യചിത്തസ്ഥയോ-
രുന്നമ്രദ്യുതി ലക്ഷ്മണൻ കരതലേ
പോർവാളുമാലോളയൻ.

ധന്യാ തയോരരികിലുണ്ടിരുൾ കൊണ്ടൽമധ്യേ
മിന്നുന്ന മിന്നലൊടു നേരിടുമംഗരേഖാ,
തന്വംഗി കാഞ്ചന വിലോചനവിഭ്രമശ്രീ-
സന്നാഹവഞ്ചിതജഗത്രയധൈര്യസാരാ.
പൂവിൽപ്പെണ്ണിനുമില്ല താദൃശമഹോ
ലാവണ്യമെല്ലാരുമ-
ദ്ദേവസ്ത്രീകളവൾക്കു താലിപിഴിവാൻ
പോലും തരം പോരുമോ?
വേർ വാച്ചീടിന വിസ്മയംഗജനുമോ-
നഞ്ചമ്പുമായന്തികേ
കാവൽക്കാരനസൌ തദീയകൃപയാ
വെല്ലുന്നിതുവീതലം.
നിർമ്മര്യാദങ്ങളമ്മാണികളിരുവരുമായ്-
ച്ചെയ്യതെല്ലാം പൊറുക്കാം

കമ്മം പോഞ്ഞീടിലോ ചെററതിനു പകരവും
വീണ്ടുകൊള്ളാമൊരുന്നാൾ.

ധമ്മില്ലംകൊണ്ടു മെല്ലെപ്പിഹിതവദന,മ-
ഞ്ചോ തദാനീം ചിരിച്ചാ-
ളുമ്മല്ലാർവേണി, ചൊല്ലാമിതു മനസിപൊറാ-
യുന്നിതെല്ലായിലും മേ.

"കയ്യൂക്കിൻ വായ്പുകൊണ്ടാകുലിതഗിരിവരോ
രാവണോ നാമ ധീമാൻ
പൊയ്യല്ലെങ്ങൾക്കിതിന്നുണ്ടുരപെറുമടയോ"—
രെന്നു ഞാൻ ചൊന്നനേരം.

"കെയ്യൻ താൻ വന്നെതിക്കിൽചെറുമനെവിരവിൽ
പ്പൂഴികപ്പിപ്പ"നെന്നായ്.
കയ്യുംകൊട്ടിച്ചിരിച്ചാനനുജ, നതു പൊറാ-
യുന്നിതെല്ലായിലും മേ.

രച്ചുകൊള്ളുമഭിമാനിയെങ്കിൽ നീ
തച്ചുകൊന്നു തരികന്നരാധമെ൯.
ഇച്ഛയുണ്ടു മമ തിന്മതിന്നിളം-
പച്ചമാംസമനയോരനാദരം.
കണ്ടിവെന്നകുഴലാളെ നീ ബലാൽ
കൊണ്ടുപോന്നു കളയേണമഞ്ജസാ.
ഇണ്ടൽ തീരുവതുമല്ല, കണ്ണുനീർ
കണ്ടൊഴിഞ്ഞു മമ തന്മുഖാംബുജേ.

ഇങ്ങനെ സോദരിപ്രേരിതനായ രാവണൻ സീതാ

ഹരണത്തിനുള്ള ഉപായം ആലോചിച്ച്, മാരീചൻെറ അടുക്കൽ ചെന്നു തൻെറ ആഗമനപ്രയോജനം പറഞ്ഞ പ്പോൾ മാരീചൻ പറഞ്ഞമറുപടി കേട്ടു, രജനീചരപരി വൃഢൻ.

"കോപം കലൎന്നിട ചുവന്നു മറിഞ്ഞനേത്ര-
വ്യാപാരവേപിതചരാചര"മാകുംവണ്ണം പറയുന്ന താണിതു്.

എന്തേ ഭോഷാ! മനുഷ്യപ്പുഴുവിനെ നിതരാം
പേടിയുണ്ടോ ഭവാനൊ-
ട്ടിന്നില്ലൈശ്വൎയ്യം നടിച്ചീടിന നിശിചരവം-
ശത്തിലല്ലേ പിറന്നു?
വിണ്ണോർ നാഥൻ തൊഴും നമ്മെയുമഴകിതു നീ
പിന്നെ നിന്നെക്കണക്കെ
ത്തന്നേ കല്പിച്ചു ജല്പിച്ചതു, ജളജനമൂ-
ൎദ്ധാഭിഷിക്തോസി പാർമേൽ.
ത്രൈലോക്യേ സൌരഭംകൊണ്ടുരപെരുകിന പി-
നാപദാനക്കലമ്പൻ-
മാലാജാലങ്ങൾ തൂക്കും നിശിചരപെരുമാൾ
ഞാനിരിക്കേ വിശങ്കം.
നീലാളിക്കുന്നതെന്തങ്ങൊരു മനുജശിശ്ശും
വാനരത്തിൻ കിശോരം
പോലേ പേടിച്ചു രാഷ്ട്രാദപി പിഴകി വനാ-
ന്തത്തെവന്നാശ്രയന്തം.
ഇങ്ങനെ മരീചരാവണന്മാരുടെ ഉക്തിപ്രത്യുക്തി

കൾ മുഴവൻ ഉദ്ധരിച്ച് ഈ പ്രസ്താവനയെത്തന്നെ ഒരു ചംബൂകാവ്യമാക്കുന്നില്ല; ഇനി ജടായുവും രാവണനും തമ്മിലുള്ള സംഭാഷണത്തിൽ ഇതിലും രസോദ്രിക്തങ്ങളായ പദ്യങ്ങൾ വളരെയുണ്ട്. ശ്രീരാമൻ മാരീചവധം കഴിഞ്ഞ് ആശ്രമത്തിൽ മടങ്ങി വന്നപ്പോൾ സീതയെ കാണാഞ്ഞു ശോകാതുരനായിട്ടു നേരെ കാണുന്ന പക്ഷിമൃഗാദികളോടും വൃക്ഷലതാദികളോടും സീതാവൃത്താന്തം ചോദിക്കുന്ന ഭാഗം ശോകരസം തുളുമ്പുന്ന ശ്ലോകങ്ങളെക്കൊണ്ടു വായനക്കാരെ കരയിക്കാതിരിക്കുന്നതല്ല. രാമലക്ഷ്മണന്മാർ ഇങ്ങനെ സീതാന്വേഷണം ചെയ്തു സഞ്ചരിക്കുമ്പോൾ "മൈഥിലീപക്ഷപാതം നിമിത്തം പക്ഷപാതം" സംഭവിച്ച് ആസന്നമൃത്യുവായിക്കിടക്കുന്ന ജടായുവിനെക്കണ്ടു സീതാവൃത്താന്തം അറിയുകയും ഭക്തവത്സലനായ ഭഗവാൻ "താനേ തൃക്കൈത്തലംകൊണ്ടണ്ണിച്ചിറകുതലോടിത്തലോടി"ക്കൊണ്ടിരിക്കവേ ആപ്പക്ഷിസാർവ്വഭൗമൻ "വാനോർ നാട്ടീന്നു താണീടിന കനകവിമാനം കരേറു"കയും ചെയ്യുന്നു. ആ അവസരത്തിൽ ജടായുവിനോടു ശ്രീരാമൻ പറയുന്നതായ ഒരു പദ്യമാണു താഴെ ചേക്കുന്നത്. അതിൻെറമൂലം ഒരു സംസ്കൃതപദ്യമാണ്. അതും ചമ്പൂകാരൻ ഉദ്ധരിച്ചിട്ടുണ്ട്. അതു രണ്ടും നോക്കിയാൽ ഈക്കവിയുടെ പരാവത്തനപാണ്ഡിത്യം സ്പഷ്ടമാകും.

മൂലം.

താത! ത്വം നിജതേജസൈവ ഗമിതഃ
സ്വർഗ്ഗം നനു സ്വാസ്ഥിതേ

ബ്രൂമസ്താവദിമാം വധൂഹൃതികഥാം
മാഭ്രാതുരഗ്രേ കൃഥാഃ
രാമോടഹം യദി കൈശ്ചിദേവ ദിവസൈ—
ര്വ്രീളാനമൽകന്ധരഃ
സാദ്ധം ബന്ധുജനൈശ്ച സേന്ദ്രവിജയീ
വക്താസ്വയം രാവണഃ.

ഭാഷാ

സ്വല്ലോകത്തിന്നു യാത്രാ സ്വയമുദയവതീ
താത! തേ സ്വസ്തി ഭൂയാൽ.
ചൊല്ലേണ്ടാ നീ വധൂടിഹൃതികഥ ജനക-
സ്യാന്തികേ ചെന്നിരുന്നാൽ.
ചൊല്ലാം ഞാൻ രാമനെങ്കിൽ കതിപയദിവസൈഃ
രാവണൻ വന്നു താനേ
ചൊല്ലും മന്ദാക്ഷശാലീ തലകളെ നമയ-
ന്നന്വിതോ ബന്ധുജാലൈഃ

൪ —അംഗുലീയാങ്കം പ്രബന്ധത്തിൻെറ ആരംഭം:—
സുഗ്രീവാ!കാണിതഗ്രേ ദിശിദിശിവളരു-
ന്നോരു കാർക്കാലഘോഷം
മൽകാന്താന്വേഷണത്തിന്നിതു ബത! വിഷമം
കാലമാലോകയേഥാഃ
കിഷ്കിന്ധായാമിരുന്നാവൊളമിതിനവധിം
പാൎക്കനീ ഞാനുമെന്നാ-
ലിക്കാലത്തെക്കഴിച്ചീടുവനിഹ മഹിതേ
മാല്യവാന്തനുപാന്തേ.

എന്നുള്ള നിശ്ചയത്തോടു കൂടിയാണ്. ഇതിൽ,

ഇത്ഥം നാനാപ്രകാരം വനഭുവികലിതോ-
  ന്മാദവേഗം പറഞ്ഞും
പ്രത്യക്ഷം കണ്ണുനീർവാർത്തുവശധൃതികര-
  ഞ്ഞും പിണഞ്ഞും വിമോഹം
മദ്ധ്യേ സൌമിത്രി ചെന്നങ്ങതിമൃദുവചനൈ-
  രാശ്വസിപ്പിച്ച മൂച്ഛ്രെ-
രുൽത്താപം പൂണ്ടുമയ്യോ രഘുവരവിരഹാ-
  തങ്കമെന്തൊന്നു ചൊൽവൂ.

എന്നുവരെയുള്ള ഭാഗത്തിൽ സീതാ വിരഹാതുരനായ രാമൻെറ അവസ്ഥയെ ഗദ്യപദ്യങ്ങളെക്കൊണ്ടു വണ്ണിച്ചിരിക്കുന്നതു 'വിക്രമോവ്വശിയം' നാലാമങ്കത്തിൻെറ പകപ്പുപോലെയാണെങ്കിലും സാരസ്യംകൊണ്ടു വളരെ പുതുക്കിയിരിക്കുന്നു. അതു കഴിഞ്ഞിട്ടു 'സേതുബന്ധം' എന്ന കാവ്യത്തിൽ നിന്നെടുത്തുചേത്തിരിക്കുന്ന മൂന്നു പ്രാകൃതപദ്യങ്ങളെക്കൊണ്ടും,

തെളിഞ്ഞൂ ദിക്പാളീ സരസിക-
  ളിലംഭോരുഹകുലം
വിരിഞ്ഞൂ പൂന്തേനിൽ കൊതിയോടു-
  മലഞ്ഞൂ മധുകരം,
കുറഞ്ഞു മേഘച്ഛാത്ത്ധിഗഗ-
  നമേററം തെളിമകൊ-
ണ്ടണിഞ്ഞൂ ചന്ദ്രാക്കൌ ശിവ ശിവ!
  ശരൽക്കാലമഹിമാ.

എന്ന ഒരു ഭാഷാശ്ലോകംകൊണ്ടും ശരദാഗമം വൎണ്ണിക്കു ന്നു. അനന്തരം സുഗ്രീവാജ്ഞാകരന്മാരായ 'ജാംബവദം ഗദഹനുമൽപ്രമുഖ'ന്മാരായ വാനരപുംഗവന്മാർ സീ താന്വേഷണം ചെയ്തു ദക്ഷിണസമുദ്രതീരത്തിൽ ചെന്നു, സമ്പാതിവാക്യത്താൽ അംഭോധിമദ്ധ്യത്തിലുള്ള ലങ്കാന ഗരിയിലാണു സീതാവാസമെന്നറിഞ്ഞു സമുദ്രലംഘനം ചെയ്വാൻ സമുദ്യുക്തന്മാരായ സമയം അവരിൽ ആരും അതിനു ശക്തന്മാരല്ലെന്നു കണ്ടു്, പൂൎവ്വകഥാപ്രസംഗത്തു ഭേണ—

കൊണ്ടാടിക്കൊണ്ടിവൎണ്ണം ബുധജനമകുടം
ജാംബവാൻ ചൊന്നവാചാ.
കുന്നാത്മതാപം കളഞ്ഞഞ്ചിതരുചി ഹനുമ-
ദ്വക്ത്രപത്മം ചകാശേ
പണ്ടേതിൽ പത്തിരട്ടിച്ചുദിതമൊരുബലാ-
ധിക്യ,മയ്യാ മഴക്കാർ
കൊണ്ടുണ്ടാം മൂടൽ നിങ്ങും പൊഴുതു പുകൾപെട്ടം
ഭാനുമാനെന്നപോലെ.
ഉത്സാഹം കൺമിഴിച്ചു, മുറുവലൊളിതുട
ൎന്നു, ഭുജാവിസ്തൃമുച്ചൈ-
രുത്ഥാനം ചെയ്തിതയ്യാ, വിനയമതിർകട-
ന്നാഭിരാമ്യം വളൎന്നു
ബുദ്ധ്യുന്മേഷം തഴച്ചു, ചെറുതുകളികളി-
പ്പാനൊരുമ്പെട്ടെഴുന്നു,
ചിത്രം ചിത്രം തദാനീം വിജിതഖഗവരം
വേഗസാരം തദീയം.

എന്നുള്ള ഹനൂമൽപ്രഭാവവൎണ്ണനയും, അതിനെ തു
ടൎന്നു്,

അഥജാംബവതോ വിനമ്യപാദൌ
തദനുജ്ഞാനവതംസിതോത്തമാംഗഃ.
സരിതാം കമിതുൎവ്വിലംഘനായ
ത്വരമാണാം മതിമാദധേ ഹനൂമാൻ.

കിഷ്കിന്ധായുവരാജനോടൊരു നിയോ
ഗം പൂണ്ടുടൻ നീലനോ_
ടഗ്രേ യാത്ര പറഞ്ഞു വാനരഗണം
നോക്കിച്ചിരിച്ചങ്ങിനെ.
രക്ഷോവംശദവാഗ്നി പിന്നെ ഹനുമാൻ
മഞ്ജാ മഹേന്ദ്രാചലേ
ലക്ഷ്മീവാനുദയാദ്രിമേൽ ദിനകരൻ
പോലേ കരേറിടിനാൻ.

ചാരു കൈതൊഴുതതന്ദ്രമഞ്ജനാ_
മാരുതൌ സപദി തൌ മഹാമനാഃ.
പാരിലുള്ള ജനമാശു കേൾക്കമാ_
റാരുവന്നിതി ജഗാദ മാരുതിഃ.

"രക്ഷോ നാഥേന നീതാം ജനകകുലശിഖാ_
മാലികാം കണ്ടുപോയ്ചെ_
ന്നഗ്രേ ശ്രീരാമദേവൻതിരുവടിയോടുണ_
ൎത്തിടുവാൻ തദ്വിശേഷം
ഉഗ്രാകാരം കടപ്പാനുദധിമിത തുട_
ങ്ങുന്നിതിഞ്ഞാൻ വിനമ്രെ

സുഗ്രീവാജ്ഞാവതംസപ്പൂതുമലർമണവും
ചേത്തുകൊണ്ടുത്തമാംഗേ.

ഇപ്രകാരം ഉച്ചത്തിൽ പ്രതിജ്ഞയും,

കോസലേന്ദ്രതനയാ സുവൎണ്ണലതമേല്യ-
ലാവിന പയോധര-
സ്ഫീതമഞ്ജരിയിൽനിന്നു പാൽമധുനുകൎന്നു
മത്തമധുപായിതം
വാസിതം ജനകനന്ദനാസ്തനവിലേപ
മേളനവശാന്മമ
പ്രാദുരസ്തു മതിദപ്പണോ മരണരോഗ
ഹാരിപര! മൌഷധം. (ദൈവതം)
കാതിടഞ്ഞ മിഴിതന്നിൽനിന്നു വഴിയുന്ന
സാന്ദ്രകരുണാമൃതാം-
ഭോധിതൻ നടുവിൽ വാങ്മയം മധുപമിണ്ണെ-
ഴം തിരുമുഖാംബുജം.
കാതലേറുമൊരു ധീരതാമണിനികേത
നം ദശരഥപ്രിയം
പ്രാദുരസ്തു മതിദപ്പണേ മരണരോഗ-
ഹാരിപരമൌഷധം.

ഇങ്ങനെ ഒരു പ്രാത്ഥനാസപ്തകവും കഴിച്ചിട്ടു, പ്ലവനക
മ്മത്തിൽ ഉദ്യുതനായ ഹനൂമാൻെറ അവസ്ഥയെ വൎണ്ണി
ക്കുന്നു.

ഇത്ഥം വാദി ഹനൂമാൻ മറുകര പിടിപെ-
ട്ടോരു ദൃഷ്ട്യാ നിതാന്തം
പൃഥ്വീമംഭോധിവേലാം ധൃതിനിധി സഹസാ
നീളെയൊന്നാലുലോകേ

അത്യന്തം നീലമേതന്മിഴിനിഴൽ വരുവാൻ
പാർത്തിരിക്കുന്ന സേതു-
പ്രസ്താവത്തിന്നുമുമ്പേ പൊലിമയൊടൊരുനൂ-
ലിട്ടപോലേ ചമഞ്ഞു.

കാണെക്കാണെ വളൎന്നിതക്കപിവൃഷാ
പശ്യൻ ദിശം ദക്ഷിണാം
ഭാനുമണ്ഡലമുദിച്ചവണ്ണമിളകീ
തസ്യാവലോകങ്ങളും.
മാനപ്രോത്ഭടമുന്നതം ഹനുമതോ
വാലാഗ്രലീലായിതം
മാനത്തമ്പെഴുമമ്പർവാപി തിരത-
ല്ലുംവണ്ണമാന്ദോളിതം.

ഗാഢം മുൻകൈ പതിച്ചങ്ങുദധി മറുകരെ
ച്ചാടുവാൻ മർക്കടാനാം
പ്രൌഢൻ താഴേപതിഞ്ഞമ്പൊടു ചുവടുമുറ-
ച്ചുന്നിനിന്നോരുനേരം
പാടേ താങ്ങീടവല്ലാഞ്ഞഗവുമവനിയും
ദിഗ്ഗജൌഘങ്ങളും വാർ-
ത്തേടും നാഗേന്ദ്രനും നൽക്കമഠപരിവൃഢൻ
താനുമൊന്നങ്ങമൎന്നു.

സമുദ്രലംഘനംചെയ്തു ഹനുമാൻ ലങ്കാനഗരിയു ടെ ഉത്തരഗോപുരത്തിലിറങ്ങി 'തനുകൃതതനു'വായി ട്ടു സൂൎയ്യാസ്തമയവും കാത്തിരിക്കുമ്പോൾ ഉണ്ടായ അ

ഡകാരത്തിൻെറ വ്യാപ്തിയേയും വഴിയേ സംഭവിച്ച ച ന്ദ്രോദയത്തേയും വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

കാളീകായകളായകാളിയകളി-
ന്ദാപത്യകസ്തൂരികാ-
കാന്താകുന്തളകാളികാകരിഘടാ
കാലാരി കണ്ഠോപമൈഃ
സാന്ദ്രൈഃ സന്തമസൈസ്സമം സമുദിതാ
സ്സന്ധ്യാവസാനേ തത
സ്താരാശ്ചാപി സമന്തതഃ സ്ഫുടതരം
ബഭ്രാജിരേടഭ്രാജിരേ.

അന്നേരം മന്ദമന്ദം വിമലകുളിർനിലാ-
വായ മാലേയപങ്ക-
സ്യന്ദം കൊണ്ടൊക്കെ മേളിച്ചൊരുതെളിമ ദിശാ
യോഷിതാമാദധാനം.
മിന്നും പ്രാചീവധൂടിക്കഴകിലുടനണി-
ഞ്ഞൊരു പൊന്താലിപോലേ
നന്നായ് മേളം കലരെന്നാന്ദവമുദയഗിരൌ
മണ്ഡലം പ്രാദുരാസീൽ.

ആസ്സമയത്തു ഹനുമാൻ,—

എന്നിവണ്ണം നടന്നങ്ങവിടെയവിടെയാ-
രാഞ്ഞുനോക്കും ദശായാം
മിന്നും പ്രത്യഗ്രരത്നദ്യുതികബളിതദി-
ങ്മണ്ഡലം കണ്ടുകാണ്ഡേ

ധന്യശ്രീ വിശപപങ്കേരുഹമുഴമതി ല-
ങ്കേശപരൻ താനിരിക്കും
പൊന്നിൻ പ്രാസാദമഗ്രേ തെളിവിനൊടു കരേ-
റിടിനാന്മൂഢധൈൎയ്യം.

ആരാഞ്ഞു മൈഥിലസുതാം ദശകണ്ഠഗേഹേ
ശ്രീരാമദൂതനഥ വന്ധ്യമനോരഥോടസൌ.
നേരേ നിരാകുലമിറങ്ങി ബഹുദ്രുമാഢ്യാ-
മാരാമഭൂമിമതിസൌരഭിണീം ജഗാഹേ.

രമ്യാം കാഞ്ചനകാഞ്ചനീമയമുപാ-
രൂഢോ മഹാശിംശപാം
തന്മൂലേ രഘുനാഥധൎമ്മഗൃഹിണീം
കണ്ടാനകുണ്ഠാദരം
ജന്മാതങ്കശമായ ചിദ്രസകലാം
സൌഷുമ്നമൂലേ പരാം
നിൎമ്മായാമൃതരൂപിണീം മുനിവരൻ
കാണുന്നപോലേ തദാ.

ഇനി അഞ്ചു ശ്ലോകംകൊണ്ടു സീതാദേവിയുടെ തല്ക്കാലാവസ്ഥയെ വൎണ്ണിക്കുന്നതുകൂടി ഇവിടെ പകൎത്തേണ്ടതാണെങ്കിലും വിസ്തരഭയത്താൽ അങ്ങനെ ചെയ്യുന്നില്ല.

൫. ഉദ്യാനപ്രവേശം. ഇതു് 'ആശ്ചൎയ്യചൂഡാമണി' നാടകത്തിൽ 'അശോകവനികാങ്കം' എന്ന അഞ്ചാമങ്ക

ത്തെ ചാക്യാന്മാർ അഭിനയിക്കുന്ന രീതിയിൽ വിസ്തരിച്ച് ഒരു പ്രബന്ധമാക്കിയിരിക്കുന്നതാണ്.

വൈദേഹിം നിറമാന്നശോകവനികാ-
മധ്യേ നിധായസ്മരോ-
ന്മാദീ രാക്ഷസചക്രവത്തി സഹസാ
സമ്പ്രാപ്യ ശയ്യാഗൃഹം
ജാതാനന്ദമണഞ്ഞഴിഞ്ഞനുസരി-
പ്പാനെന്തുപായം നമു-
ക്കേതേന്നം പുനരെന്നു സന്തതമസൌ
ചിന്തിച്ചിരുന്നീടിനാൻ.

എന്നാരംഭിച്ച്,

ലങ്കാധീശൻ തദാനീം പലപരിചു നിരൂ-
പിച്ചുകണ്ടദ്ധരാത്രേ
ശൃംഗാരക്കോപ്പു വാച്ചിച്ചിനിയ ജനകജാ-
സന്നിധൌ ചെന്നശങ്കം
സംഗംചേക്കുന്ന നാനാവിധമധുരവചോ-
വൈഭവൈരാശ്വസിപ്പി-
ച്ചംഗീകത്തവ്യമിന്നേ പുനരിതി സുദൃഢം
കല്പയാമാസ ഗൂഢം.

ഇങ്ങനെ നിശ്ചയിച്ചുറച്ച്, അതിനു വേണ്ടുന്ന ഒരുക്കങ്ങളോടുകൂടി പുറപ്പെട്ടു,

ആലോലാകൃതി രാക്ഷസാധിപതിതാൻ
ഗൂഢോദരേ ശിംശപാ-
മൂലേ ചെന്നു മനോഭവന്നു മനസാ
നേൎന്നാശു മാരോത്സവം.
നീലാംഭോദചയോപമോ വെറുനില-
ത്താമ്മാറുനിശ്ശങ്കമാ-
യോലക്കത്തിൽ വിദേഹരാജതനയാം
മുന്നിട്ടിരുന്നീടിനാൻ.

അപ്പോൾ—

സീതാ, നീലപ്പനംപൃക്കലയൊടെതിരിടും
കൈശികേ ഗാത്രവല്ലീ-
മാതാമ്രാംമൂടി പാടീടിന കരതളിർകൊ-
ണ്ടാനനം ഛാദയന്തി
നാഥം ചേതോഭിരാമം ദശരഥതനയം
ഭാവയന്തി വിഭിന്ന-
സ്വേദാർദ്രാകുഞ്ചിതാംഗി സഭയമുടനിരു-
ന്നീടിനാളുദ്ധഖേദം.

അന്നേരം ചുററുമുററായമരപുരചകോ-
രാക്ഷിമാരങ്ങുമിങ്ങും
നിന്നു കൺകൊണ്ടു സീതാമിടയിടെ വടിവോ-
ടാശ്വസിപ്പിച്ചു ദൂരേ

പൊന്നുംതളികാക്കിലാമ്മാറതിസുരഭിലമാ-
പൂശ്ശ താംബൂലമസ്യൈ
ഖിന്നാത്മാ'കാഴ്ചയുംവെച്ചസകലപദനി-
ഷ്യന്ദിനീം വാചമൂചേ.

ത്രൈലോക്യസുന്ദരി! മനോഭവവീരമാലേ!
നീലാരവിന്ദമിഴി! നിമ്മലഗാത്രരേഖേ!
ലീലാനിധേ! സുരതകൈരവ ചന്ദ്രികേ! നീ
മാലാശു തിത്തരുൾം വിദേഹസുതേ! മദീയം.

എന്നിത്യാദിയായി,

ദശഗ്രീവൻ ഭ്രാന്ത്യാ പലവഴി പറഞ്ഞോരളവഹോ
വശം കെട്ടത്യന്തം തരളമിഴി നിണ്ണീയമനസാ
കചാഗ്രൈരാച്ഛാദ്യ പ്രകൃതിമധുരം വക്ത്രകമലം
വചോ മന്ദം മന്ദം ജനകതനയാ വ്യാഹരദിദം.

നിനക്കു ജീവിക്കയിലുണ്ടൊരാശ
മനസ്സിലെങ്കിൽ കഴിവുണ്ടിദാനീം
അനത്ഥമില്ലെന്നെയെടുത്തു നേരേ
വനത്തിലാക്കി ത്തൊഴു രാമചന്ദ്രം

ചൊല്ലേണം നല്ലതെല്ലാരോടു മിനിവിരവോ-
ടെന്നെയും കൊണ്ടുമെല്ലെ
ച്ചെല്ലൂ വല്ലാഴ്മ ചൊല്ലൂ ചരണതളിരടു-
ത്താംപ്രകാരം വണങ്ങൂ
കല്യാണാവാസമപ്പോളയി മമ കമിതാ
രാമഭദ്രോ ദയാർദ്രൈ-

രുല്ലോലൈ ദൃഷ്ടിപാതെ രഭയമരുളുമി-
ല്ലേതുമേ സംശയം മേ

ഇങ്ങനെ സീതാവാക്യം കേട്ടപ്പോൾ രാവണൻ, ഭേദോപായം പ്രയോഗിക്കുന്നതു നോക്കുക:—

രാമൻ പാൎത്താൽ മനുഷ്യപ്പുഴു, രജനിചരാ-
ധീശ്വരൻ ഞാൻ, കൊടുങ്കാ-
ടാവാസസ്ഥാനമോൎത്താലവനാഴകിയല-
ങ്കാപുരി മാളുശാനാം.
സാമാന്യം തുയപൂമ്പട്ടുകളുടുപുടവ-
ച്ചാൎത്തു, വന്നങ്ങുടപ്പാൻ
പാർമേൽ പാരുഷ്യമേലും മരവുരി, ദയിതേ!
ഞങ്ങളിൽ കാൺകഭേദം
ശ്രീകൈലാസേ, സുമേരൌ, സുരമിഥുനമനോ-
നന്ദനേ നന്ദനേ, ഭൂ-
ലോകേ, പാതാളലോകങ്ങളി, ലുദയഗിരൌ,
ചന്ദനോദ്യാനമാൎഗ്ഗേ.
ആകാശേ, ദുഗ്ദ്ധസിന്ധൌ, ഹിമശിഖരിതടേ,
ഞാനുമാസ്ത്യേളി ചെയ്യാ-
മേകാന്തേ ഹന്ത കാന്തേ! രഘുതനയപിശാ-
ചെന്തു മിണ്ടാതെയെടോ നീ
നിത്യം നിത്യം പ്രഭാതേ സജലജലധര-
ധ്വാനഗംഭീരമോരോ
പുത്തൻ വാദിത്രഘോഷം രജനിചരവധൂ-
ഗീതിഭേദാനുയാതം.

മദ്ധ്യേ മദ്ധ്യേ മുഴങ്ങും ജയബിരുദമഹാ-
 ശംഖസംഘാതമന്ദ്രം
മുഗ്ദ്ധേ! പാർക്കേണമേ നീ ദശമുഖപദവീ-
 സൌരഭം ചാരുശീലേ!
പ്രത്യൂഷേ മുഖ്യമാമൻ പെരിയപരുവമേ-
 ലേറി ദാത്യൂഹസംഘം
ബദ്ധാമോദം ചിലയ്ക്കും പലതരമെരിവാ
 വാവിട്ടും ഘോരഘോരം.
മത്വാ ബാലാനരുമ്മും വലിയ ചിലമര-
 ന്മേർപ്പുലിക്കൂട്ടമയ്യാം
മുഗ്ദ്ധേ! ചിവീടഴയ്ക്കും ദശരഥതനയ-
 പ്രാഭവം നന്നൊരോരോന്നേ,,
മുങ്ങിപ്പൊങ്ങീട്ടമൈരാവതമദമലിനേ
 ദിവ്യ ഗംഗാപ്രവാഹേ
ഭംഗ്യാ സീതേ! കുളിക്കാ,മമരതരു തരും
 വാസസീ മാനനീയേ,
ശംഖധ്വാനാഭിരാമം ഗമന, മതിമനോ
 ഹാരി തേവാരലക്ഷ്മീ-
രംഗം മാണിക്യരത്നോ പലമയ, മമലേ!
 മാമകീനം പ്രഭാവം,,
കാട്ടാനച്ചൂർ കലന്നിടിന കലുഷജലേ
 പലചലേകട്ട്മാർദ്ദ്രേ

മാട്ടിന്മേൽനിന്നുരുണ്ടീടിടിനകരിനകപാ-
ലാകുലേ സ്നാനകേളി.

വാട്ടം തട്ടാതവസ്ത്രം മരവുരി, തുണക്കു-
ളിഗണം, വൻപിശാചിൻ

കൂട്ടം തേവാരിവൃന്ദം, ദശരഥതനയ-
പ്രാഭവം നന്നൊരോരോന്നേ,

ഉൺമാൻ കമ്രാംഗി! പൊന്നിൻതളികക,ളുപദം-
ശങ്ങളോരോന്നുമമ്മാ

രമ്യം പാനം പയോജപ്രതികൃതിവദനേ!
പത്തുമൂന്നൂറു ഭേദം.

പൊന്മാടത്തിന്നുമേലേ മണിനിലയിലിരി-
പ്പാലവട്ടം പിടിപ്പാൻ

പൊന്മാനേൽക്കണ്ണിമാരുണ്ടനവധി, സുഖമോ-
ത്തിട്ടസീതേ! തദാനീം.

കഷ്ടം കാട്ടാവണക്കിന്നിലയിലശന, മ-
പ്പുച്ച കോക്കാനിവരേറ-

ച്ചുട്ടിട്ടത്യന്തഹൃദ്യം കറി, ചെറുതകര-
ച്ചാറു പാനിയസാരം,

നഷ്ടാശങ്കം തരുണാം കരലിലുടനിരി-
പ്പ,ങ്ങുമിങ്ങും നരച്ചിൽ

വട്ടത്തിൽപ്പാഞ്ഞു വീയും, തവ സഹചരനോ
ത്തിട്ട സീതേ! വിശേഷം.

ഈ ശ്ലോകങ്ങളിലെ ഭാഷാരീതിയും കവിതാചാതുൎയ്യവും സഹൃദയന്മാൎക്കു ആസ്വാദ്യമായിരിക്കുമെന്നു വിചാരിച്ചു മാത്രമാണു് ഈ ഭാഗം ഇത്രത്തോളം നീട്ടി പിടിച്ചതു്. ഇനി, ഇപ്രകാരം കാമകിങ്കരനും ചപലനുമായ ആ രാക്ഷസചക്രവൎത്തിയുടെ ഭീഷണികൾക്കു്, ആകുലസ്ത്രീരത്നവും വീരപത്നിയുമായ ദേവി, അൎത്ഥഗംഭീരവും മിതാക്ഷരവുമായിട്ടു പറയുന്ന മറുവടിയും കൂടി ഇവിടെ കാണിച്ചു് ഈ ഭാഗം അവസാനിപ്പിക്കാം.

ഇത്ഥം നിശാചരപതേൎവ്വചനം നിശമ്യ
ക്രുദ്ധാ വിദേഹതനയാ വിദയം ബഭാഷേ.
"നക്തഞ്ചരാധിപ! ഫലം കിമു വാക്പ്രപഞ്ചൈ
രെത്തും നിനക്കിതു നിമിത്തമനൎത്ഥജാലം
ഓൎക്കേണം നീ നടേ നിൻകുലതിലകമയം
താടകാം, പിന്നെയുണ്ടോ-
ന്നോൎക്കേണ്ടൂ തത്തനൂജെ മുനിമഖമഥനൌ
തം വിരാധം കബന്ധം,
ആക്കം കോലും ഖരം, ദൂഷണ, മിതമൊടു മാ-
രീച, മെന്നായിദാനീം
നീക്കം ചെററില്ല നേരേ ദശരഥസുതനോ-
ടാരെതിൎക്കുന്നതോൎത്താൽ?
ഇരുപതു ചെവികൊണ്ടും മദ്ധ്യമാനാൎണ്ണവത്തോ-
ടുരപൊരുമൊരു ഘോഷം കേൾക്കുമാറുണ്ടശങ്കം.
തിറവിയ രഘുനാഥജ്യാനിനാദം തദാനി-
മറിവു മുഴവനുണ്ടാം നല്ലതും തീയതും തേ.

ഇങ്ങനെ പ്രസന്നഗംഭീരങ്ങളും പ്രൌഢോജ്ജ്വലങ്ങളുമായ ഗദ്യപദ്യങ്ങളെക്കൊണ്ടു സമ്പൂർണ്ണമായ ഭാഷാചമ്പൂഗ്രന്ഥങ്ങളിൽ അപരിചിതന്മാരായ ഭാഷാഭിമാനികളെ ഭാഷാസാഹിത്യവനിതയുടെ സൌന്ദര്യദർശനത്തിൽ അന്ധന്മാരെന്നുതന്നെ പറയേണ്ടതാകുന്നു.

തൃപ്പൂണിത്തുറെ ഈടുവയ്പു ഗ്രന്ഥശാലയിൽനിന്നു കിട്ടിയതും, ഇരുപതിലധികം ഭാഷാപ്രബന്ധങ്ങൾ അടങ്ങിയതും, വളരെപ്പഴക്കംചെന്നു ദ്രവിച്ചു തുടങ്ങിയതുമായ ഒരു താളിയോല ഗ്രന്ഥമാണ് ഇവയുടെ മാതൃക. അതിലെ കയ്യെഴുത്തിന്റെ അവ്യക്തതകൊണ്ടും ഏടുകളുടെ പഴക്കംകൊണ്ടും ലേഖകപ്രമാദംകൊണ്ടും ഇതിൽ അച്ചടിത്തെറ്റുകൊണ്ടും അവിടവിടെച്ചില അബദ്ധങ്ങൾവന്നിട്ടുള്ളതിനു വായനക്കാരോടു ക്ഷമായാചനം ചെയ്കയല്ലാതെ ഗത്യന്തരമില്ല.

സംസ്കൃതപണ്ഡിതന്മാരല്ലാത്ത സാധാരണ വായനക്കാർക്കു ഭാഷാകാഠിന്യം നിമിത്തം അർത്ഥം മനസ്സിലാവാൻ പ്രയാസമുള്ള ഭാഗങ്ങളിൽ ഓരോ ചുരുങ്ങിയ വ്യാഖ്യാനവുംകൂടി പുസ്തകങ്ങളുടെ ഒടുവിൽ കൊടുത്തിട്ടുണ്ട്. ആ വ്യാഖ്യാനമെഴുതുന്ന അവസരത്തിൽ പല ശ്ലോകങ്ങളുടെയും അർത്ഥത്തിൽ എനിക്കുണ്ടായ സന്ദേഹങ്ങളെ പരിഹരിച്ചു സഹായിച്ചുതന്ന സംസ്കൃതപണ്ഡിതർ ബ്രഹ്മശ്രീ പി. എസ്സ്. അനന്തനാരായണശാസ്ത്രികൾ അവർകളോടും, വ്യാഖ്യാനം എഴുതുവാൻ സഹകരിച്ച മലയാളപണ്ഡിതർ മ. രാ. രാ. പി. കൃഷ്ണൻ

എളയത്ത് അവർകളോടും, വിദ്വാൻ മ. രാ. രാ. ജി. ശ ങ്കരക്കുറുപ്പ് അവർകളോടും എനിക്കുള്ള ജ്ഞാനുബന്ധ ത്തെ കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊ ള്ളുന്നു.

ഈ കമ്മററിയിൽനിന്ന് ഇതുവരെ പ്രസിദ്ധപ്പെടു ത്തിട്ടുള്ള പലപ്പുസ്തകങ്ങളെയും, കമ്മിററിയുടെ നിർദ്ദേശം അനുസരിച്ച യഥാവസരം ഭംഗിയായി അച്ചടിച്ചു തന്നി ട്ടുള്ള 'മംഗളോദയം' അച്ചുകൂടം, 'രാമാനുജ'മുദ്രാലയം ഇവയുടെ ഭാരവാഹികളോട് ഈ കമ്മററിക്കുള്ള മൈ ത്രിയേയും ഈ അവസരത്തിൽ സാദരം പ്രകാശിപ്പി ക്കുന്നു.

ഭാഷാപരിഷ്കരണ
കമ്മിററി ആപ്പീസ്.
൧൧—൧൧—൧൧൦൯.

കെ. പരമേശ്വരമേനോൻ.
പണ്ഡിതർ.

# ശുദ്ധിപത്രം.

| ഭാഗം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 2 | 16 | വിദ്യ ,ജ്ജിഹ്വാ | വിദ്യുജ്ജിഹ്വാ |
| 5 | 2 | കചയോദ്ധ്മ്മില്ല | ദ്ധ്മ്മില്ലേ |
| 6 | 19 | രോഹിണ | രോഹിണി! |
| 7 | 2 | തൂവെണ്മത്തരി | തൂവെണ്മ, ത്തരി |
| 10 | 11 | മാതാമ്രാ മൂടി | മാതാമ്രാം മൂടി |
| 14 | 20 | പ്പാവം,വഗ്നി | പ്പാവം,നഗ്നി |
| 17 | 11 | താവഭിന്ദിന്ദിരോദ്യ- | താവദിന്ദിന്ദിരോ (ന്യ- |
| 18 | 13 | പിഴക്കടിനാൾ | പിഴക്കീടിനാൾ |
| ,, | 20 | ചതിച്ച | ചതിച്ചു |
| 20 | 12 | വിവരിനൊട്ട | വിരവിനൊട്ട |
| ,, | ,, | സകലമമതി | സകലമതി |
| 28 | 13 | വിരോധം | വിരാധം |

# രാമായണം

## ഭാഷാചമ്പൂപ്രബന്ധം.-

### ഉദ്യാനപ്രവേശം.

ഹരിഃ ശ്രീഗണപതയേ നമഃ.

---

വൈദേഹീം നിറമാന്നഃശോകവനികാ-
മദ്ധ്യേ നിധായ സ്മരോ-
ന്മാദീ രാക്ഷസചക്രവൎത്തി സഹസാ-
സംപ്രാപ്യ ശയ്യാഗൃഹം
ജാതാനന്ദമണഞ്ഞഴിഞ്ഞനുസരി-
പ്പാനെന്തുപായം നമു-
ക്കേതെന്നും പുനരെന്നു സന്തതമസൌ
ചിന്തിച്ചിരുന്നീടിനാൻ ൧
പൊൻകൊണ്ടാവതു ചെപ്പുയോ പുടവയോ
രത്നങ്ങളോ രാശിയോ
ഭംഗ്യാ നല്ല കലമ്പകനോ മണമുലാ-
വും നല്ല കസ്തൂരിയോ
ശൃംഗാരദ്രവശീതളാംബു നിറയും
ചെമ്പോമണിക്കാഞ്ചിയോ
സംഗം ചേൎപ്പതിനെന്തു നൽകുവതെടോ
സീതക്കു ജാതാദരം ൨
ലങ്കാധിശൻ തദാനീം പല പരിചു നിരു-
പിച്ചുകണ്ടൎദ്ധരാത്രേ

ശൃംഗാരക്കോപ്പു വാച്ചിപ്പിനിയ ജനകജാ-
സന്നിധൌ ചെന്നശങ്കം
സംഗം ചേൎന്ന നാനാവിധമധുരവചോ-
വൈഭവൈരാശ്വസിപ്പി-
ച്ചംഗീകൎത്തവ്യമിന്നേ പുനരിതി സുദൃഢം
കല്പയാമാസ ഗൂഢം ൩
അസ്മദ്വിക്രമചേഷ്ടിതാനി നിഖില-
ത്രൈലോക്യഘോലാജയ-
പ്രഖ്യാപീകൃതസുരാസുരാണി ബഹുശോ
ഭൂമേസ്സുതാ ശൃണ്വതി
പത്യൌ ദ്വേഷകഷായിതേന മനസാ
സ്നിഗ്ദ്ധാ മയി സ്ഥാസ്യതി
സ്ത്രീണാം പ്രേമ യദുത്തരോത്തരഗുണ-
ഗ്രാമസ്പൃഹാചഞ്ചലം ൪
വിദ്യുജ്ജിഹ്വാ! വിളിച്ചീടിഹ സകലകലാ-
സുന്ദരം ചന്ദ്രദേവം
മുഗ്ദ്ധം തൂവെണ്ണിലാവിൻനിറം മൊഴിവുവരു-
ത്തേണമസ്യാം നിശായാം
മുക്താമാണിക്യമാലാമഴകൊടു കൊടു നീ
ചാരുതാരാഗണാനാ-
മിത്ഥം മാനിച്ചൃതൂനാം ഗണമപി സവിധേ
വേണമസ്മാദൃശാനാം ൫
സാൎവ്വശ്യാം ഗൎവ്വഹീനം ചമക, ജനകജാ-
സന്നിധൌ ഞാൻ പുറപ്പെ-
ട്ടവ്യാക്ഷേപം നടക്കുംപൊഴുതു വഴി തെളി-
ച്ചീടുവാനഗ്രഭാഗേ

ഒവ്വാ മണ്ഡോദരിക്കെന്നതു മനസി കള-
ഞ്ഞെന്നെ രക്ഷിക്ക സീതാ
ചൊവ്വാപ്പൂന്തേൻ വഴഞ്ഞീടുകിലൊഴിയെ വരാ-
താനുമെന്നാലതാസ്സാം ന്യ
പാലൊത്തീടും നിലാവത്തഴകിനൊടു പുറ-
പ്പെട്ടു നിൽക്കും ദശായാം
താലിപ്പെണ്ണുങ്ങളയ്യായിരമൊരുതരമേ
വേണമഗ്രേ സവേലം
കോലത്താരമ്പനമ്പും തിരുകിയരികിലാ-
കേണമൻപോടു പൊന്നിൻ
താലത്തിൽ കൈവിളക്കിൻനിര നിരവധി വേ-
ണം കരേ കാമിനീനാം
പാടേണം പാൎശ്വഭാഗേ മധുരതരഗിരാ
നാരദൻതാൻ വിശേഷി-
ച്ചാടേണം മുമ്പിലാമ്മാറമരപുരചകോ-
രാക്ഷിമാരാത്തഗാനം
ഗ്ഗൂഢം ഭേദിച്ചു സീതാം വിരവൊടു വശമാ-
ക്കീടുവാനെന്തുപായം
ഗാഢം നാമിന്നു മറ്റും പലവഴി പെരുമാ-
റേണമിന്നും പ്രകാരം വൃ

ഇത്ഥം കല്പിച്ചെഴുന്നേറ്റളവുദയഗിരൌ
മെല്ലെമെല്ലെന്നുദിച്ചു
ചിത്താനന്ദം ജനാനാം തെളിവൊടു വളരും-
മറ്റു പീയൂഷധാമാ

പത്താ:രാന്ത ചൊരിഞ്ഞീടിന ഹിമകണികാ-
മാലയാ മെല്ലെ മെല്ലെ-
ന്നിത്രൈലോക്യം കുളുപ്പിച്ചനുപമപരമാ-
നന്ദസന്ദോഹദായീ ൻ

ഗദ്യം—പ്രാചീരമണീവദനം പോലേ രജനീയോ ഷാമുകുരം പോലേ ഐന്ദ്രീകനകത്തോട കണക്കെ മദനപ്പെണ്ണിൻ താലി കണക്കെ സുരതരുരോരെഴുമാവണ പോലെ മന്മഥവരവിലെതിർത്തുപിടിക്കും വെൺമുത്തുക്കുടതന്നെപ്പോലെ മന്ദം മന്ദം പൊന്നുദിയായ ശശാങ്കഃ; പീയൂഷത്തെളിതന്നിൽ വിളങ്ങും കപ്പൂരപ്പൊടി തൂകിനപോലേ ത്രൈലോക്യത്തിൻപുഞ്ചിരി പോലേ പാൽക്കടൽ പോന്നുവരുന്നകണക്കെ പാണ്ഡുരഭസ്മം ചിതറിനപോലെ വെൺകളിയെങ്ങും തേച്ചകണക്കെ മുത്തുകൽകൊണ്ടു വിതച്ചകണക്കെ കുളുർമയിൽ വളരും മധുരനിലാവിൻ പ്രഭ കണ്ടഖിലനിശാചരനിവഹം പ്രിയതമമാരോടു ചേന്നു കളിച്ചങ്ങഭിനവമധുപാനോത്സവമാന്നു മനോഭവതന്ത്രം പുതുമ പെരുത്തും പടകളി പലതരമാശു തുടന്നും നിലവിളിനിവിരെ നടത്തിയുമയ്യാ പലപല കേളിവിനോദമിയന്നും പരമാനന്ദപയോധിയിലാകെ നിമഗ്നമശേഷം.

കപോലേ മാജ്ജാരഃപയഇതികരാൻ ലേഢി ശശിന-
സ്തരുച്ഛിദ്രപ്രോതാൻ ബിസ ഇതി കരീ സംകലയതി
രതാന്തേ തല്പസ്ഥാൻ ഹരതി വനിതാപ്യംശുകമിതി
പ്രഭാമത്തശ്ചന്ദ്രോ ജഗദിദമഹോ വിഭ്രമയതി ൭൦

ചന്ദനചർച്ചാം കുചയോഃ കചയോർദ്ധമ്മില്ലമല്ലികാദാമ
ക്ഷൌമം നിതംബബിംബേ ചന്ദ്രകരാഃ ക്ഷാമമദ്ധ്യാനാം

ജ്യോത്സ്നാകന്ദളസാന്ദ്രചന്ദനരസ-
സ്ഥാസൈർദ്ദിശായോഷിതാം
കുർവ്വാണഃ പരികർമ്മ നർമ്മസചിവഃ
കന്ദർപ്പപൃത്ഥ്വീപതേഃ
നിദ്രാണാം പ്രതിബോധയൻ കുമുദിനീം
പീയൂഷധാരാളയാ
മൂർത്ത്യാ വിശ്വവിലോചനാനി സുഖയൻ
ദേവോ ബഭൌ ചന്ദ്രമാഃ ൧൨

മുന്നം പൌലോമിതൻ പേലവകരതളിരാൽ
മാനിതം നല്ല പുത്തൻ-
പൊന്നിൻകണ്ണാടി കയ്യ്ക്കൊണ്ടഴകൊടു തിരുമൽ-
ക്കാഴ്ച വെച്ചീടുവാൻ നീ
വന്നീടെൻപൂർണ്ണചന്ദ്രപ്രഥമമഹിഷി മേ-
ളം കലർന്നിങ്ങുപാന്തേ
ധന്യേ! സീതാപ്രസാദത്തിന്നു തുണ പെടുമാ-
റശ്വിനീ! വിശ്വരമ്യേ! ൧൩

മുഗ്ദ്ധ ഭർത്തൃനില്ലാസ്സരികിൽ വരികെടോ
ജാനകീദർശനേ നി-
യത്രേ മിത്രം നിരസ്താമയമതിന്നു തുണ-
ച്ചീടു മൽപാടിദാനീം
കൈത്താരിൽ ചേർത്തു മേന്മേൽ പെരിയ പരിമളം
പോസ്പുരന്നോരു പുത്തൻ-

കസ്തൂരികർദ്ദമപ്പൂമ്പരണി ഭരണിയാം
        മാനിനീമൌലിമാലേ ൧൪
വാർതേടും മല്ലികപ്പൂംപരിമളബഹളാം
        മാലികാം മാലിണങ്ങും
വൈദേഹീബാലനീലക്കുഴിമിഴിമുരികിൻ
        ചന്തത്തിനെ പ്രീണയന്തീം
ആമായാനന്ദവാപീസലിലലഹരികേ!
        പോരട്ടത്തിങ്ങു രാകാ-
ശീതാംശോരാകുലാലോകനമധുരസുധാ-
        വർത്തികേ കാർത്തികേ! നീ ൧൫
വാർത്താർവർണ്ണൻപടക്കൊട്ടിലിൽ മികവു പുക-
        ഴ്ക്കൊണ്ട പൂർണ്ണേന്ദു സാന്ദ്ര-
പ്രീത്യാ പേർത്തും പുണർന്നീടിന നിരുപമശൃം-
        ഗാരമംഗല്യരൂപേ!
ആസ്താം മാണിക്യമാലാ പുനരിയമയി നിൻ
        പാണിയിൽ പ്രാണനാഥാ-
ഗാത്രാലോകേ പുതുപ്രാഭൃതമിതു മദന-
        ദ്രോഹിണോ രോഹിണി മേ ൧൬
നീ ശൃംഗാരക്കുറിക്കൂട്ടട്ടെ മകയിരമേ!
        മംഗലാമോദപാഥോ-
രാശേരാലോലവീചീനിരയിലുലകിടം
        മുങ്ങുമാറങ്ങുപാന്ഥേ
ആശങ്കേ തിങ്കളല്ലോ കുലപതി ജനക-
        ന്നാകയാൽ നിങ്ങൾ വിത-
വ്യാജം ചെന്നും പറഞ്ഞീടുകിലിഹ രമതേ
        തൽസുതാ മത്സമീപേ ൧൭

തൂവെണ്മത്തരികൊണ്ടു തീർത്ത തുടർകൊ-
　　ണ്ടത്യുജ്ജ്വലം കൈത്തലേ
നീ മാണിക്യമണിക്കരണ്ടകമെടു-
　　ത്തുംകൊണ്ടഖണ്ഡാദരം
വാ വാ നിന്തിരിവാതുരേ മയി കൃപാ-
　　ലേശം കലൎന്നില്ലയോ?
മേവുന്നു തിരുവാതിരേ! ജനകജാ-
　　ലോകായ നാം പോകയോ? ൧൮

എന്നും നീ വേണമത്രേ നൃപസുതയെ വശ-
　　ത്താക്കുവാനേതു ചെയ്തും
ധന്യേ! കേൾ വല്ലവർക്കും വ്യസനദശയില-
　　ങ്ങില്ലയോ ബന്ധു വേണ്ടൂ?
എന്നാൽ വന്നെന്നുപാന്തേ വെളുവെളെ വിലസും
　　നല്ല താംബൂലചൂൎണ്ണം
പൊന്നിൻതമ്പ്രകെട്ടത്തീടിനിയ പുണർതമേ
　　ജാനകീദർശനേ നീ ൧൯

ചിത്രം ചേരും മണിക്കല്ലുകളുതരുപതി-
　　ച്ചിട്ടെഴും നല്ല പൊന്നിൻ-
പുത്തൻ കാളാഞ്ചി കയ്യോണ്ടമൃതകരമനോ-
　　രാജ്യസാമ്രാജ്യരേഖേ!
മുഗ്ദ്ധേ വന്നീടുപാന്തേ പുതുമയൊടയി സീ-
　　താവലോകേ തുണപ്പാൻ
പൊൽത്താർവാണോത്സവാഡംബരനവനവപീ-
　　യൂഷമേ പൂയമേ! നീ. ൨൦

ഗദ്യം — ഘരഘരഘോഷമശോകാരാമേ രാക്ഷസ നാഥൻ പോവാൻ തുനിയും നേരം പൃരേ വെങ്കററക്കുട വെഞ്ചാമരകൾ വിചിത്രപ്പെട്ടികൾ മണിപീഠങ്ങൾ മ ണിത്താലികളെന്നിത്തരമോരോ ഭേദം മണിമയശിബി കകൾ പള്ളിത്തണ്ടുകളാനകൾ കുതിരകൾ പല്ലക്കുകളും വെള്ളിക്കാളാഞ്ചികളും പല പല പൊന്നിൻകാളാഞ്ചി കളും കമ്പിളു, മിന്നുക്കുടയും ചന്ദ്രക്കുടയും ചമ്പകമാല ക്കുടയും കൊമ്പും പൊന്നിൻകാഹള, മമൃതവിരാവിണ്ണി പൊന്നിൻചിന്നം ചീനക്കുഴലും വീണകളോരോന്നൊരു വക നിരവേ വിബുധസ്ത്രീകൾ ചമഞ്ഞൊരുഭാഗേ വി ദ്യാധരികളടുത്തൊരുഭാഗേ കിന്നരരാക്ഷസനഗരീവേശ വിലാസിനിമാരുണ്ടഗ്രേ പാർത്താൽ പൊന്നിൻതളിക കൾ വെള്ളിത്തളികകളിത്തരമോരോ തളികയിൽ നി റയുള്ളുമ്പും ജ്വാല കലർന്ന വിചിത്രവിളക്കുകൾ സാഹ സ്രിക ദശസാഹസ്രിക ശതസാഹസ്രികകളുയർന്നവിള ക്കുകൾ അംബരദീപം ദീപസ്തംഭം മന്നർമനോഹരി വി ശവിലാസിനി സങ്കലദീപം ഭൃംഗവിരോധികൾ കർ പ്പൂരത്തിരി കസ്തൂരിത്തിരി കുങ്കുമവത്തികളിത്തരമിട്ടു പിടിച്ചീടും ചില പരിമളദീപം; വെള്ളിച്ചെല്ലകൾ പൊന്നിൻചെല്ലകൾ രത്നംകൊണ്ടു കടഞ്ഞ വിളക്കു കൾ വട്ടപ്പെട്ടികൾ ഭംഗികലർന്നൊരു ചെമ്പകമാല ക റിക്കൂട്ടോരോന്നോരോഭംഗ്യാ; മാനിനീമാദനം മദനസം മർദ്ദനം കാമഹല്ലോഹലം കാമകോലാഹലം കരണപ രിവേഷ്ടനം ദപ്പകഭ്രാമകം കാമുകാനന്ദനം പരയുവതി മോഹനം മററുമിത്യാദിഭേദേന നാനാവിധം; പരിമള

ധൂപം പലതരമയ്യോ പരിചിൽ കരധൃതവെഞ്ചാമരകളി
ളക്കംനേരം ഘുമുഘുമിന്നെന്ന വരുന്നൊരു സൌരഭമിടയി
ടയിൽ ചില പനിനീർക്കുപ്പികൾ വെട്ടിയുടച്ചു തളിച്ചു
കളിച്ചും ചവ്വാതാശു കൊട്ടത്തുകൊട്ടത്തും നല്ലകല
മ്പൻപെട്ടി തുറന്നും മുല്ലപ്പൂമണിമാലയെടുത്തും കസ്തൂ
രിക്കുളി പിഞ്ഞാണങ്ങളിലൊക്കെ നിറച്ചു വടിച്ചും തേ
ച്ചും പട്ടുകളോരോന്നേത്ര മനോഹരമരികേ മുന്നിൽ
പൊന്നിൻതളികകളിലോരോതരമാഭരണൌഘം കൈ
ശികമാലാ സീമന്തപ്പൂണി മരതകമാലാ രത്നത്തൊടുകു
റി മാല ചെവിപ്പൂ താടങ്കം മണികുണ്ഡലനിര കാഞ്ച
നകുസുമം നാസാമണി പുനരധരവിലേപനമിത്തരമോ
രോ നാളികര കമണ്ഡലാദ്യനിഹിതമസംഖ്യം പതനത്തട്ട
കൾ കതിനകൾ കട്ടിലൊരോരോതരമാസനശായിക
പൂമെത്തകളും പഞ്ഞിമെത്തകളും പനിനീർകലശം പ
ത്തുകരത്തിൽ ഫാണിതപിണ്ഡം പിണ്ഡാലക്തക മി
ള്ളലി സുഹൃയൻ മുന്തിരിങ്ങാപ്പഴ മിത്തരമാരോന്നോ
രോഭേദം.

ആലോലാകൃതി രാക്ഷസാധിപതി താൻ
ഗൂഢാദരേ ശിംശപാ-
മൂലേ ചെന്നു മനോഭവന്നു മനസാ
നേന്നാശു മാരോത്സവം
നീലാംഭോദ ച്ഛയോപമോ വെറുനില-
ത്താമ്മാറു നിശ്ശങ്കമാ-
യോലക്കത്തിൽ വിദേഹരാജതനയാം
മുന്നിട്ടിരുന്നീടിനാൻ.

മാപാപിപ്പൊണ്ണനെന്നെപ്പരിചൊടു പിലയാ-
ട്ടുണ്ടിതെന്നങ്ങു കല്പി-
ച്ചാപത്തിന്നാസ്സദന്നു ശിവ! ശിവ! രഘുനാ-
ഥൻ ധരിച്ചീടുകെല്ലാം
കോപാത്മാ കൊന്നതിന്നുണ്ടിവളെ വശതയി-
ല്ലാസ്സിലെന്നോ വിശേഷാൽ
താപംപൂണ്ടങ്ങിരുന്നാൾ കുലയുവതി തദാ
മൈഥിലീ മംഗലാംഗീ. ൨൨

സീതാനീലപ്പനംപൂക്കലയൊടെതിരിടും
കൈശികേ ഗാത്രവല്ലീ-
മാതാമ്രാ മൂടി വാടീടിന കരതളിർകൊ-
ണ്ടാനനം ഛാദയന്തീ
നാഥം ചേതോഭിരാമം ദശരഥതനയം
ഭാവയന്തീ വിഭിന്ന-
സ്വേദാർദ്രാകുഞ്ചിതാംഗീ സഭയമുടനിരു-
ന്നീടിനാളുദ്വേഗം. ൨൩

ആന്നേരം ചുററുമററായമരപുരചകോ-
രാക്ഷിമാരങ്ങുമിങ്ങും
നിന്നു കൺകൊണ്ടു സീതാമിടയിടവടിവോ-
ടാശ്വസിപ്പിച്ചു ദൂരേ
പൊന്നും തട്ടാക്കിലാമ്മാറതിസുരഭിലമാ-
പൂൎയ്യ താംബൂലമഗ്ര്യ
ഖിന്നാത്മാ കാഴ്ചയും വെച്ചസകലപദനി-
ഷ്യന്ദിനീം വാചമൂചേ. ൨൪

"ത്രൈലോക്യസുന്ദരി! മനോഭവവീരമാലേ!
നീലാരവിന്ദമിഴി! നിർമ്മലഗാത്രരേഖേ!
ലീലാനിധേ! സുരതകൈരവചന്ദ്രികേ! നീ
മാലാശു തീർത്തരുൾക വിദേഹസുതേ! മദീയം. ൨൩

നീയെന്തങ്ങോട്ടു നോക്കുന്നതു ജനകസുതേ!
രാവണൻ ഞാനിദാനീം
മായംകൂടാതവണ്ണം പലവക ധനവും
കൊണ്ടു കാണ്മാൻ വരുന്നു
പോയാലൊട്ടും പൊറുപ്പാൻ പണി തവ വിരഹേ
മാരതാപാതിരേകാൽ
കായക്ലേശം വരുത്താൻ്റയി മമ ഭുവനം
മൂന്നിനും തമ്പിരാൻ ഞാൻ. ൨൪

ഐശ്വര്യശാലി ദശകന്ധരനോമലേ! ഞാൻ
വിശ്വൈകരമ്യതനുവല്ലരി ജാനകീ നീ
വാച്ചോരു യൌവനമതിന്നിരുവർക്കുമൊക്കും
കച്ചാന്തു കൊങ്ക പുണർവാൻ തരികോമലേ! നീ.

ശൃംഗാരകോമളമനോഭവമന്ദിരം നീ
ഹുങ്കാരശൌര്യവിഭവോച്ചനികേതനം ഞാൻ
അംഗീകൃതാംഗനവ ഭംഗികൾ നമ്മിലൊക്കും
കച്ചാന്തു കൊങ്ക പുണർവാൻ തരികോമലേ നീ.

സാരസ്യകേളിമണിമംഗളമന്ദിരം നീ
വീരക്ഷിതീശ്വരശിഖാമണി ബാലികേ ഞാൻ
ചാരുത്വമെന്നതു നമുക്കിരുവർക്കുമൊക്കും
പാരിച്ച കൊങ്ക പുണർവാൻ തരികോമലേ നീ.

മൈത്തെരാവത കുംഭദ്ധം ഭഹര,മി-
ച്ചോർകൊങ്ക മൽക്കൈകളും
തടപൽ പൃണ്മതിനോത്തുകാൺകൊരുതരം
വന്നോറു ധന്യാംഗി നീ
ബദ്ധോന്മാദമെഴും കലാചലമിള-
ക്കും കൊങ്ക മൽക്കൈകളും
തട,ച്ചമൈഥിലി ദൈവയോഗ,മിതു ക-
ണ്ടതെന്നു നിർണ്ണീയതാം. ൩൦

ലക്ഷ്മീദേവിക്കു നാരായണ,നചലമകൾ
ക്കും,ഗജാരാതി മാര-
ന്നക്ഷീണശ്രീരതിപ്പെൺകൊടി, പെരിയ ശചീ-
ദേവി ദേവേന്ദ്രനോത്താൽ
ചൊൽക്കൊള്ളും വാണിമാതിന്നിനിയകമലജ-
ന്മാവു, ഞാനും നിനക്കെ-
ന്നിക്കാലം വന്നുതാകിൽ പെരിയൊരഴകുതാ-
സ്സന്നിതന്യോന്യയോഗം. ൩൧

സ്ത്രീവർഗ്ഗത്തിന്നു ദിവ്യാഭരണമിതബലാ-
മാലികേ! ദാസവൃത്യാ
സേവിപ്പു പോന്നൊരുത്തൻ പകലിരവലർവാ-
ണാർത്ത നായാത്തഖേദം
കോവിൽപണ്ടാര,മെന്നും വരികിലതിലുമൊ-
ട്ടേറെ നന്നെന്നു ബുദ്ധ്യാ
ഭാവിച്ചെന്നോടണഞ്ഞീടുകിലുചിതമടി-
ത്താർ തൊഴാം തമ്പിരാട്ടി! ൩൨

ഞാനും നീയുമണഞ്ഞതഴിഞ്ഞൊരുമുല്ല-
ത്തം പോലിരുന്നീടുകിൽ
കാണേണം തവ ഭാഗ്യ,മെന്തുപറയാ-
വല്ലേതുമോക്ഷംവിധൌ.

താനേ വന്നു സഹസ്രലോചനനഹോ
വാഴ്വും പുതല്പാസ്ഥയാ
നൂനം വീണു നമസ്കരിക്കമതുപോ-
രാതോ വധൂനാം പദം. ൩൩.

മൽപ്രാണേശ്വരി ദേവി പുഷ്പകവിമാ-
നത്തേലുടൻ നിന്നെ ഞാൻ
തല്പേ ചാരു കിടത്തി മുഗ്ദ്ധഹസിതം
വക്ത്രംമുകൎന്നന്തരാ

ശില്പം കോലിന വിശ്വകൎമ്മരചിതാ-
മാലോക്യ ലങ്കാപുരീ-
മെപ്പോൾ ഞാൻ മരുവുന്നിതന്നു ദയിതേ!
നിൻഭാഗ്യമോൎത്തീടു നീ. ൩൪

നൊണ്ടീ മുണ്ടനു, മുണ്ടീ പുനരഴകിയലും
നെട്ട,നാഴ്യോ തടിച്ചി-
സ്സുണ്ടാമല്ലോ തടാനിം മെലിയ,നിഹ മെലി-
ച്ചിക്കൊരോ പൊണ്ണനുണ്ടാം
കണ്ടാലാകാതവന്നുണ്ടൊരു തരുണി മഹാ-
സുന്ദരീ, സുന്ദരന്നോ
കണ്ടാലാകാത നാരീ പരിചിനൊടു വയോ-
വണ്ണമീവണ്ണമല്ലോ ൩൫

പുംസോ നൂറുവയസ്സു,വരിക്ക പതി-
നാറെങ്കിൽ പൊരുന്നോ നടേ-
തസ്യാ നൂറുവയസ്സു,വന്നു പതിനാ-
റെങ്കിൽ പ്രമാദം തുലോം
രാത്രൌ ചെന്നു രമിപ്പതിന്നു ജരാ-
മുത്ഥാപ്യ പോയമ്മിമേൽ
താംബൂലത്തെയരച്ചു മുക്കുടി കുടി-
പ്പിക്കും നരേഭ്യോ നമഃ. ൩൬

എന്നെല്ലാമല്ല നമ്മിൽ പുനരവയവകൊ-
ണ്ടാക്കമോരോരോഗങ്ങളെന്നൈല-
രെന്നെല്ലാർക്കും പ്രസിദ്ധം ജഗതി നിരുപമേ!
ദേവി വൈദേഹി ബാലേ!
എന്നാലീയോഗ,മേൽപ്പാൻ പണ്ണി പെരികെ-
മനോജ്ഞാംഗി നീ കാലമെന്നാ-
ലൊന്നല്ലാതേ കളഞ്ഞീടരുതു പുണരുവാ-
നേകു ലങ്കേശ്വരൻ ഞാൻ. ൩൭

ദേവാനാം വൃത്തിമാകണ്ണുന്ന മമ സവിധേ
തമ്പിരാൻ താനൊരാന-
പ്പാവം,വഹ്നിത്രയീ നൽച്ചെറുപഴയരി വാ-
ക്കേണം,മേണേക്ഷണേ മേ.
കാവൽക്കാക്കിക്കിടക്കുന്നിതു യമനെ നിരൃ-
ത്യാ സമം, പുഷ്പവാടീ-
വേവെല്ലാം പോക്കവേണം വരുണ,നചവനേ
വായു വീശീടവേണം. ൩൮

സീതേ കാൺ പൂർണ്ണചന്ദ്രം തെളിവിനൊടു വപു-
ഷ്മന്തമീവണ്ണമുണ്ടോ
നാഥേ രാമാന്തികേ പണ്ടൊരുദിനമതു ചൊ-
ല്ലോമലേ നീ യഥാർത്ഥം.
ജാതാനന്ദം കടക്കൺ മമ വപുഷി വഴ-
ങ്ങീടമന്ദസ്മിതത്തിൻ
മാധുര്യംകൊണ്ടടക്കീടയി സുമുഖി മലർ-
ച്ചെഞ്ചരച്ചൂടിദാനിം. ൩൯

പണ്ടാദ്യൌ രാമ, നമ്പോടയി ബത പഴവി-
ല്ലും ഞെരിച്ചാശു നിന്നെ-
ക്കൊണ്ടാടീടപ്പൊസ്സൂഴിഞ്ഞാനധികമരിശമാ-
യീ മനോരമ്യശീലേ!
വണ്ടാർവ്വേണി തക്കം പരിചൊടു പലനാൾ
പാർത്തിരുന്നേനിദാനീം
കണ്ടേനിത്രേട, മെന്നാലിനി മമ ശരണം
നിൻപദം തമ്പിരാട്ടീ. ൪൦

വക്ത്രാംഭോജം മറച്ചീടരുതു കരതലം-
കൊണ്ടു കണ്ടോർ പഴിക്കും
മുത്തേലും കൊങ്ക രണ്ടും കമനി തൊടുകിലോ
പേടിയാക്കോമലേ! നീ
പുത്തൻപൂന്തേൻ പൊഴിഞ്ഞീടിന മധുരഗിരാ
ചാരു മാം, മാശ ചസിപ്പി-
ച്ചുദ്യൽസ്നേഹം പുണർന്നീട, ഖിലചലദൃശാം
മൌലിമാണിക്യമാലേ! ൪൧

കററക്കാർക്കുന്തൽ നീക്കിത്തിരുമിഴിമുനകൊ-
ണ്ടൊന്നു നോക്കാഞ്ഞി,ലിപ്പോൾ
ചുററും നില്ക്കുന്ന മൈക്കണ്ണികൾ പഴി പറയും
നിൎണ്ണയം പുണ്യശീലേ!
മുററും നീയെന്തി മററിപ്പുതുമതുമൊഴിമാ,
രാരിവണ്ണം വെടിഞ്ഞോ-
ത്രാററത്തോടിത്രനാളും കുളികുറിയിടെ,ഴ-
ന്നില്ലേ പോകേം,മലേ നാം. ൪൨

ത്രൈലോക്യശ്രീ കുളിക്കും കുളിനിലമബലേ!
മാറിടം മാമകീനം
കേളസ്മിൻ കാമകോലാഹലവിരതിവിധൌ
വിശ്രമിക്കാ,മശങ്കം
മേലേ മേലേ വിശേഷം പലവുമനുഭവി-
പ്പിപ്പതിന്നോക്കിലെന്നെ-
പ്പോലേ മററാരിദാനീ,മുലകിൽ വിരുതെ,നി-
ക്കെന്നതോൎത്തീടെടോ നീ. ൪൩

ഒന്നുണ്ടോർക്കേണമിപ്പോളയി സുമുഖി വൃഥാ
രാവണൻ കൊന്നു പച്ചേ-
തിന്നും പോലെന്നു കണ്ടോർ പറയു,മതു കണ്ണ-
ക്കാക്കൊലാ വല്ലഭേ നീ.
എന്നും ബോധം വരാ ഞാൻ പറകിലതു നിന-
ക്കൊന്നു നോക്കീട്ടു മെല്ലെ-
ന്നോടൊന്നോക്കാമിച്ചിതല്ലോ വിചരതി വിബുധ-
സ്ത്രീജനം പാൎശ്വദേശേ. ൪൪

സ്വർഗ്ഗസ്ത്രീവർഗ്ഗമല്ലോ തവ വിളിപണി ചെ-
യ്യുന്നതെന്നെപ്പൊഴെന്നാൽ
മിക്കപ്പോഴും തലോടും ചരണസരസിജം
പൂർണ്ണപീയൂഷധാമാ
മൈക്കണ്ണാർമൌലി മണ്ഡോദരി കരകമലം
താങ്ങുവാനോർത്തുകാണും -
പൃക്കേ കാണാവിതോരോ രസസരണി മഹീ-
മാരമാണിക്യമാലേ!! ൪൪

യാവത്സ്യാൽ പത്മമാധ്വീ മധു ബഹുമനുതേ
താവദിന്ദിന്ദിരോദ്യ-
ദ്യാവൽ ജ്യോത്സ്നാപ്രപാതോ മരിചകിസലയം
ലേഢി താവച്ചകോരഃ
യാവന്നാളോംബുജാനാം ഭവതി മൃദുളോ-
ന്മൃത്തി താവന്മരാള-
സ്താവന്മണ്ഡോദരീ മേ സുതനു വിതനുഷേ
ദേവി യാവൽ പ്രസാദം. ൪൫

ഭജ മാമനവദ്യാംഗി! കാമാൽ കമലലോചനേ!
രംഭോരു മൃഗശാബാക്ഷി പൂർണ്ണചന്ദ്രനിഭാനനേ!. ൪൬

തവേദം പത്മപത്രാക്ഷം മുഖം ദൃഷ്ട്വാ മനോരമം
ഭ്രൂലതാലളിതം കാന്ത,മനംഗോ ബാധതേ ഭൃശം. ൪൭

രാജ്യാച്ച്യുതമസിദ്ധാർത്ഥം രാമം പരിമിതായുഷം
കൈർഗ്ഗുണൈ,രനുരക്താസി മൂഢേ പണ്ഡിതമാനിനം

അഗ്രേ കള്ളമഹാമുനിക്കു ചുമടും
കെട്ടിപ്പിരട്ടും പടി-
ച്ചുഗ്രാത്മാം വഴിമേൽ വധിച്ചു വിധവാം
വൃദ്ധാം കൃശാം താടകാം
ചൊൽക്കൊള്ളും കുറമ്പിക്കെതിർത്തു വിരുതും
കെട്ടിത്തിമിർത്തത്രയും
മുഷ്ക്കാലപ്പുഴവില്ലൊടിച്ചു പിടിപെ-
ട്ടാൻ നിനന്ന നിർവ്യാകുലം. ൧൦

ഹാ സ്യബ്രാഹ്മണനെത്തട്ടത്തഴകതായ്
പ്രാകിച്ചു, നത്ഥപ്പെട്ട-
ത്താത്താനന്ദമിരുന്നനേരമളിഷേ-
കാന്തേ പിഴക്കടിനാൾ
ഓർത്താലെത്ര വിചിത്രമന്നനുജനും
താനും പുറപ്പെട്ടുപോ-
യാത്ത്യാം കാട്ടകമേറി നീയുമവരും
കൂടിപ്പിടഞ്ഞീലയോ. ൧൧

ഭക്താപാ ശൂർപ്പണഖാ, മൊളിച്ചു മുലയും
മൂക്കും മുറിച്ചു രുഷാ
ത്യക്താമാം ഭവതീം ചതിച്ചുമറിമാൻ-
പിൻപേ നടന്നീടിനാൻ
ഉൾത്താപേന കിടന്നിഴഞ്ഞൊരു കര-
ങ്ങേച്ചെന്നു കാലും പിടി-
ച്ചോർത്തുംകൊണ്ടൊളിയമ്പു വിട്ടൊരുവനെ
ക്കൊന്നാനഹോ വിഷ്ണുവാൻ. ൧൨

ആശാപാശം മുറിക്കാമിനി രഘുതനയേ
  വീഴ്ക്കഹീനേ വധൂനാം
നാശത്തിന്നാദി പാഴ്കാമുകരൊടെതിർകട-
  ന്നുള്ള കേളീവിനോദം
നീചാനാം നീചനല്ലോ പുനരവനവനൌ
  ജന്മനിർഭാഗ്യനെങ്കിൽ
ക്ലേശിച്ചാലും വരാമോ പുനരിഹ ദയിതേ
  വിശ്വനാഥന്നു പോലും. ൩൨

കിടക്കും,ഭോനാഥൻ ഗിരിശിഖരകൂടേഷു നഗരീ
പടക്കൂട്ടം ഭീമം നിറമതിലതേകാദശവിധം
നടുത്തട്ടിന്മദ്ധ്യേ മണിമയവിമാനം ബഹുദളം
സ്ഫുടാഭോഗം തസ്മിൻ മമ കമനി സിംഹാസനവരം

ഉത്തരം കമനി പോരുമിന്നി മതി
യുണ്ടു പണ്ടു പലരുണ്ടു ചാ-
രിത്രമെന്നൊരടവോതി നിന്നതൊരു
മുൻപു തോന്നുമിതു യോഷിതാം
ചിത്തസംഭവതുരാൽ പിണങ്ങവർകൾ
തങ്ങളെ മതിമറന്നു വെ-
ൻമുത്തണിഞ്ഞ മുല മാറിൽ വെച്ചുപുണ-
രുന്നിതംബുജവിലോചനേ! ൩൩

ദണ്ഡകം—മുസ്ലൂന്നിമാർമകരി! നിശ്ശേഷ്ടതവം ത
രിക തസ്യോങ്കമൊട്ടു മമ സീതേ! മതി ഹൃദയനാഥേ!
മദനതുയിർ മീട്ടത മഴലമിഴി! മനസി മമ ശരണമിനി
വിരസമിതു മുറുവലരുൾ രജനിചരഭോതേ—ദുഃഖാധി

കം നിയതമിടക്കാല്പ സമ്പ്രതി കുളിക്ക,ന്നതിന്നൊരു പരോധം? ദുരിതമിതു ബോധം വരികിലതിപാപം, ദുരനുഭവമനുജസുതഗതഹൃദയവതി! വിഹര ദശമുഖനി തനുസരതി കലിതപരിബാധം—ധിക്കഷ്ടമില്ല പുനരിക്കണ്ട രാവണനറിഞ്ഞക്കാത പെണ്ണുലകിലാരേ? വിവിധ രസധാരേ! വിരുതതിരു പൂരേ വിഗതഭയ,മിളമുലക,ളുഴകൊട,രുളധരമധു വിതാ മമ മധുരമൊഴി യുവഹൃദയചോരേ—സൽക്കാരമല്ലയിവ ചിക്കനതേതുമിതു തയ്യെക്കയാണ പരമാത്ഥം, സുരയുവതിസാത്ഥം, പരിചരണ പാത്രം, കുളി,കുറിയിടെ,ഴനിൽ, നട, പിമ്പ, വിഹര, വിവരിനൊടു വിധിവിഹിതമനുസരതി സകലമമതി മാത്രം."

ദശഗ്രീവൻ ഭ്രാന്ത്യാ പലവഴി പറഞ്ഞോരളവഹോ വശംകെട്ടത്യന്തം തരളമിഴി നിന്നീയ മനസാ കചാഗ്രൈ,രാച്ഛാദ്യ പ്രകൃതിമധുരം വക്ത്രകമലം വചോ മന്ദം മന്ദം ജനകതനയാ വ്യാഹര,ദിദം ഒന്നു

"രാക്ഷസേശ്വര! നിനക്കു ഹിതം നീ
യോക്ക കഷ്ട,മിതരീവ വിശേഷാൽ
മാർഗ്ഗമായ് ചില പതിവ്രതമാരെ-
ക്കാല്ക്കലിട്ടു പിലയാട്ടുക യോഗ്യം. ഒ൭

ഭീമ രാക്ഷസജാതി നീ പുനരതിൽ
പോന്നുംപിറന്നിങ്ങിനേ
കാമഭ്രാന്തു പിടിച്ച മുവ്വുലകിലും
ഗത്വാ കുലസ്ത്രീകുലം

“സാമത്ഥ്യേന പിടിച്ചു പൂണ്ടഖിലമാ-
ട്ടികൊണ്ടു പോരുന്നതിൻ
പേർ മറെറാന്നിവിടം നശിക്കുമധുനാ
നിൎണ്ണീത,മോൎത്തീടെടോ. ൭൨

ദുൎവ്യാപാരങ്ങൾ നന്നല്ലൊരുപുരുഷനാരി-
ക്കാല്ലു,മെന്നാങ്ങറിഞ്ഞീ-
ടവ്യാജം നാഥനാകുന്നതു പിശിതഭുജാ-
മിന്നു നീയെങ്കിലും കേൾ
ഗൎവ്വിച്ചീടായ്ക നാട്ടും നഗരിയുമുയരെ-
ക്കണ്ടു രണ്ടന്നുകൊണ്ടേ
സൎവ്വം ഭസ്മീകരിപ്പാൻ ഖരരിപു പെരികെ-
പ്പോരുമെന്നോൎക്ക നൂനം. ൭൩

നിനക്കു ജീവിക്കയിലുണ്ടൊരാശ
മനസ്സിലെങ്കിൽ കഴിവുണ്ടിദാനീം
അനൎത്ഥമില്ലെന്നെയെടുത്തു നേരേ
വനത്തിലാക്കി ത്തൊഴ രാമചന്ദ്രം. ൭൪

ചൊല്ലേണം നല്ലതെല്ലാമൊട്ടു,മിനി വിരവോ-
ടെന്നെയുംകൊണ്ടു മെല്ലെ-
ച്ചെല്ലു വല്ലായ്മ ചൊല്ലു ചരണതളിരടു-
ത്താംപ്രകാരം വണങ്ങു
കല്യാണാവാസമപ്പോളയി മമ കമിതാ
രാമഭദ്രോ ദയാൎദ്രൈ-
രുല്ലോലൈ,ൎദൃഷ്ടിപാതൈ,രഭയമരുളു,മി-
ല്ലേതുമേ സംശയം മേ.” ൭൫

ഇത്ഥം വിദേഹതനയാവചനാവസാനേ
മത്തോ നിശാചരപതി,ർമ്മധുരം ബഭാഷേ
"മുഗ്ദ്ധേ പറഞ്ഞതു തുലോ മഴകുണ്ടു നമ്മോ-
ടൽക്ഷണം കമനി കേൾക്ക വചോ മദീയം.
രാമൻ പാർത്താൽ മനുഷ്യപ്പുഴു രജനിചരാ-
ധീശ്വരൻ ഞാൻ കൊടുങ്കാ-
ടാവാസസ്ഥാനമോർത്താലവ,നഴകിയ ല-
ങ്കാപുരീ മാദൃശാനാം
സാമാന്യംതൂയ പൂമ്പട്ടുകളുടുപുടവ-
ച്ചാർത്ത,വന്നങ്ങുടുപ്പാൻ
പാർമേൽ പൌരുഷ്യമേലും മരവുരി,ദയിതേ!
ഞങ്ങളിൽ കാൺക ഭേദം. ൩൭

കയ്യുണ്ടാലിംഗനത്തിന്നിരുപതു, വദനാ-
ച്ചുംബനത്തിന്നു മേളം
പെയ്യും വക്ത്രങ്ങൾ പത്ത,ഞ്ജനശിഖരിതടാ-
ഭോഗി ദോരന്തരാളം
ശയ്യാ മേ രാജഹംസച്ഛദരുചിരകുചതു-
പ്പിട്ട പത്തമ്പതെ,ണ്ണാ-
ലയ്യാ സിതേ! മനോമോഹനതനുലതികേ!
ഞങ്ങളിൽ കാൺക ഭേദം. ൩൮
ദ്ഗ്ലീലാസു സകൌതുകം യദി മന,
സ്തന്മേ ദൃശാം വിംശതി-
ന്നിസ്സന്ദേഹ പരിരംഭണേ രതിരഹോ
ദോർമ്മണ്ഡലി ദൃശ്യതാം

പ്രേമം ചേൽ പരിചുംബനേ ദശമുഖീ
വൈദേഹി സജ്ജാ പുരഃ
പൌലസ്ത്യസ്യ ച രാഘവസ്യ ച മഹൽ
പശ്യോപചാരാന്തരം. ൯൪

ശ്രീകൈലാസേ സുമേരൌ സുരമിഥുനമനോ
നന്ദനേ നന്ദനേ ഭൂ-
ലോകേ പാതാളലോകങ്ങളി,ലുദയഗിരൌ
ചന്ദനോദ്യാനമാർഗ്ഗേ
ആകാശേ ദുഗ്ദ്ധസിന്ധൌ ഹിമശിഖരിതട
ങ്ങാവരമാസ്ഥലീചര്യാ-
മേകാന്തേ ഹന്ത കാന്തേ! രഘുതനയപിശാ
ചെന്നു മിണ്ടൊല്ലേട്ടോ നീ. ൯൫

നിത്യം നിത്യം പ്രഭാതേ സജലജലധര-
ധ്വാനഗംഭീരമാരോ
ടൊത്തൻ വാദിത്രഘോഷം രജനിചരവധൂ-
ഗീതിഭേദാനുയാതം
മദ്ധ്യേ മദ്ധ്യേ മുഴങ്ങും ജയബിരുദമഹാ
ശംഖസംഘാതമന്ദ്രം
മുഗ്ദ്ധേ പാർക്കേണമേ നീ ദശമുഖപദവീ
സൌരഭം ചാരുശീലേ. ൯൬

പ്രത്യൂഷേ മൂളുമൂമൻ പെരിയ പരുവമേ-
ലേറി ദാത്യൂഹസംഘം
ബദ്ധോന്മാദം ചിലയ്ക്കും പലതരമെരിവാ-
വാവിട്ടും ഘോരഘോരം

മത്വാ ബാലാനുജന്മും വലിയ ചില മരം-
 പേർപുലിക്കൂട്ടമയ്യോ
മുശേഃ ചീവീടഴക്കും ദശരഥതനയൻ
 പ്രാഭവം നന്നൊരോന്നേ. ൮

മുങ്ങിപ്പൊങ്ങീട്ടമൈരാവതമദമലിനേ
 ദിവ്യഗംഗാപ്രവാഹേ
ഭംഗ്യാ സീതേ കളിക്കാമമമരതരുതരും
 വാസസി മാനനീയേ
ശംഖധ്വാനാഭിരാമം ഗമനമതിമനോ
 ഹാരി തേവാരലക്ഷ്മീ-
രംഗം മാണിക്യരത്നോപലമയ,മമലേ
 മാമകീനം പ്രഭാവം. ൯

കാട്ടാനച്ചൂർ കലന്നീടിന കലുഷജലേ
 പലപ്പലേ കർദ്ദമാർദ്രേ
മാട്ടിന്മേൽ നിന്നൊഴുങ്ങീടിന കഠിനകപാ-
 ലാകുലേ സ്നാനകേളി
വാട്ടം തട്ടാതവസ്ത്രം മരവുരി, തുണ കൂ-
 ളിഗണം, വൻപിശാചിൻ
കൂട്ടം തേവാരിവൃന്ദം, ദശരഥതനയൻ
 പ്രാഭവം നന്നൊരോന്നേ. ൧൦

ഉണ്മാൻ കമ്രാംഗി പൊന്നിൻതളികക,ളുവദം-
 ശങ്ങളോരോന്നുമമ്മാ
രമ്യം പാനം പയോജപ്രതികൃതിവദനേ
 പണ്ടുമുന്നൂറു ഭേദം

പൊന്മാടത്തിന്നു മേലേ മണിനിലയിലിരി-
    പ്പാലവട്ടം പിടിപ്പാൻ
പെണ്മാനേൽക്കണ്ണിമാരങ്ങനവധി സുഖമോ-
    ത്തീടു സീതേ തവാനം ൫

കഷ്ടം കാട്ടാവന്നക്കിന്നിലയിലശനം, മ-
    ല്പൂച്ച കോക്കാനിവറെറ-
ച്ചിട്ടിട്ടത്യന്തഹൃദ്യം കറി ചെറുതകര-
    ച്ചാറു പാഠീയസാരം
നഷ്ടാശങ്കം തൃണാം കരലിലുടനിരി-
    പ്പങ്ങുമിങ്ങും നരിച്ചീൽ
വട്ടത്തിൽ പാഞ്ഞു വീയും തവ സഹ വരനോ-
    ത്തീടു സീതേ വിശേഷം. ൬

ദശരഥതനയൻ നിനക്കു പോരാ
ദശമുഖനെന്നുലകിൽ പ്രസിദ്ധനീഞാൻ
ദിശി ദിശി വിളയുന്ന കീർത്തിതുല്യം
കുചതടമിങ്ങുകളിട്ടു പുൽകുവാൻ മേ. ൭

ഗദ്യം—വാഗ്ഗുണവതി നീയെന്തു കൺകൊണ്ടു നോക്കാത്തതയ്യോ തെളിഞ്ഞൊന്നു നോക്കേണമിപ്പോൾ മുതിൻമ്പൊടെൻ ചിത്തമാം വെണ്മതിഗ്രാവത്തു വെണ്ണിലാവേ! ഞ്ഞുടത്തൊരു ലാവണ്യമാംപാദചൂഡം തുളമ്പിക്കളിക്കും പ്രവാളാംഗരേഖേ! നിസർഗ്ഗപ്രസാദത്തെ മുന്നിട്ടു രാഗപ്രവാഹത്തിൽ മുങ്ങുന്ന ദൃഷ്ട്യാം മുദാ നോക്കിനീയെന്നെയിപ്പോൾ വെളുക്കെ ചിരിച്ചൊന്നു മിണ്ടാഞ്ഞില്ലുടനേ കളുങ്ങിന്നിതെൻമാനസം മന്മഥാർത്തം;

മമ സ്വാമിനി! സിന്ധ്വ മേ നെഞ്ചകം മഞ്ജുളാലാപമു
ദാമൃതംകൊണ്ടെടോ വ്യഗ്രിയാസ്സേത്തുമേ വേണ്ടതെല്ലാം
തരാം ഞാൻനിനക്കേ,ടലർച്ചെഞ്ചൊരാതങ്കവാനിങ്ങിനേ
വെന്തെരിഞ്ഞന്തരാ ഹന്ത ചാകേണമോ ദേവി! വൈ
ദേഹി! കേളെങ്ങിനേ ഞാൻ പൊറുപ്പൂ സദാ കണ്ടുകണ്ട
ങ്ങിരുന്നാൎ; കബരിയും കൊണ്ടലും കൈതൊഴും കററ
വാർക്കുന്തളും പഞ്ചമിച്ചന്ദ്രനോടൊത്ത തൂനെററിയും
മുഗ്ദ്ധമുഗ്ദ്ധം മുഖാംഭോജവും, മുത്തൊടൊക്കും നറുംപു
ഞ്ചിരിക്കൊഞ്ചൽവായ്പും, തുടുത്തൊരു ചെഞ്ചൊരിവാ
യും, മട്ടൊത്തുകമാലാപജാലങ്ങളും, മഞ്ജുളഭ്രൂതരംഗങ്ങളും,
മംഗലാലോകപാതങ്ങളും, കംബുബിംബങ്ങളും കൈ
തൊഴും കണ്ഠവും, കുംഭികുംഭങ്ങളും കമ്പിടുംകൊങ്കയും,
നന്നുണ്ണിക്കും തുടിക്കും നടക്കും വരും മദ്ധ്യവും, വമ്പലർ
ച്ചെഞ്ചൊരൻവൻപെഴും തേർത്തടം മുൻപു മൂളീടുചോരൽ
ക്കിടംതന്നെയും, ചെമ്പനസ്സും കനക്കേടുവാസ്സും തുട
ത്തൊരണംതന്നെയും; നിന്നെയും മാൽപെടുന്നെയും
ചിന്തയന്നന്തരാളേ നറുന്താർചരോന്മാദവേഗേന ഞാ
നെത്രയും ഖിന്നനെന്നങ്ങറിഞ്ഞീടെടോ കേൾ; ഭ്രമിക്കു
ന്നതെന്തിന്നു നീ രാമനെന്നുള്ളിലെന്നും നിനച്ചീടൊ
ലാ; രാക്ഷസാധിശപ്രേമമേ നല്ലതെന്നുള്ളിൽ മെല്ലെ
ന്നോർച്ചീടെ,ഴുന്നില്ലു നാം പോക ഗംഗാതരംഗേ കുളി
ക്കാട നല്ലൊന്നുടുത്തീടു നേക്കംഗരാഗം കലമ്പന്മനം
കൊണ്ടലംചെല്ലലമ്പും കുറിപ്പൊട്ടുകം നീ തുറന്നീടുകവേ
ന്ദ്രദത്തം മനോഹാരിചവ്വാതെടുത്തൊന്നു മെല്ലെ മുക
ർന്നിട്ടു ബാലാർക്കസങ്കാശമാകല്പജാലം വിശേഷാലണി

ഞ്ഞിട്ട് മണ്ഡോദരീഭൂഷണപ്പെട്ടി പെട്ടെന്നെടുത്താലു
മെൻപോററി നോക്കീട്ടു മന്ദസ്മിതം ചെറൂ കാണട്ടെ
ലോകത്രയത്തിന്നൊരാധിക്യമത്രെ നിനക്കിന്നേടം വ
ന്നതെന്നറിഞ്ഞാലു,മീകഷ്ടമിഷ്ടം നിനക്കേതു ഹാ ദേ
വി വേണുന്നതെന്നാൽ കഴൽപ്പല്ലവം കൈതൊഴാം
തംപിരാട്ടി; കുളൂക്കെ ച്ചിരിച്ചൊന്നു നോക്കീട്ടു, പോർ
കൊങ്ക തൊട്ടാലുമോ കാണത്സ്പൃഷ്ടി,ലീരാക്ഷസപ്പൊൻ
കിടാവാശു കാമാഗ്നിനാ വെന്തെരിഞ്ഞേ മരിക്കും ദൃ
ഢം പോററി വൈദേഹി! കേൾ മാരഭൂപാലവീരന്നു താ
നേനടക്കും ജഗജ്ജൈത്രപൊന്നിൻപതാകായമാനേ! മ
നുഷ്യപ്പുഴുപ്രൈവധനും രാക്ഷസാധീശ്വരൻതാനുമുള്ളോ
രു ഭേദം ധരിച്ചീലയോ പണ്ടു രാജ്യാഭിഷേകത്തിനാ
മ്മാറിരിക്കുന്നനേരത്തു പാഴ്ത്തുള്ള പിഞ്ഞെന്നു തള്ളിക്കള
ഞ്ഞൊരാനേരം കമിഴ്ന്നങ്ങു വീണമ്മുഞാൽച്ചിരട്ടശ്ശു
ചെറനമ്മുണ്ടായതും നീ ധരിച്ചീലയോ? പിന്നെയും
കേട്ടുകൊണ്ടാലു,മോരോതരം വിദ്യ,മകൈകേയീസൂനു
താൻ കാട്ടിലാമ്മാറകംപുക്കടൻ പല്ലു മുപ്പത്തിരണ്ടും ച
വുട്ടിക്കൊഴിപ്പാൻ തുടങ്ങുന്നനേരം ഭയപ്പെട്ടു തൽക്കാൽ
പിടിച്ചച്ചെരിപ്പും കൊടുത്തങ്ങയച്ചിട്ടതും നീ ധരിച്ചീ
ലയോ? പിന്നെ മറെറാന്നു ചൊല്ലാം വിനോദാന്തരം;
മാമകീ സോദരീ പോയ് ക്കൊടുങ്കാട്ടിലാമ്മാറു ചെല്ലുന്ന
നേരം കനിഷ്ഠൻ തനിക്കെന്നേ, നിക്കെന്നു ചേട്ടൻ ന
റുന്താർച്ചരഭ്രാന്തിപൂണ്ടിങ്ങിനേ തമ്മിലേറാം പിണങ്ങു
ന്നനേരം കനിഷ്ഠൻ തദാ കൊങ്കയുഗ്മം മുറിച്ചങ്ങു തൻ

പക്കലാമ്മാറു സംഗ്രഹ്യ മറോടമെപ്പ്രമേ ജ്യേഷ്ഠനാ
യ്ക്കൊണ്ടു ദേതാ സുഖിപ്പിച്ചതും നീ ധരിച്ചീലയോ പോ
രമിത്ത്യാദികൾ,മ്മൽപ്രഭാവങ്ങൾ ഞാനേ പറഞ്ഞാലതാ
കാ ധരിക്കാം നിനക്കും ക്ഷണാലിന്നുമെൻതമ്പിരാട്ടി"

ഇത്ഥം നിശാചരപതേ വ്വചനം നിശമ്യ
ക്രുദ്ധാ വിദേഹതനയാ വിദയം ബഭാഷേ
"നക്തഞ്ചരാധിപ! ഫലം കിമു വാക്പ്രപഞ്ചെ-
രെത്തും നിനക്കിതു നിമിത്തമനത്ഥജാലം. ൪൮

ഓർക്കേണം നീ നടേ നിൻകുലതിലകമയം
താടകാം പിന്നെയുണ്ടാ-
ന്നോർക്കേണം തത്തനൂജൌ മുനിമഖമഥനൌ
തം വിരോധം കബന്ധം
ആക്കം കോലും ഖരം, ദൂഷണ,മിതമൊടു മാ-
രീച,മെന്നാലിദാനീം
നീക്കം ചെററില്ല നേരേ ദശരഥസുതനോ-
ടാരെതിക്കുന്നതോർത്താൽ? ൪൯

ഇരുപതുചെവികൊണ്ടും മദ്ധ്യമാനാണ്ണവത്തോ-
ടൂരപൊരുമൊരു ഘോഷം കേൾക്കുമാറുണ്ടശങ്കം
തിറവിയ രഘുനാഥജ്ജ്യാനിനാദം തദാനീ-
മറിവു മുഴവനന്നാം നല്ലതും തീയതും തേ." എന്നു

സീത ചൊന്നതു നിശാചരനാഥൻ
ചേതസാ സകലമോർത്തതികോപാൽ
പ്രാതരാശമിവളാശു നമുക്കെ-
ന്നാദേ സുനിശിതം കരവാളും. ൫൦

ചട്ടററീട്ടം നിരാസോചിതമഴകിയു നി-
ന്നുദ്യമം ഞാൻ പൊറുപ്പേൻ
പുഷ്ടപ്രീത്യാ കലസ്ത്രീജനമുലകിലിരു-
ന്നീടുമാറാമൃദ്ധ്വശീഷം
വെട്ടത്രേ മാലയെക്കാളുയി മദ സുഖമി-
ന്നേതുമില്ലേ വിഷാദം
ദുഷ്ടാത്മൻ! നീ മുടിഞ്ഞായ് നിയതമിതി വദ-
ന്ദേ ധിയാ രാമചന്ദ്രം. വൃ

ഉരപെരുകിന പംക്തിഗ്രീവവാർത്താവിശേഷം
കരുണതരമൊരോരോന്നേ കണ്ടുകൊണ്ടുദ്ദശായാം
മരമരികിൽ മറഞ്ഞുംനിന്ന മണ്ഡോദരി സാ
വിരവൊടു പിടിപെട്ടാളുദ്യതം ചന്ദ്രഹാസം. ൯൮

എന്നേ!പൊണ്ണാ!പിറാന്തോ!പൊണപൊണെ വെറുതേ
ചീറിടപോലെ തടിച്ചി-
ക്കന്യാരത്നം കൊതിച്ചിട്ടുടനുയിർ കളയും-
മാറു തന്നേ തുനിഞ്ഞായ്
എന്നഞ്ജോദോഷ്യമേന്നേലിരുപതു കവിള-
ത്തും കുമച്ചാവതെല്ലാ-
മന്നേരം കൊണ്ടുപോയാൾ മന്നിയരയിൽ വെളി-
ച്ചത്തു നിന്നാകുലാംഗി. ൧൦

സത്യം വല്ലോക്കുമാപത്തുകൾ ഝടിതി വരു-
ന്നേരവും പങ്കജാക്ഷം
ഭക്ത്യാ വിശ്വാസ്യ ചിത്തേ കരുതുകിൽ നിയതം
ദൂരെ നീങ്ങീടുമല്ലോ
ഉദ്യാനേ രാവണൻതാൻ പ്രണയഹതിരുഷാ
കൊല്ലുവാൻ വാളുമായ-
ങ്ങെത്തുമ്പോൾ രാമഭദ്രം മനസി കരുതുമ-
ജ്ജാനകിയ്യെന്നപോലെ. ൮൧

ഉദ്യാനപ്രവേശം

പ്രബന്ധം

സമാപ്തം.

ശുഭം.

# ടിപ്പണം.

കവി, ഗ്രന്ഥാരംഭത്തിൽ വസ്തുനിർദ്ദേശരൂപമായ മംഗളത്തെ ചെയ്യുന്നു.

൧. സ്മരോന്മാദീ അസൌ രാക്ഷസചക്രവൎത്തി=കാമഭ്രാന്തനായ ഈ രാക്ഷസരാജാവു് (രാവണൻ) വൈദേഹീം=വിദേഹരാജപുത്രിയെ (സീതയെ); നിരമാൎന്ന=ഭംഗിയുള്ള; അശോക......മദ്ധ്യേ=അശോകോദ്യാനത്തിന്റെ മദ്ധ്യത്തിൽ; നിധായ=വച്ചിട്ടു്; സഹസാ=പെട്ടന്നു്; ശയ്യാഗൃഹം സമ്പ്രാപ്യ=കിടപ്പറയിൽ ചെന്നിട്ടു്; ജാതാനന്ദം അണഞ്ഞു്=സന്തോഷത്തോടുകൂടി അടുത്തു ചെന്നു് (സീതയെ) അഴിഞ്ഞു്=മനോധൈൎയ്യം വിട്ടു്; അനുസരിപ്പാൻ=വശപ്പെടുത്തുവാൻ; സന്തതം=എപ്പോഴും; ചിന്തിച്ചു് ഇരുന്നീടിനാൻ.

ഇനി ഒരു പദ്യംകൊണ്ടു രാവണന്റെ ഉപായചിന്തയെ വിവരിക്കുന്നു.

൨. രാശി=പണം; കലമ്പൻ=പൂമാല; മണം ഉലാവും=സുഗന്ധം വീശുന്ന; ശൃംഗാര......അംബു=ശൃംഗാരപോഷകങ്ങളായ ദ്രവദ്രവ്യങ്ങളെക്കൊണ്ടു് (കളഭം, പനിനീരു മുതലായവകൊണ്ടു്) മണികാഞ്ചി=രത്നം പതിച്ച അരഞ്ഞാണു്; സിതസ്സു.

സംഗം=മനസ്സിണക്കം (അനുരാഗം) ജാതാദരം=ബഹുമാനത്തോടുകൂടി (ക്രി വി) 'എടോ' എന്നു മനസ്സിനോടുതന്നെ നേരിട്ടെന്നപോലെ ചെയ്യുന്ന സംബോധനം.

ഇങ്ങനെ പല പ്രകാരം ആലോചിച്ചിട്ട് ഒടുവിൽ നിശ്ചയിച്ചപ്രകാരം പറയുന്നു.

൩. ലങ്കാധിശൻ=രാവണൻ; തദാനീം=അപ്പോൾ; പല പരിച്=പല പ്രകാരം; അർദ്ധരാത്രേ=പാതിരയ്ക്ക്; ശൃംഗാരക്കോപ്പ്=ശൃംഗാരരസം വർദ്ധിപ്പിക്കുന്ന വട്ടം; ഇനിയ=മാധുര്യമുള്ള (സുന്ദരിയായ) ജനകജാസന്നിധൌ=സീതയുടെ സമീപത്തിൽ; അശങ്കംചെന്ന്=ശങ്ക കൂടാതെ പ്രവേശിച്ച്; നാനാവിധ......വൈഭവൈഃ=പല പ്രകാരത്തിൽ മധുരവാക്കുകളുടെ സാമർത്ഥ്യംകൊണ്ട്; ആശ്വാസിപ്പിച്ച്=ഭർത്തൃവിരഹത്താലുള്ള വ്യസനം കളഞ്ഞ്; ഇന്നേ=ഇന്നുതന്നെ; അംഗീകർത്തവ്യം=കൈവശപ്പെടുത്തണം; ഇതി പുനഃ=എന്ന് ;സുദൃഢം=ഉറപ്പായിട്ട് ഗൂഢം=ആരും അറിയാതെ; കല്പയമാസ=നിശ്ചയിച്ചുറച്ചു.

൪. നിഖില......അസുരാണി=മൂന്നു ലോകവും പ്രയാസംകൂടാതെ ജയിച്ച് സകല ദേവാസുരന്മാരേയും കീഴടക്കിയ; അസ്മദതിക്രമചേഷ്ടിതാനി=നമ്മുടെ പരാക്രമകർമ്മങ്ങളെ; ശൃണ്വതീ=കേൾക്കുന്നവൾ ആയ; ഭൂമേഃ സുതാ=സീത; പത്യൌ ദ്വേഷകഷായിതേന മനസാ=ഭർത്താവിന്റെ നേരെ മനസ്സിൽ വിരോധം (വെറുപ്പ്) തോന്നി; മയി സ്നിഗ്ദ്ധാ സ്ഥാസ്യതി=എന്റെ നേരെ അനുരക്തയായിത്തീരും

യൽ=എന്തുകൊണ്ടെന്നാൽ; സ്ത്രീണാം പ്രേമ=സ്ത്രീകളുടെ

അന്തരാംഗം; ഉത്തരോത്തര......ചഞ്ചലം=മേൽക്കുമേൽ ഗുണാധിക്യത്തിൽ ആഗ്രഹംകൊണ്ട് അസ്ഥിരമാകുന്നു എന്നു പ്രസിദ്ധമാണല്ലോ. കാവ്യലിംഗാലങ്കാരം.

ഇനി, മൂന്നാം ശ്ലോകത്തിൽ പറഞ്ഞപ്രകാരം ശൃംഗാരക്കോപ്പുകൂട്ടി പുറപ്പെട്ടുവാനാരംഭിക്കുന്നു. അവിടെ മുമ്പേതന്നെ നിയോജ്യനായ വിദ്യുജ്ജിഹ്വനെ വിളിച്ചു കല്പിക്കുന്നു.

൫. ഇഹ=ഇവിടെ; സകല......സുന്ദരം ചന്ദ്രബിംബം=എല്ലാ കലകളും തികഞ്ഞു മനോഹരനായ ചന്ദ്രനെ; ഉദിപ്പിച്ചിട്ട് എന്നു നിയോജകമധ്യമപുരുഷൻ. മുഗ്ദ്ധം=മനോഹരം; ഒളിവ്=ശോഭ; അസ്യാം നിശായാം=ഈ രാത്രിയിൽ; (ചന്ദ്രാദികൾ തന്റെ കല്പനയ്ക്കധീനന്മാരാകകൊണ്ട തിഥിഭേദാദികൾ നോക്കാതെ അർദ്ധരാത്രിയിൽ തന്നെ പൂർണ്ണനായിട്ടുദിക്കണം എന്നു കല്പിച്ചാൽ അങ്ങനെ ഉദിക്കുമല്ലോ.) മുക്താ......മാലാം=മുത്തുമാലയേയും മാണിക്യമാലയേയും; ചാരു......ഗണാനാം=സുന്ദരികളായ നക്ഷത്രാംഗനാവർഗ്ഗത്തിന്. (നക്ഷത്രങ്ങൾ ചന്ദ്രഭാര്യമാരാകയാൽ സ്ത്രീരൂപിണികളാണെന്നു പുരാണപ്രസിദ്ധം). ഇത്ഥം മാനിച്ച്=ഇങ്ങനെ ആദരിച്ച്. (ഭൂഷണാദികളെക്കൊണ്ടലങ്കരിച്ച്). ഋതൂനാം ഗണം അപി=എല്ലാ ഋതുക്കളും. (എല്ലാ ഋതുക്കളും രൂപം ധരിച്ച്). അസ്മാദൃശാനാം=നമ്മുടെ; സവിധേ=സമീപത്തിൽ; വേണം=ഉണ്ടായിരിക്കണം.

൬. സ്വർവ്വേശ്യാഃ=ഉർവ്വശി മുതലായ സ്വർഗ്ഗത്തിലെ വാരാംഗനമാർ; ഗർവ്വഹീനം=അഭിമാനം കൂടാതെ. (ക്രി.വി.) ചമക=വസ്ത്രാഭരണാദികളെക്കൊണ്ടണിയുക; ജനകജാസന്നിധൌ=

സീതയുടെ സമീപത്തിലേക്ക്. **അവ്യാക്ഷേപം**=തടവില്ലാതെ; **അഗ്രഭാഗേ**=മുൻഭാഗത്തിൽ; വഴി തളിക്കുക. സാമൂതിരിപ്പാട് മുതലായ രാജാക്കന്മാരുടെ എഴുന്നള്ളത്തിനു മലയാളത്തിൽ ഇങ്ങനെ ഒരു ആചാരമുള്ളതിനെ കവി ഇവിടെ കാണിച്ചതാകുന്നു. **(ഇത്) മണ്ഡോദരിക്ക് ഒവ്വാ**=ഒക്കുകയില്ല (ഹിതമാകയില്ല) എന്നത്. **മനസി**=ഉള്ളിൽ; **സീതാചൊവ്വാപ്പൂന്തേൻ**=സീതയുടെ ചുവന്ന വാപ്പൂന്തേൻ=അധരാമൃതം; **വഴങ്ങീടുകിൽ ഒഴിയെ**=അനുവദിക്കാതെ; **വരാ**=(രക്ഷ) വരികയില്ലതാനും; **എന്നാൽ**=അതുകൊണ്ട്; **അത്**=മണ്ഡോദരിയുടെ വിരോധം; **അസ്തു**=ഉണ്ടായിക്കൊള്ളട്ടെ. ഇരിക്കട്ടെ).

൭. **താലിപ്പെണ്ണുങ്ങൾ**=താലിയുള്ള (ഭർത്താവുള്ള എന്നു സാരം) പെണ്ണുങ്ങൾ. **സഖേലം**=ലീലകളോടുകൂടി (ക്രി. വി.) **കോലത്താരമ്പൻ**=പുഷ്പബാണൻ (കാമദേവൻ) **അമ്പും തിരുകി**=തയാറായി **താലത്തിൽ**=തളികയിൽ; **കാമിനീനാംകരേ**=സ്ത്രീകളുടെ കയ്യിൽ.

൮. **പാൎശ്വഭാഗേ**=അരികെ; **മധുര......ഗിരാ**=നല്ല സ്വരമാധുൎയ്യത്തോടുകൂടി; **അമര......അക്ഷിമാർ**=ദേവലോകസുന്ദരിമാർ; **ആത്തഗാനം**=പാട്ടു പാടിക്കൊണ്ട്; **ഗൂഢം**=ഒളിവായി (സൂത്രത്തിൽ) **ഭേദിച്ച്**=ഇളക്കി; **സീതാം**=സീതയെ; **വശം ആക്കിടുവാൻ**=സ്വാധീനം ആക്കുവാൻ. **ഉപായം**=കൌശലം; **ഇന്നും**=ഇനിയും പലവഴി ചെരുമാറാണും; **ഗാഢം**=തീൎച്ചയായും.

൯. **ഇത്ഥം**=ഇങ്ങനെ; **ഉദയഗിരൌ**=ഉദയപൎവ്വതത്തിൽ. (കിഴക്കു) **ജനാനാം**=ജനങ്ങൾക്ക്; **ചിത്താനന്ദം**=മന

സ്സൗഖ്യം; **പീയൂഷധാമാ**=ചന്ദ്രൻ; **പത്താശാന്തേ**=പത്തു ദിക്കുകളിലും. **ഹിമ......മാലയാ**=മഞ്ഞുതുള്ളികളുടെ കൂട്ടത്താൽ; **ഇത്രൈലോക്യം കുളുപ്പിച്ച്**=മൂന്നു ലോകവും തണുപ്പിച്ച്; **അനഘമ......ദായീ**=നിസ്തുലമായ പരമാനന്ദവിലാസത്തെ കൊടുക്കുന്നവനായിട്ട് മെല്ലെമെല്ലെന്ന് ഉദിച്ചു.

ഇനി ഒരു ഗദ്യംകൊണ്ടു ചന്ദ്രോദയത്തേയും, ചന്ദ്രികാവിലാസത്തേയും വർണ്ണിക്കുന്നു.

ഗദ്യം ൧. **പ്രാചീരമണീവദനം**=കിഴക്കെ ദിക്കാകുന്ന സുന്ദരിയുടെ മുഖം; **രജനി......മുകരം**=രാത്രിയാകുന്ന സ്ത്രീയുടെ കണ്ണാടി; **ഐന്ദ്രികനകത്തോട**=ഇന്ദ്രദിഗംഗനയുടെ സ്വർണ്ണകുണ്ഡലം; **മദനപ്പെണ്ണിൻ**=കാമദേവന്റെ ഭാര്യയുടെ (രതീദേവിയുടെ); **സുരതഗുരോഃ**=സംഭോഗവിദ്യയെ ഉപദേശിക്കുന്ന ആചാര്യന്റെ; **ആവണ**=അവണപ്പലക; **മന്മഥവരവിൽ**=കാമദേവന്റെ എഴുന്നള്ളത്തിൽ. **എതിത്ത്**=മുന്നിട്ട്; **വെൺമുത്തുക്കട**=വെൺകൊററക്കുട; **മന്ദം മന്ദം**=പതുക്കെ പതുക്കെ; **ശശാങ്കഃ**=ചന്ദ്രൻ; **ഉദിയായ**=ഉദിച്ചു; ഇവിടെ ചന്ദ്രനെ പലപ്രകാരത്തിൽ ഉൽപ്രേക്ഷിച്ചിരിക്കുന്നുവെങ്കിലും അതെല്ലാം ശൃംഗാരമയമായിട്ടാണെന്നു സ്പഷ്ടമാകുന്നു. **പീയൂഷത്തെളിതന്നിൽ**=അമൃതു കലക്കി ഊറൽ നീക്കിയ ജലത്തിൽ; **വിളങ്ങും**=തെളിമയുള്ള; **കർപ്പൂരപ്പൊടി** തൂകിനപോലെ; **ത്രൈലോക്യത്തിൻ**—മൂന്നു ലോകത്തിന്റെയും (ലക്ഷണയാ ത്രൈലോക്യവാസികളുടെ) **പാണ്ഡരഭസ്മം**=വെളുത്ത ഭസ്മം; **ചിതറിനപോലെ**=തൂകിയപോലെ; **മധുരനിലാവിൻ**=രസകരമായ നിലാവിന്റെ; **പ്രഭ**=ശോഭ; **അഖില......നിവഹം**=സകല രാക്ഷസസമൂഹം; ......ഉ

ത്സവം=പുതിയ മധുപാനമഹോത്സവം; മനോഭവതന്ത്രം=കാമശാസ്ത്രം; (കാമക്രീഡാവിധി) പടകളി=കൂത്താട്ടം; നിലവിളി=കോലാഹലം; നിവിരെ=ഉച്ചത്തിൽ; പരമ...... പയോധിയിൽ =പരമാനന്ദസമുദ്രത്തിൽ; അശേഷം=ലോകം; ആകെ=ഒട്ടൊഴിയാതെ; നിമഗ്നം=മുങ്ങിയതു്. (ആയി).

൧൦. മാർജ്ജാരഃ കപോലേ (പതിതാൻ) ശശിനഃ കരാൻ പയഃ ഇതി ലേഢി=പൂച്ച അതിന്റെ കവിൾത്തടത്തിൽ പതിച്ച ചന്ദ്രന്റെ രശ്മികളെ പാലാണ് എന്നു വിചാരിച്ചു നക്കുന്നു; കരീ തരുച്ഛിദ്രപ്രോതാൻ (ശശിനഃകരാൻ) ബിസഃ ഇതി സംവലയതി=ആന വൃക്ഷങ്ങളുടെ ഇടയിൽകൂടി പുറപ്പെടുന്ന ചന്ദ്രരശ്മികളെ താമരവളയമാണെന്നു വിചാരിച്ചു വലിക്കുന്നു; വനിതാ അപി രതാന്തേ തല്പസ്ഥാൻ (ശശിനഃ കരാൻ) അംശുകം ഇതി ഹരതി=സ്ത്രീയാകട്ടെ സംഭോഗാവസാനത്തിൽ ശയ്യയിൽ പതിതങ്ങളായ ചന്ദ്രകിരണങ്ങളെ വസ്ത്രമാണെന്നു വിചാരിച്ചു എടുക്കുന്നു; പ്രഭാമത്തഃ ചന്ദ്രഃ ഇദം ജഗത് വിഭ്രമയതി അഹോ!=സമ്പൂർണ്ണകിരണനായ ചന്ദ്രൻ ഈ ലോകത്തെ മോഹിപ്പിക്കുന്നു. ആശ്ചര്യം; ഭ്രാന്തിമദലങ്കാരം.

൧൧. ചന്ദ്രകരാഃ ക്ഷാമമദ്ധ്യാനാം കുചയോഃ ചന്ദനചർച്ചാ, ധമ്മില്ലേ മല്ലികാദാമ; നിതംബബിംബേ ക്ഷൌമം (ആസീൽ). ചന്ദ്രരശ്മികൾ. സ്ത്രീകളുടെ കുചങ്ങളിൽ ചന്ദനലേപനമായിട്ടും, കേശബന്ധത്തിൽ മുല്ലമാലയായിട്ടും, നിതംബബിംബത്തിൽ (അരക്കെട്ടിൽ) വെള്ളവസ്ത്രമായിട്ടും ഭവിച്ചു; ഉല്ലേഖാലങ്കാരം.

൧൨. ദേവഃ ചന്ദ്രമാഃ ബഭൌ=രാജാവായ ചന്ദ്ര

ഭിച്ചു (എന്നു പ്രധാനവാക്യം) ഇനി ചന്ദ്രനെ നാലു വാക്യങ്ങളെക്കൊണ്ടു വിശേഷിക്കുന്നു. ജ്യോൽസ്നാ......സ്ഥാസൈഃ ദിശായോഷിതാം പരികമ്മ കുവ്വാണഃ=തന്റെ കിരണകന്ദളങ്ങളാകുന്ന (നിലാവാകുന്ന) കൊഴുത്ത ചന്ദനച്ചാറുകൊണ്ടു പൂശി ദിക്കാകുന്ന സ്ത്രീകൾക്കു് അലങ്കരണം ചെയ്യുന്നവനായി; കന്ദപ്പൃഥ്വീപതേഃ നമ്മസചിവഃ=കാമദേവനാകുന്ന രാജാവിന്റെ നമ്മസചിവനായി; നിദ്രാണാം കുമുദിനീം പ്രതിബോധയൻ=ഉറങ്ങുന്ന ആമ്പൽപ്പൊയ്കയെ ഉണർത്തുന്നവനായി; പീയൂഷധാരാളയാ മൂത്ത്യാ വിശ്വവിലോചനാനി സുഖയൻ=അമൃതു പെയ്യുന്ന തന്റെ ബിംബംകൊണ്ടു എല്ലാവരുടെയും നേത്രങ്ങളെ ആനന്ദിപ്പിക്കുന്നവനായിരിക്കുന്ന ചന്ദ്രൻ ശോഭിച്ചു എന്നന്വയം.

ഇനി എട്ടു ശ്ലോകങ്ങളെക്കൊണ്ടു രാവണൻ ചന്ദ്രഭാൎയ്യമാരായ നക്ഷത്രങ്ങളോടു തന്റെ യാത്രയ്ക്കു സഹായംചെയ്വാൻ അപേക്ഷിക്കുന്നു.

൧൨. പൌലോമീ=ഇന്ദ്രാണി; പേലവം=മൃദുവായ. കാഴ്ചവച്ചീടുവാൻ (സീതയ്ക്കു്). പൂൎണ്ണ......മഹിഷി!=പൂൎണ്ണചന്ദ്രന്റെ ഒന്നാമത്തെ ഭാൎയ്യ; ഉപാന്തേ=സമീപത്തു്. വിശ്വരമ്യേ!=ലോകസുന്ദരി!; അശ്വനീ=അശ്വതിനക്ഷത്രമേ.

൧൩. മുഗ്ദ്ധേ=സുന്ദരി! ജാനകീദശ്നേ=സീതയെ കാണുക എന്ന കാൎയ്യത്തിൽ; മിത്രം=ബന്ധു; നിരസ്താമയം=സുഖമായിട്ടു് (ക്രി. വി.) ഇദാനീം=ഇപ്പോൾ; കസ്തൂരീ......പൂംപരണി=കസ്തൂരിച്ചാർ നിറച്ച പരണി (ഭരണി എന്ന പാത്രം) ഭരണി

യാം......മാലേ!=ഭരണിനക്ഷത്രമാകുന്ന സ്ത്രീരത്നമേ! (നക്ഷത്രങ്ങൾ ദക്ഷപുത്രികളാണെന്നും ചന്ദ്രന്റെ ഭാര്യമാരാണെന്നും ഉള്ള പുരാണനിർദ്ദേശം അനുസരിച്ച് അവക്ക് സ്ത്രീത്വം കല്പിച്ചിരിക്കുന്നു).

൧൫. വാർത്തേടം=ഭംഗിയുള്ള, മല്ലിക......ബഹളാം=മുല്ലപ്പൂവിന്റെ സൌരഭ്യം അധികമായിട്ടുള്ളതായി; മാൽ ഇണങ്ങും=ദുഃഖമുള്ള (ഭർത്തൃവിരഹിണിയായ) വൈദേഹീ......ചാർത്തിനെ=സുന്ദരിയായ സീതയുടെ തലമുടിയെ; പ്രീണയന്തിം=സന്തോഷിപ്പിക്കുന്നതായ; മാലികാം ആദായ=മാലയെ എടുത്തുകൊണ്ട്; ആനന്ദ......ലഹരികേ!=സന്തോഷമാകുന്ന നദീജലത്തിലെ തിരമാലികയായി; രാകാ......അംശോഃ=പൂർണ്ണചന്ദ്രന്റെ; ആകുല......വർത്തികേ!=കാമപാരവശ്യത്തോടുകൂടിയ നേത്രത്തിന് സുഖകരമായ അമൃതാഞ്ജനത്തിരിയായിരിക്കുന്നു; കാർത്തികേ=കാർത്തികാനക്ഷത്രമേ! നീ ഇങ്ങ് അടുത്തുപോരേ=ഃപാരിക എന്നു (സ്നേഹപൂർവ്വാമന്ത്രണരൂപം).

൧൬. വാർത്താർ...കൊട്ടിലിൽ=കാമദേവന്റെ സൈന്യങ്ങളുടെ പാളയത്തിൽ; മികവ്=മേന്മ; പുകൾകൊണ്ട=പ്രസിദ്ധപ്പെട്ട; പൂർണ്ണേന്ദു=പൂർണ്ണചന്ദ്രൻ; സാന്ദ്രപ്രീത്യാ=അതിപ്രേമത്തോടുകൂടി; നിരുപമ......രൂപേ!=അതുലമായ ശൃംഗാരം കൊണ്ടു ശോഭനമായ സൌന്ദര്യത്തോടുകൂടിയുള്ളവളേ!. രോഹിണി!=അല്ലയോ രോഹിണീനക്ഷത്രമേ! അയി=ഹേ!; നിൻപാണിയിൽ=നിന്റെ കയ്യിൽ; ഇയം മാണിക്യമാലാ=മാണിക്യക്കല്ലുകൊണ്ടുള്ള മാല; ആസ്താം=ഇരിക്കട്ടെ; മദനദ്രോഹിണഃ മേ=കാമവൈരിയായ (സൌന്ദര്യാധിക്യത്താൽ) എനിക്ക്; പ്രാ

ണനാധാ......ലോകേ=ജീവിതേശ്വരിയായ സീതയെ കാണു മ്പോൾ. ഇതു് പുതുപ്രാഭൃതം=പുത്തനായി കാഴ്ച വയ്പാനുള്ള സാധനം. (ആകുന്നു).

൧൬. മകയിരമേ! നീ ശൃംഗാരക്കുറിക്കൂട്ട് എടു= എടുക്കുക. (വിധിരൂപം മദ്ധ്യമപുരുഷൻ) ഉപാന്തേ=സമീപത്തിൽ; മംഗല......രാശേഃ=നല്ല സന്തോഷസമുദ്രത്തിന്റെ; ആലോല......നിരയിൽ=ഇളകുന്ന തിരമാലയിൽ; ഉലകിടം മുങ്ങുമാറു്=മുങ്ങത്തക്കവണ്ണം (എടുക്കുക എന്ന ക്രിയയുടെ വിശേഷണം). ജനകന്നു്=ജനകരാജാവിന്നു്; കുലപതി=ഗോത്രനാഥൻ. തിങ്കൾ=ചന്ദ്രൻ. അല്ലോ. ആകയാൽ നിങ്ങൾ= ചന്ദ്രഭാൎയ്യമാരായ നക്ഷത്രങ്ങൾ ചെന്നു് വീതവ്യാജം=കളവു കൂടാതെ. (പരമാൎത്ഥമായിട്ടു്) പറഞ്ഞീടുകിൽ ഇഹ=എങ്കൽ. തൽസുതാ=അവന്റെ (ജനകരാജാവിന്റെ) പുത്രി. മത്സമീപേ= എന്റെ അടുക്കൽ. രമതേ=രമിക്കുന്നു. (രമിക്കും) എന്നു ഞാൻ ആശങ്കേ=ശങ്കിക്കുന്നു (വിചാരിക്കുന്നു). അമ്മമാരാരം മുത്തശ്ശിമാരോ പറഞ്ഞാൽ സ്ത്രീകൾ അനുസരിക്കുമെന്നു ലോകസാധാരണമായ നടപ്പാണല്ലോ.

൧൭. തിരുവാതിരേ!=തിരുവാതിര നക്ഷത്രമേ!- തൂവെൺമുത്തരികൊണ്ടു്=നല്ല വെളുത്ത മുത്തുമണികൊണ്ടു്. അത്യുജ്വലം=വളരെ തിളങ്ങുന്നതു്. മാണിക്യ......കരണ്ടകം= മാണിക്യക്കല്ലുകൊണ്ടുള്ള കരണ്ടകം (അടപ്പൻ) കൈത്തലേ=കയ്യിൽ. എടുത്തുംകൊണ്ടു്. വാ വാ=വരിക വരിക. നിൻ തിരിവു്=നിന്റെ ആഭിമുഖ്യം. ആതുരേ മയി=ദുഃഖിതനായ എന്നിൽ. കൃപാലേശം കലന്നു് അല്ലയോ മേവുന്നു?=കുറച്ചെങ്കിലും ദയയോടുകൂടിയല്ലയോ ഇരിക്കുന്നതു്?. ജനകജാലോകായ= ജനകപുത്രിയായ സീതയെ കാണ്മാനായിക്കൊണ്ടു്. നാം പോകയോ=നാം പോകയല്ലേ?.

൧൯. ഇനിയ പുണർതമേ!=സുന്ദരിയായ പുണർതം നക്ഷത്രമേ!. നീ ജാനകീദശ്നേ=സീതയെ കാണ്മാൻ പോകുമ്പോൾ. താംബൂലപൂണ്ണം=മുറുക്കുവാനുള്ള വട്ടങ്ങൾകൊണ്ടു നിറഞ്ഞതായ. പൊന്നിൻതളിക്ക്=സ്വണ്ണംകൊണ്ടുള്ള വെററിലത്തട്ട്. ശേഷം സ്പഷ്ടം.

൨൦. ചിത്രം ചേരും=ആശ്ചയ്യകരമായ മണിക്കല്ലുകൾ. അതനു=അധികം. ഈടെഴും=ഉറപ്പുള്ള. അമൃത......രേഖേ!=ചന്ദ്രൻെറ കാമിതസവ്വസ്വമേ!. മദ്ധ്യേ!=സുന്ദരി!. പൊൽത്താർ......പീയൂഷമേ!=കാമോത്സവപ്രൌഢി കൂട്ടുന്ന പുതിയതായ അമൃതായുള്ളോവേ! പൂയമേ!. നീ പുതുമയൊട്=അലങ്കാരപുഷ്ടിയോടുകൂടി. സീതാവലോകേ തുണപ്പാൻ=സീതയെ കാണ്മാൻ പോകുമ്പോൾ എന്നെ സഹായിപ്പാൻ. ഉപാന്തേ=എൻെറ അടുക്കൽ. വന്നീട്=വരിക.

ഇനി ഒരു ഗദ്യംകൊണ്ട് രാവണൻെറ അശോകോദ്യാനത്തിലേക്കുള്ള ഘോഷയാത്രയെ വണ്ണിക്കുന്നു.

ഗദ്യം ൨. ഹര ഹര=ആശ്ചയ്യം. അശോകാരാമേ=അശോകവനത്തിൽ. പൂരേ=ഘോഷത്തിൽ. മണിമയശിബികകൾ=വിശേഷമായ മേനാവുകൾ. പള്ളിത്തണ്ടുകൾ=രാജാക്കന്മാക്കുള്ള പല്ലക്കുകൾ. കാഹളം=കാളം (കൊമ്പ് എന്ന ഒരു വാദ്യം). അമൃതവിരാവിണി=അമൃതുപോലെ ആനന്ദകരമായ ശബ്ദത്തോടുകൂടിയതു്. വിബുധസ്ത്രീകൾ=ദേവസ്ത്രീകൾ. കിന്നര...വിലാസിനിമാർ=കിന്നരന്മാരുടേയും രാക്ഷസന്മാരുടേയും നഗരികളിലുള്ള വേശ്യാസ്ത്രീകൾ. അഗ്രേ=മുമ്പിൽ. ജ്വാല=നാളം. വിചിത്രവിളക്കുകൾ=വണ്ണഭേദം, വിന്യാസഭേദം മുതലായതുകൊണ്ടു ഭംഗിയുള്ള വിളക്കുകൾ. സാഹസ്രികാ=ആയിരത്തിരി.

ദശസ്സാഹസ്രിക=പതിനായിരത്തിരി. ശതസാഹസ്രികകൾ=ലക്ഷത്തിരികൾ. അംബരദീപം=ആകാശവിളക്ക്. മന്നർ മനോഹരി=രാജാക്കന്മാരുടെ മനസ്സിനെ മയക്കുന്നതു്. വിശ്വവിലാസിനി=ലോകം വിളക്കുന്നതു. സങ്കുലദീപം=പലതരമായി ഇടകലർന്ന വിളക്കുകൾ. ഭൃംഗവിരോധികൾ=വണ്ടുകൾക്കു വിരോധം ചെയ്യുന്നവ. (ഈയ്യാംപാററ, വണ്ടു, മുതലായവ വിളക്കു കെടുത്തുന്നവയാണല്ലോ). കുങ്കുമവത്തികൾ=കുങ്കുമത്തിരികൾ. പരിമളദീപം=സൌരഭ്യമുള്ള വിളക്ക്. ഭംഗ്യാ=ഭംഗിയോടുകൂടി. കുറിക്കൂട്ടുകളുടെ ചില പേരുകൾ പറയുന്നു. മാനിനീമാദനം=പ്രണയകലഹംകൊണ്ടു് ഇടഞ്ഞിരിക്കുന്ന സ്ത്രീകളെ മദിപ്പിക്കുന്നതു്. മദനസമ്മർദ്ദനം=കാമപാരവശ്യം ഉണ്ടാക്കുന്നതു്. കാമഹല്ലോഹലം=കാമനു വളം വയ്ക്കുന്നതു്. കരണപരിവേഷ്ടനം=ഇന്ദ്രിയങ്ങളെ മൂടുന്നതു. ദർപ്പകഭ്രാമകം=കാമനെ മയക്കുന്നതു്. കാമുകാനന്ദനം=കാമികളെ സുഖിപ്പിക്കുന്നതു്. പര......മോഹനം=അന്യസ്ത്രീകളെ മയക്കുന്നതു്. പരിമളധൂപം=സുഗന്ധമുള്ള പുക. (അഷ്ടഗന്ധം, അകിൽ, സാമ്പ്രാണി മുതലായവ കൊണ്ടുള്ള പുക.) കരധൃതവെഞ്ചാമരകൾ=കയ്യിലെടുത്തിരിക്കുന്ന വെഞ്ചാമരകൾ. സൌരഭം=സൌരഭ്യം. ചവ്വാതു്=ഒരു സൌരഭ്യമുള്ള വസ്തു. കസ്തൂരിക്കളി=കസ്തൂരിക്കുഴമ്പു്. കൈശികമാല=തലമുടിയിൽ അണിയുന്ന മാല. സീമന്തപ്പണി=നിറുകയിൽ (തലമുടിയുടെ മധ്യരേഖയിൽ) അണിയുന്ന ആഭരണം. മരതകമാല=പച്ചക്കല്ലുമാല. താടങ്കം=കാതില (ഒരു കർണ്ണാഭരണം) മണികുണ്ഡലനിര=കല്ലുവെച്ച തോടകൾ. കാഞ്ചനകുസുമം=സ്വർണ്ണപുഷ്പം. നാസാമണി=മൂക്കുത്തി. അധരവിലേപനം=ചുണ്ടിന്മേൽ തേക്കുവാനുള്ള ചെഞ്ചായം. ഓരോനാരി......

നിഹിതം=മാറോ സ്ത്രീകളുടെ കയ്യിൽ എടുത്തിട്ടുള്ളതു്. ഇനി ഗൃഹോപകരണങ്ങളിൽ ചിലതിനെ പറയുന്നു. പതനത്തട്ടുകൾ=മേശ, അളമാരി, ഷെൽഫ് ടിപ്പോയ്, മുതലായവ ആയിരിക്കാം. കതിനകൾ=(ഈ ഭയങ്കരവസ്തു എന്തിന്? അല്ലെങ്കിൽ ആ വസ്തു വെടിവെയ്ക്കുന്നതിനുള്ളതല്ലായിരിക്കാം) ആസനശായികൾ=ഇരിക്കാനും കിടക്കാനുമുള്ള, കസേര, ചാരുകസേര മുതലായവ. ഫണിമെത്തകൾ=പാമ്പു വളഞ്ഞുകിടക്കുന്നതുപോലെ പാളിവെച്ചു തുന്നിയ കിടക്കകൾ. ഫാണിതപിണ്ഡം=കൽക്കണ്ടക്കട്ട. പിണ്ഡാലക്തകം=കട്ടയാക്കിയ ചെമ്പഞ്ഞിച്ചാറു്. സ്ത്രീകൾ കൈകാലുകളുടെ പടങ്ങളെ ചുവപ്പിക്കുന്നതിന്നു് ഉപയോഗിക്കുന്ന ഒരു ചായം. (മലയാളത്തിൽ മയിലാഞ്ചിയാണു്). ഇള്ളലി, സുഹിയൻ, (സുഹിതൻ) ഇത്യാദികൾ ഭോജ്യപദാൎത്ഥങ്ങൾ. (ആകപ്പാടെ പഞ്ചേന്ദ്രിയമനഃപ്രീതികരങ്ങളായും ശൃംഗാരോപയോഗികളായും ഉള്ള പല പദാൎത്ഥങ്ങളെ രാവണന്റെ ത്രൈലോക്യവിജയിതത്തിനും, സീതാകാമുകത്വത്തിനും തക്കവണ്ണം വൎണ്ണിച്ചിരിക്കുന്നു. ഇതിൽ കവിയുടെ കാലദേശാദി ചരിത്രലക്ഷ്യങ്ങൾ പലതും കാണുന്നതു വായനക്കാരുടെ പൎയ്യാലോചനക്കു യോഗ്യമാകുന്നു.)

൨൯. ആഭോലാലാകൃതി=സുന്ദരരൂപൻ. രാക്ഷസാധിപതി=രാവണൻ (അഴകിയ രാവണൻ) നീല... ഉപമഃ=മഴക്കാറിനു തുല്യൻ (രാവണവിശേഷണം). ഗൂഢോദരേ=ഗൂഢം=മറയ്ക്കപ്പെട്ടതായ ഉൾഭാഗത്തോടുകൂടിയ ശിംശപാമൂലേ=ശിംശപാവൃക്ഷത്തിന്റെ ചുവട്ടിൽ. മനസാ=മനസ്സുകൊണ്ടു്. മനോഭവന്നു് =കാമദേവന്നു്. മാരോത്സവം=കാമോത്സവം (സീത സ്വാധീനമായാൽ മാരോത്സവം നടത്താമെന്നു്) നേൎന്നു്=പ്രാൎത്ഥിച്ചു്. നിശ്ശങ്കം=(ക്രി. വി.) ശങ്കകൂടാതെ. (രാക്ഷസചക്രവൎത്തിയായ താൻ വെറും നിലത്തിരിക്കുന്നതു തന്റെ സ്ഥിതിക്കു യോജിച്ചതാണോ എ

നുള്ള സംശയം കൂടാതെ) ഓലക്കത്തിൽ=ഭംഗിയായിട്ട്. വിദേഹ......തനയാം മുന്നിട്ട്=സീതയുടെ മുമ്പിൽ.

൨൨. വശതയില്ലാഞ്ഞിൽ=സ്വാധീനയാകാതിരുന്നാൽ. കുലയുവതി=കുലീന. മംഗലാംഗീ=സുന്ദരി. മൈഥിലീ=മിഥിലരാജപുത്രി (സീത).

൨൩. കൈശികേ=കേശസമൂഹത്തിൽ (തലമുടികൊണ്ട്) ആതാമ്രാം=ചെമ്പൊന്നിൻ നിറമായിട്ടുള്ള. ഗാത്രവല്ലീം=വള്ളിപോലെയുള്ള ദേഹത്തെ. ആനനം=മുഖത്തെ. ഛാദയന്തീ=മറെക്കുന്നവൾ. ചേതോഭിരാമം=മനസ്സിനെ രമിക്കുമാറാനായി. ദശരഥതനയം=ദശരഥപുത്രനായിരിക്കുന്ന. നാഥം=ഭർത്താവിനെ. ഭാവയന്തീ=മനസ്സിൽ ധ്യാനിക്കുന്നവളായി. വിഭിന്ന......അംഗി=പൊടിഞ്ഞുവരുന്ന വിയർപ്പുതട്ടി നനഞ്ഞു് അല്പം വളച്ചിരിക്കുന്ന ദേഹത്തോടു കൂടിയവൾ ആയിട്ട്. സഭയം ഉൗഢഖേദം=(ക്രി. വി.) പേടിയോടും ദുഃഖത്തോടും കൂടി ഇരുന്നീടിനാൾ.

൨൪. അമര......അക്ഷിമാർ=ദേവസ്ത്രീകൾ. അതിസുരഭിലം=വളരെ സൌരഭ്യമുള്ള. താംബൂലം=വെററില. (മുറുക്കിനുള്ള യോഗം). ആപൂര്യ്യ=നിറച്ചിട്ട്. അസ്യൈ=ഇവൾക്ക് (സീതയ്ക്കു്) ഖിന്നാത്മാ=കാമപരവശനായ (രാവണൻ) അസകല......നിഷ്യന്ദിനീം=എല്ലാം പദങ്ങളും വ്യക്തമാകാത്തവണ്ണമുള്ള. വാചം=വാക്കിനെ. ഉൗചേ=പറഞ്ഞു. കാമപാരവശ്യംകൊണ്ടു വാക്കു മുഴുവൻ വ്യക്തമാകുന്നില്ല എന്നു സാരം.

൨൫. രാവണൻ, സൌന്ദര്യ്യവ്യഞ്ജകങ്ങളും, ശ്ലാഘാപരങ്ങളും ആയ പദങ്ങളെക്കൊണ്ടു സീതയെ അനുനയിപ്പാൻ നോക്കുന്നു. ത്രൈലോക്യസുന്ദരി! മനോഭവ

വീരമാല=കാമദേവൻെറ വീരഭൂഷണം. നീലാരവിന്ദമിഴി=കുവലയാക്ഷി. നിൎമ്മലഗാത്രരേഖാ=കറയററ ദേഹലാവണ്യമുള്ളവൾ. ലീലാനിധി=ശൃംഗാരഭാവങ്ങളെല്ലാം തികഞ്ഞവൾ. സുരത......ചന്ദ്രികാ=സംഭോഗമാകുന്ന ആമ്പൽപൂവിനു നിലാവായിട്ടുള്ളവൾ. വിദേഹസുത=വിദേഹരാജപുത്രി. നീ മദീയം =എന്നെ സംബന്ധിച്ച. മാൽ=സങ്കടം. (കാമപാരവശ്യം).

൨൬. തവ വിരഹേ=നിൻെറ വിയോഗത്തിൽ. മാര...അതിരേകാൽ=കാമപാരവശ്യത്തിൻെറ ആധിക്യത്താൽ. മമ =എനിക്ക്. കായക്ലേശം=ദേഹപീഡ. ഭുവനം=ലോകം.. ത്രൈലോക്യനാഥനായ എനിക്കു സന്താപം വരുത്തുന്നതു മൂന്നു ലോകത്തിനും സന്താപം വരുത്തുന്നതിന്നു തുല്യമാണെന്നു സാരം.

൨൭. ഐശ്വൎയ്യശാലി=സൎവ്വസമ്പത്തുകളുമുള്ളവൻ. ദശകന്ധരൻ=ദശമുഖൻ. വിശ്വൈക......വല്ലരി=ലോകത്തിൽ സുന്ദരിമാരിൽ ഒന്നാമത്തവൾ. കച്ച് ആൻറു=റൌക്കയിട്ടു.

൨൮. ശൃംഗാര......മന്ദിരം=ശൃംഗാരംകൊണ്ടു മനോഹരമായ കാമദേവൻെറ വാസഗൃഹം. ഹുങ്കാര......നികേതനം =ഹുങ്കാരൈശ്വൎയ്യസമ്പത്തുകളുടെ ഉന്നതസൌധം. അംഗീകൃത......ഭംഗികൾ=ദേഹത്തിൻെറ പുതിയ ലാവണ്യം.

൨൯. സാരസ്യ......മന്ദിരം=സരസകേളീവിനോദരംഗം. വീര......മണി=വീരന്മാരായ രാജാക്കന്മാരുടെ തലവൻ. ചാരുത്വം=സൌന്ദൎയ്യം.

൩൦. മത്ത......ഹരം=മദമുള്ള ഐരാവതത്തിൻെറ മസ്തകത്തിൻെറ ഗൎവ്വ ശമിപ്പിക്കുന്നതു്. 'ഇപ്പോൾകൊങ്ക' എന്നു നേരെ ചൂണ്ടിക്കാണിച്ചു പറയുന്നു. മൽകൈകൾ=എൻെറ കൈകൾ. തദ്വൽ=അപ്രകാരമുള്ളതു്. (മത്ത......ഹരം) ഇവിടെ സ്തന

ങ്ങൾ ഇടതിങ്ങി തടിച്ചു്, ഉരുണ്ടു് ഉയന്ന ആകൃതിസാദൃശ്യംകൊണ്ടു് ഐരാവതകുംഭങ്ങളുടെ ഡംഭ ശമിപ്പിക്കുന്നു. ഹസ്തങ്ങൾ ഐരാവത കുംഭത്തെ അടിച്ചുപൊളിക്കുന്നതിനാൽ അവയുടെ ഡംഭഹരമാകുന്നു, എന്നു വിവേകം. ഒരുതരം=അന്യോന്യാനുരൂപം. നീധന്യാംഗി (ആകുന്നു). ബദ്ധോന്മാദംഎഴും=ഔന്നത്യകാഠിന്യാദികളെക്കൊണ്ടു് എന്നെപ്പോലെ ഇന്നു ആരുണ്ടു്? എന്നുള്ള അഹംകാരംകൊണ്ടു തന്റോടമില്ലാത്തതു്. കുലാചലം=കുലപൎവ്വതത്തെ. ഇളക്കുന്നതു്= ധൈൎയ്യക്ഷയം വരുത്തുന്നതു്; എന്റെ കൈകളും അങ്ങനെയുള്ളതു തന്നെ. കുലാചലമായ കൈലാസത്തെ ഇളക്കിയതാണല്ലോ. ഹേ മൈഥിലി! ദൈവയോഗം ഇതു്=ഈ ഭാഗ്യം. =പണ്ടേതു്= പൂൎവ്വാജ്ജിതം. (ആകുന്നു) എന്നു് നിൎണ്ണീയതാം=നിശ്ചയിക്കപ്പെട്ടാലും പരസ്പരഗുണാനുരൂപ്യം ഭാഗ്യായത്തമാണല്ലോ എന്നു ഭാവം.

൩൧. അചലമകൾ=പാൎവ്വതി. അംഗജാരാതി= കാമവൈരി. (ശിവൻ) മാരൻ=കാമൻ. അക്ഷീണശ്രീ=സൌന്ദൎയ്യം തികഞ്ഞ: ഇനിയ=സുന്ദരനായ. കമലജന്മാവു്=പത്മജൻ (ബ്രഹ്മാവു്) വന്നതു് ആകിൽ=വന്നാൽ. അന്യോന്യയോഗം =പരസ്പരഘടന. അഴകുതു ആയ് വന്നിതു്=ശോഭയുള്ളതായിത്തീന്നു. ലക്ഷ്മീനാരായണാദി ദേവദമ്പതിമാരുടെ സമാഗമംപോലെ അസ്മൽസമാഗമവും ലോകോത്തര ഗുണവാശിഷ്ടമായിത്തീരുമെന്നു ഭാവം.

൩൨. അബലാമാലികേ=സ്ത്രീകൾക്കു് അലങ്കാരമായുള്ളോവേ! ഒരുത്തൻ പകൽ ഇരവു്; അലർബാണാൎത്തനായ്=കാമബാധ പിടിപെട്ടവനായിട്ടു്. ആത്തഖേദം=(ക്രി.വി.) സങ്കടത്തോടുകൂടി. പോന്നു്=വന്നു്. ദാസവൃത്ത്യാ=അടിമയുടെ നിലയിൽ. സേവിപ്പൂ; ഇതു് സ്ത്രീവൎഗ്ഗത്തിന്നു്=സ്ത്രീജാതിക്കു്.

ദിവ്യാഭരണം=ദിവ്യമായ ഒരു അലങ്കാരം. (ആകുന്നു) അതിലും മേലെ ഒരു ഭാഗ്യംവരുവാനില്ല. (അത്) കോവിൽപണ്ടാരം=രാജാവ് (ആകുന്നു) എന്നും വരികിൽ അതിലും ഒട്ടേറെ നന്ന് എന്ന്. ബുധ്യാ=മനസ്സുകൊണ്ട്. ഭാവിച്ച്=ആലോചിച്ച്. നീ എന്നോടു അണഞ്ഞിടുകിൽ ഉചിതം=യോഗ്യം (ആകുന്നു).

൩൨. സഹസ്രലോചനൻ=ആയിരം കണ്ണുള്ളവൻ (ഇന്ദ്രൻ) ആസ്ഥയാ=ഭക്തിയോടുകൂടി. വായും പൊത്തി=വായ് പൊത്തിക്കൊണ്ട്. വധൂനാം=സ്ത്രീകളുടെ. പദം=സ്ഥാനോന്നതി.

൩൪. മൽപ്രാണേശ്വരി!=എന്റെ ജീവനാഥേ!. തല്പേ=മെത്തയിൽ. ചാരു=ഭംഗിയായി. മുഗ്ദ്ധഹസിതം=മനോഹരമായ മന്ദഹാസത്തോടുകൂടിയ. വക്ത്രം=മുഖത്തെ. അന്തരാ=എടക്ക്. മുകന്ന്=ചുംബിച്ച്. ശില്പം കോലിന=ഭംഗിയുള്ള. വിശ്വ.....രചിതാം=വിശ്വകർമ്മാവിനാൽ ഉണ്ടാക്കപ്പെട്ട. ലങ്കാപുരീം=ലങ്കാപുരിയെ. ആലോക്യ=നോക്കീട്ട്.

൩൫. വയോവർണ്ണം=വയസ്സും നിറവും. (യുവാവിനു വൃദ്ധയും, വൃദ്ധനു യുവതിയും, കറുത്തവനു വെളുത്തവളും, വെളുത്തവനു കറുത്തവളും ഇങ്ങനെ പ്രായവും നിറവും തമ്മിലൊക്കാത്ത നായികാനായകന്മാരുടെ യോഗവും ഈവണ്ണം ആകുന്നുവല്ലോ.

൩൬. പുംസഃ=പുരുഷന്ന്. പൊരുന്നോ?=ചേരുന്നതാണോ?. തസ്യാഃ=അവൾക്ക് (നായികയ്ക്ക്). പ്രമാദം=ഭ്രാന്ത്. (അതും ചേരാത്തതുതന്നെ). രാത്രൗ=രാത്രിയിൽ. ജരഠാം=വൃദ്ധയെ. ഉത്ഥാപ്യ=എഴുനീല്പിച്ചിട്ട്. നരേഭ്യഃനമഃ=നരന്മാർക്ക് (മനുഷ്യർക്ക്) നമസ്കാരം.

൩൭. ഗുണൌഘൈഃ=ഗുണഗണങ്ങളാൽ. ജഗതി=

ലോകത്തിൽ. നിരുപമേ!=ഉപമയില്ലാത്തവളേ!. യോഗം=ചേച്ച്. മനോജ്ഞാംഗി!=ഹേ സുന്ദരി!

൩൮. മമ സവിധേ=എന്റെ അടുക്കൽ. ദേവാനാം=ദേവന്മാരുടെ. വൃത്തിം=തൊഴിലിനെ. ആകൎണ്ണയ=(നീ) കേൾക്കുക. തമ്പിരാൻതാൻ=(ദേവന്മാരുടെ) രാജാവാകട്ടെ. ഒരു ആനപ്പാവാൻ=ആനക്കാരൻ (ആകുന്നു) അഗ്നിത്രയീ=മൂന്ന് അഗ്നികളും. ഏണേക്ഷണേ!=ഹേ മാൻകണ്ണി!. മേ=എനിക്ക് യമനെ നിരൃത്യാ സമം=നിരൃതിയോടുകൂടി. വരുണൻ=(ജലത്തിന്റെ നാഥനായ) വരുണൻ. പുഷ്പവാടീവേലെല്ലാം=ഉദ്യാനത്തിലുള്ള വൃക്ഷലതാദികളുടെ വേല് ഒക്കെ. പോക്കവേണം. ഉപവനെ=ഉദ്യാനത്തിൽ.

൩൯. വപുഷ്മന്തം=ഉടലോടുകൂടിയവനായ. പൂൎണ്ണചന്ദ്രം=പൂൎണ്ണചന്ദ്രനെ. കാൺ=കാണുക. (പൂൎണ്ണചന്ദ്രൻ പ്രത്യക്ഷരൂപനായിട്ടു നിൽക്കുന്നതു കാണുക). രാമാന്തികേ=രാമന്റെ സമീപത്തിൽ. ജാതാനന്ദം=സന്തോഷത്തോടുകൂടി. (ക്രി. വി.) മമ. വപുഷി=എന്റെ ദേഹത്തിൽ. വഴങ്ങീട്=അനുവദിക്കുക. (അയക്കുക). അയി സുമുഖി!=ഹേ സുന്ദരി!.

൪൦. ആദൌ=ആദ്യത്തിൽ. പഴവില്ല്=ശിവൻ ത്രിപുരസംഹാരകാലത്ത് എടുത്തിരുന്നതാകയാൽ കാലം വളരെ കഴിഞ്ഞു പഴകിയതാണെന്നു സാരം. മനോ......ശീലേ=മനോഹരി!. പല നാൾ. തക്കം=തരം. പാൎത്ത്=നോക്കി. ഇദാനീം=ഇപ്പോൾ. ഇത്രേടം=ഇതുവരെ.

൪൧. വക്ത്രാംഭോജം=മുഖമാകുന്ന താമരപ്പൂവിനെ. കരതലംകൊണ്ട്=കൈപ്പടംകൊണ്ട്. മുത്തേലും=മുത്തുമാലയെ അണിഞ്ഞ. മധുരഗിരാ=മധുരമായ വാക്കുകൊണ്ട്. ചാരു=

ഭംഗിയായി. (ക്രി. വി.) മാം=എന്നെ. ഉദ്യൽസ്നേഹം=സ്നേഹത്തോടുകൂടി. അഖില......ദൃശാം=എല്ലാം സ്ത്രീകളുടേയും; മൌലി......മാലേ=ശിരസ്സിൽ അണിയുന്ന മാണിക്യമാലയായുള്ളോവേ! (മഹാ സുന്ദരി).

൪൨. അത്ഥം സ്പഷ്ടം.

൪൩. അബലേ=ഹേ സുന്ദരി! മാമകീനം മാറിടം=എന്റെ മാറിടം. ത്രൈലോക്യശ്രീ=മൂന്നു ലോകത്തിന്റെയും ഐശ്വൎയ്യദേവത. കാമ...വിധൌ=സംഭോഗാവസാനത്തിൽ. അസ്മിൻ=ഇതിൽ (ഈ മാറിടത്തിൽ). വിശ്രമിക്കാം=ക്ഷീണം തീക്കാം. അശങ്കം=ശങ്കകൂടാതെ. (ക്രി. വി.)

൪൪. വിബുധസ്ത്രീജനം=ദേവസ്ത്രീവൎഗ്ഗം. പാൎശ്വഭാഗേ=സമീപത്തിൽ. വിചരതി=സഞ്ചരിക്കുന്നു.

൪൫. പൂൎണ്ണ......ധാമാ=പൂൎണ്ണചന്ദ്രൻ. ചരണസരസിജം=താമരപ്പൂവുപോലെയുള്ള കാൽ. മഹീ......മാലെ!=ഭൂമിയിൽവെച്ചു കാമദേവനു് അലങ്കാരമായുള്ളോവേ!. ഓരോരസസരണി=രസകരങ്ങളായ വഴികൾ. ഉൾപ്പുക്കേ=രാജധാനിയുടെ അകത്തു പ്രവേശിച്ചാലെ; കാണാവൂ (എന്റെ ഭാൎയ്യാപദം പ്രാപിച്ചു ശയ്യാഗൃഹത്തിൽ കയറാതെ ഇങ്ങനെ ഇവിടെ ഇരുന്നാൽ ഈ പദവികളൊന്നും കാണാനും അനുഭവിപ്പാനും തരമാവുകയില്ല).

ലളിതങ്ങളായ ഒട്ടേറെ ഭാഷാപദ്യങ്ങൾ വായിച്ചു വായനക്കാൎക്കു വൈരസ്യം തോന്നീട്ടുണ്ടെങ്കിൽ ഇതാ ഏതാനും സംസ്കൃതശ്ലോകങ്ങളും മണിപ്രവാളപദ്യങ്ങളും താഴെ കൊടുക്കുന്നു.

൪൬. ഇന്ദിന്ദിരഃ=വണ്ടു്. യാവൽ=എപ്പോൾ. പത്മമാധ്വീ (ഭവതി)=താമരപ്പൂവിലെ തേൻ ഉണ്ടോ? താവൽ=

അപ്പോൾവരെ. അന്യൽ മധു. ബഹുമന്യതേ=മററുള്ള ര്തെ നിനെ ബഹുമാനിക്കുന്നു. യാവൽ ജ്യോത്സ്നാപ്രപാതഃ(ഭവതി)=എപ്പോൾ നിലാവു പരക്കുന്നുവോ. ചകോരഃ=ച്ചകോരപ്പക്ഷി. താവൽ=അതുവരെ. മരിചകിസലയം=കുരുമുളകുവള്ളിയുടെ തളിരിനെ. ലേഢി=നക്കുന്നു. യാവൽ=എപ്പോൾ. അംബുജാനാം നാളഃ. ഭവതി=താമരവളയം കിട്ടുന്നുവോ? മരാളഃ=അരയന്നം. താവൽ=അതുവരെ. മൃദുദളാനി. അത്തി=ഇളയതളിരുകളെ തിന്നുന്നു. ഹേ ദേവി! (ത്വം) യാവൽ പ്രസാദം. വിതനുഷേ=അല്ലയോ ദേവി! നീ എപ്പോൾ പ്രസാദിക്കുന്നുവോ? മണ്ഡോദരി മേ താവൽ (ഭവതി)=മണ്ഡോദരി എനിക്ക് അതുവരെ മാത്രമേ ഉള്ളൂ. (നീ പ്രസാദിച്ചാൽ ആ സമയത്തു ഞാൻ മണ്ഡോദരിയെ ത്യജിക്കും എന്നു ഭാവം).

൪൭. ഹേ അനവദ്യാംഗി!=സുന്ദരാംഗി!. കമലലോചനേ!=പത്മനേത്രേ! രംഭോരു!=വാഴത്തണ്ടുപോലെയുള്ള തുടകളോടുകൂടിയവളേ! മൃഗശാബാക്ഷി!=കുട്ടിമാൻ ദൃഷ്ടിയാളെ!. പൂർണ്ണ... ...ആനനേ!=പൂർണ്ണചന്ദ്രനോടു തുല്യമായ മുഖത്തോടുകൂടിയവളേ!. (ത്വം) കാമാൽ മാം ഭജ=നീ കാമത്താൽ എന്നെ സ്വീകരിക്കുക.

൪൮. തവ=നിന്റെ. പത്മപത്രാക്ഷം=താമരപ്പൂവിന്റെ ഇതൾപോലെയുള്ള കണ്ണുകളോടുകൂടിയതും. മനോരമം=മനസ്സിനെ രമിപ്പിക്കുന്നതും. ഭ്രൂലതാലളിതം=പുരികക്കൊടികൾകൊണ്ടു സുന്ദരമായിട്ടുള്ളതും. കാന്തം=കാമിക്കപ്പെടുവാൻ യോഗ്യവും, ആയ. മുഖം ദൃഷ്ട്വാ=മുഖത്തെ കണ്ടിട്ട്. (മാം) അനംഗഃ ഭൃശം ബാധതേ=എന്നെ കാമൻ അധികം ഉപദ്രവിക്കുന്നു.

൪൯. ഹേ മൂഢേ!=വിവേകമില്ലാത്തവളേ! രാജ്യാൽ ച്യുതം=നാട്ടിൽനിന്നു പിഴകിപ്പോന്നവനും, അസിദ്ധാൎത്ഥം= ഒന്നിനും കൊള്ളരുതാത്തവനും, പരിമിതായുഷം=അല്പായുസ്സും, (മനുഷ്യനാകയാൽ) പണ്ഡിതമാനിനം=തന്നെത്താൻ യോഗ്യനെന്നു് അഭിമാനിക്കുന്നവനും ആയ. രാമം=രാമനെ. കൈഃ ഗുണൈഃ=ഏതു ഗുണങ്ങളെക്കൊണ്ടു്. (തൃ.൦=നി) അനുരക്താ അസി=അനുരക്തയായിട്ടു ഭവിക്കുന്നു. (രാമൻ അനുരാഗയോഗ്യനല്ലെന്നു വിശേഷണങ്ങളെക്കൊണ്ടു സാധിച്ചിരിക്കുന്നു).

ഭേദോപായങ്ങളെത്തന്നെ ഇനിയും പ്രയോഗിക്കുന്നു.

൫൦ അഗ്രേ=മുമ്പിൽ. കള്ള......മുനിക്കു്=വിശ്വാമിത്രനു്. ഉഗ്രാത്മാ=ക്രൂരബുദ്ധി(യായ രാമൻ). വിധവാം=വിധവയായി. വൃദ്ധാം=വൃദ്ധയായി. കൃശാം=ചടച്ച ദുൎബ്ബലയായ. താടകാം=താടകയെ. വധിച്ചു് ചൊൽക്കൊള്ളും കുറളിക്കു്= പുംശ്ചലിയായ അഹല്യക്കു്. (ഇവിടെ 'അഹല്യ' എന്ന സംജ്ഞതന്നെ പറയാതെ 'കുറളിക്കു്' എന്നു പറഞ്ഞതിനാൽ ധൂൎത്തയായ അവളുടെ നാമഗ്രഹണം വൎജ്ജ്യമാണെന്നു സൂചിപ്പിച്ചിരിക്കുന്നു). നിൎവ്യാകുലം=വൈയ്യഗ്രത്തോടുകൂടി. (സ്ത്രീവധാദി കുത്സിതകൎമ്മങ്ങളെക്കൊണ്ടു ദൂഷിതനായ താൻ ഒരു ഉത്തമ കുലകന്യകയെ സ്വീകരിക്കുന്നതു് അയോഗ്യമല്ലേ? എന്നുള്ള മനശ്ചാഞ്ചല്യം കൂടാതെ).

൫൧. ഹാസ്യബ്രാഹ്മണനെ=ഹാസ്യനായ=ജന്മനാ ശാന്തനായ മുനിയാണെങ്കിലും, മാതൃഹത്യാ, ക്ഷത്രഹത്യമുതലായി അതിക്രൂരങ്ങളും നിന്ദ്യങ്ങളുമായ കൎമ്മങ്ങൾ ചെയ്തു ഹേതുവായിട്ടു സജാതീയന്മാരുടെ പരിഹാസത്തിനു വിഷയമായ) ബ്രാഹ്മണനെ (പരശുരാമനെ) ആത്താനന്ദം=സന്തോഷത്തോടുകൂടി. (ക്രി.വി.) അഭിഷേകാന്തേ=അഭിഷേകം അടുത്തപ്പോൾ. പിഴക്കിടിനാൾ=പുറത്താക്കി (കൈകേയി എന്നു ആഖ്യാ അൎത്ഥസിദ്ധം).

൭൦. ശൂൎപ്പണഖാം=ശൂൎപ്പണഖയെ. ഒളിച്ച്. ഭുക്ത്വാ=ഗൂഢമായി അനുഭവിച്ചിട്ട് രുഷാ=കോപത്താൽ. ഇമാം ഭവതീം=ഈ നിന്നെ. ചതിച്ചു. ത്യക്ത്വാ=ഉപേക്ഷിച്ചിട്ട്. അഹോ! വീൎയ്യവാൻ=ഇങ്ങനെയുള്ള രാമൻ മഹാ പരാക്രമി തന്നെ. അഹോ! എന്നു ഹാസ്യത്തിൽ, രാക്ഷസീസംഗം, അതു തന്നെ വ്യഭിചാരരൂപത്തിൽ, പിന്നെ അവളുടെ വിരൂപണം, സൌജന്യസൌന്ദൎയ്യാദി ഗുണങ്ങളുള്ള സ്വഭാൎയ്യയുടെ പരിത്യാഗം, നീചസമാശ്രയം, നിരപരാധിയായ ഒരുവനെ ചതിച്ചുകൊല്ലുക, ഇത്യാദി നീചകൎമ്മങ്ങൾ ചെയ്യുവന്റെ വീൎയ്യം പ്രശംസനീയംതന്നെ എന്നു ഭാവം.

൭൧. ഹേ ദയിതേ!=പ്രിയേ!. വീൎയ്യഹീനേ. രഘുതനയേ=ആണത്തമില്ലാത്ത (ചുണയില്ലാത്ത) രഘുതനയനെ (രാമനെ) കുറിച്ചുള്ള. ആശാപാശം=ആശാബന്ധത്തെ. ഇനി മുറിക്കാം=ഉപേക്ഷിക്കാം. (ഭൎത്താവായ രാമൻ വന്നു ശത്രുനിഗ്രഹംചെയ്തു നിന്നെ വീണ്ടുകൊണ്ടുപോകും എന്നുള്ള ആശാബന്ധത്തെ ഇനി ഉപേക്ഷിക്കാം) പാഴ്ക്കാമുകരോട്=കൊള്ളരുതാത്ത കാമുകന്മാരോട്. അതിർ കടന്നുള്ള=അധികമായ. കേളീവിനോദം=ലീലാരസം. വധൂനാം=സ്ത്രീകളുടെ. നാശത്തിന്ന്. ആദി=ആരംഭം (ആകുന്നു). പുനഃ=പിന്നെ (വിശേഷിച്ച്). അവനൌ=ഭൂമിയിൽവെച്ച്. ജന്മനിൎഭാഗ്യൻ=ജനനത്താലേ ഭാഗ്യമില്ലാത്തവൻ ആയ അവൻ (രാമൻ). നീചാനാം നീചൻ അല്ലോ=നീചരിൽവച്ചു നീചനായിട്ടുള്ളവൻ ആണല്ലോ. ഇഹ=ഇവിടെ. (ഈ ലങ്കയിൽ). വിശ്വനാഥനുപോലും ക്ലേശിച്ചാലും=എത്ര പണിപ്പെട്ടാലും വരാമോ? (ലോകനാഥനുപോലും ഈ ലങ്ക, അപ്രാപ്യമാകുന്നു. അങ്ങനെയിരിക്കെ ഈ ദുൎബ്ബലനായ രാമനുണ്ടോ ഇവിടെ വരുവാൻ സാധിക്കുന്നു).

ലങ്ക അന്യദുഷ്പ്രാപയാണെന്ന് ഇനി ഒരു ശ്ലോകംകൊണ്ടു വിവരിക്കുന്നു.

൭൪. അംഭോനാഥൻ=സമുദ്രം. ഗിരി......കൂടേഷു =ത്രികൂടപർവ്വതത്തിൻെറ കൊടുമുടികളിൽ. നഗരി=ലങ്കാപുരി. നിറമതിൽ=നിറഞ്ഞ (ചുററം ഉറപ്പിൽ കെട്ടിയ) അല്ലെങ്കിൽ നിറം=ഭംഗി. ഉള്ള മതിൽ=കോട്ട. ഏകാദശവിധം=പതിനൊന്നുതരം. മദ്ധ്യേ=നടുവിൽ. ബഹുദളം=വളരെ. ദലങ്ങൾ= ഇതളുകൾ (മുഖങ്ങൾ) ഉള്ളതു്. സ്ഫുടാഭോഗം=ഏററവും വിസ്താരമുള്ളതു്. മണിമയവിമാനം = രത്നമയമായ മഹാപ്രാസാദം. ഹേ കമനി!= സുന്ദരി!. മമ= എൻെറ. സിംഹാസനവരം= വിശേഷമായ സിംഹാസനം. തസ്മിൻ= അതിൽ. (പുഷ്പകവിമാനത്തിൽ) ആകുന്നു. ലങ്കാപുരിതന്നെ അപ്രാപ്യമായ സ്ഥലത്തു് അഭേദ്യമായ ഉറപ്പോടുകൂടി ഉണ്ടാക്കപ്പെട്ടതും അനേകം മഹാസൈന്യങ്ങളുള്ളതുമാണു്. വിശേഷിച്ചു ഞാനിരിക്കുന്ന രാജധാനിയാകട്ടെ സർവ്വദിക്കിലും യഥേഷ്ടം സഞ്ചരിക്കാവുന്ന ദിവ്യ വിമാനമാണു്. അങ്ങനെയിരിക്കേ ആക്കെങ്കിലും പുറത്തുനിന്നു് ഇവിടെ വരുവാനോ എന്നോടു യുദ്ധംചെയ്യാനോ സാധിക്കുന്നതല്ല.

ഇങ്ങനെ രാവണൻെറ രാമനിന്ദയും, ആത്മസ്തുതിയും കേട്ടിട്ടു് സീത അതിനു മറുവടിപറവാൻ ഭാവിക്കുന്നു എന്നു കല്പിച്ചുകൊണ്ടു രാവണൻ വീണ്ടും പറയുന്നു.

൭൫. ഹേ കമനി=സുന്ദരി! ഇന്നി ഉത്തരം=മറുവടി. പോരും=മതി. ചാരിത്രം=നല്ല നടത്ത. (പാതിവ്രത്യനിഷ്ഠ). അടവു്=കൌശലം. യോഷിതാം=സ്ത്രീകൾക്കു്. അവർകൾ=ആ സ്ത്രീകൾ. തങ്ങളേ=തങ്ങൾതന്നെ (ആരുടേയും നിർബ്ബന്ധം കൂടാതെ). ചിത്ത......തുരാൽപിണഞ്ഞു്=കാമഭ്രാന്തു പിടിച്ചു്.

ദണ്ഡകം ൧. മയ്യുണ്ണി......മകരി!=ഹേ സ്ത്രീരത്നമേ!. നിർവ്വിഷ്ണതവം=(ക്രി. വി.) വ്യാജം കൂടാതെ. മമ=എനിക്കു്. തരിക. മഴലമിഴി!=മനോഹരങ്ങളായ കണ്ണുകളോടുകൂടിയവളേ! മ

മ=എന്റെ. മനസി=മനസ്സിൽ. ശരണം=(നീതന്നെ) ആശ്രയം. ഇനിഇത്. വിരസം=നീരസം (ആകുന്നു). രജനിചരപോതേ=രാക്ഷസക്കിടാവിൽ. (ഈ അശരണനായ എന്റെ നേരെ.) മദുവൽ=പല്ല്. അരുൾ=തരിക. (ലക്ഷണമായ പല്ലുകൾ കാണിക്കുക, മന്ദഹാസം ചെയ്യുക, പ്രസാദചിഹ്നം പ്രകാശിപ്പിക്കുക). ഇക്കോള്പ്പ്=ഈ സ്ഥിതി (പ്രാതികൂല്യം) ദുഃഖാധികം. നിയതം=സങ്കടമായിട്ടുള്ളതാകുന്നു നിശ്ചയം. സമ്പ്രതി=ഇപ്പോൾ. കുളിക്ക് ഉപരോധം=തടവ്. ബോധം വരികൽ=ആലോചിച്ച് അറിഞ്ഞാൽ. ഇതു്=താൻ നിമിത്തം മറ്റൊരാൾ വ്യസനിപ്പാൻ സംഗതി വരുന്നത്. ദുരനുഭവ......ഹൃദയവതി!=ഭാഗ്യഹീനനായ മനുഷ്യയുവാവിൽ മനനുസ്സ വെച്ചുകൊണ്ടിരിക്കുന്നവളേ! വിഹര=(നീ) വിഹരിക്കുക. ഇതു് ദശമുഖൻ=അനുസരതി=വഴങ്ങുന്നു. കലിത......ബാധം=(ക്രി. വി.) തടവുകൂടാതെ. ധിക്ക് കഷ്ടം! (എന്നു പരിഹാസപൂർവ്വമായ നിന്ദാവ്യഞ്ജകം) ഇക്കണ്ട രാവണൻ ഇണക്കാതപെണ്ണ് ഉലകിൽ ആരു്+ഏ=ഒരുതന്നെയും (ഒരുത്തിയും) ഇല്ല. വിവിധരസധാരേ!=അല്ലയോ നാനാരസപ്രവാഹരൂപിണി! (എന്നു സീതയെ സംബോധന ചെയ്യുന്നു). അതിനു് വിരുതു് ഭൂരേ=വളരെ വളരെ (എനിക്കുണ്ടു്.) അരുൾ=അരുളുക, തരിക (മദ്ധ്യമപുരുഷരൂപം) വിതര=തരിക. (ലോട് പരസ്മൈപദം മദ്ധ്യമപുരുഷൈകവചനം) യുവ......ചോരേ=യുവാക്കന്മാരുടെ മനസ്സിനെ അപഹരിക്കുന്നവളേ! സൽക്കാരം=പ്രശംസ. സുര...സാത്ഥം–ദേവസ്ത്രീസമൂഹം. പരിചരണപാത്രം=(നിന്റെ) ശുശ്രൂഷക്കു ഒരുങ്ങിയിരിക്കുന്നതു്. എഴനിൽ=എഴുനീൽക്കുക. (മദ്ധ്യമപുരുഷൻ) നട=നടക്കുക. (മ. പു.) പിബ=പാനംചെയ്ക. (ലോട്. പ. പ. മ. പു. ഏ.) വിഹര

ംകളിക്കുക. (ലോട് പ. പ. മ. പു. ഏ). വിധിവിഹിതം=ദൈവകല്പിതം. അനുസരതി=അനുസരിക്കുന്നു. (വന്നുചേരുന്നു) സകലം. അതിമാത്രം=അധികമായിട്ട്.

൩൬. ദശഗ്രീവൻ=ദശകണ്ഠൻ. (രാവണൻ) തരളമിഴി=ചഞ്ചലാക്ഷി (സീത) മനസാ=മനസ്സുകൊണ്ട്. നിർണ്ണീയ=നിശ്ചയിച്ചിട്ട്. കചാഗ്രൈഃ=തലമുടിയുടെ തുമ്പുകൊണ്ട്. പ്രകൃതിമധുരം=സ്വഭാവത്താൽ സുന്ദരമായ. വക്ത്രകമലം=മുഖപത്മത്തെ. ആച്ഛാദ്യ=മറച്ചിട്ട്. ജനകതനയാ=സീത. മന്ദംമന്ദം=പതുക്കെ പതുക്കെ. ഇദം വചഃ=ഈ പ്രകാരമുള്ള വാക്കിനെ. വ്യാഹരൽ=പറഞ്ഞു.

൩൭. ഹിതം=പത്ഥ്യം. അതീവ=വളരെ. യോഗ്യം=വിപരീതലക്ഷണയാ അയോഗ്യം എന്നു സാരം.

൩൮. രാക്ഷസജാതി ഭീമാ=രാക്ഷസവർഗ്ഗം ഭയങ്കരം (ആകുന്നു.) മൂവ്വുലകിലും ഗതാ=മൂന്നു ലോകത്തിലും ചെന്ന്. കുല......കുലം=ഉത്തമസ്ത്രീകളെ. സാമർത്ഥ്യേന=ബലാൽകാരംകൊണ്ട്, പേർ മറ്റൊന്ന്=അതുകൊണ്ടുണ്ടാകുന്ന പേർ നല്ലതല്ല. ദുര്യശസ്സാകുന്നു. അധുനാ=ഇപ്പോൾ. നിർണ്ണീതം=നിശ്ചയിക്കപ്പെട്ടത്.

൩൯. ഒരിക്കാലും=ഒരു കാലത്തും (പ്രാചീനപ്രയോഗം) പിശിതഭുജാം=രാക്ഷസന്മാരുടെ. അവ്യാജം=(ക്രി. വി.) സത്യമായി. ഭസ്മീകരിപ്പാൻ=വെണ്ണീറാക്കുവാൻ. ഖരരിപു=ഖരന്റെ ശത്രു. (രാമൻ) ഇവിടെ ഖരരിപു എന്ന പദം സാഭിപ്രായമാകുന്നു. മൂന്നേമുക്കാൽ നാഴികകൊണ്ടു ഖരവധം ചെയ്ത രാമനു ലങ്കാദാഹം സുകരമാണെന്നു കാണിക്കുന്നു. അതിനാൽ പരികരാലങ്കാരം).

൪൰. ജീവിക്കയിൽ=ജീവിക്കുക എന്നതിൽ. മനസ്സിൽ

ഒരു ആശ ഉണ്ട് എങ്കിൽ. അനർത്ഥം=നാശം (ബുദ്ധിമുട്ട്). രാമചന്ദ്രം=ശ്രീരാമനെ. തൊഴ=തൊഴുക.

൱൫. വല്ലായ്മ=സങ്കടം. ആംപ്രകാരം=ആവുന്നവിധം. കല്യാണാവാസം=ശുഭനിധി. (രാമഭദ്രവിശേഷണം) മമ കമിതാ=എന്റെ ഭർത്താവ്. രാമഭദ്രഃ=ശ്രീരാമസ്വാമി. ദയാർദ്രൈഃ=ദയകൊണ്ട് അലിഞ്ഞവയായി. ഉല്ലോലൈഃ=ഇളകുന്ന. ദൃഷ്ടിപാതൈഃ=കടാക്ഷങ്ങളെക്കൊണ്ട്.

൱൬. ഇത്ഥം=ഇങ്ങനെ. വിദേഹ......അവസാനേ=സീത പറഞ്ഞുകഴിഞ്ഞപ്പോൾ. മത്തഃ=ഗർവ്വിഷ്ഠനായ. നിശാചരപതിഃ=രാക്ഷസരാജാവ്. (രാവണൻ) മധുരം=(ക്രി. വി.) ഭംഗിയിൽ. ബഭാഷേ=പറഞ്ഞു. മുഗ്ദ്ധേ=കാര്യാകാര്യവിവേകശൂന്യേ!; കമനി!=സുന്ദരി!. നമ്മോട പറഞ്ഞത് തുലോം അഴകുണ്ട്=വളരെ ഭംഗിയായി (വിപരീതലക്ഷണയാൽ ഒട്ടും നന്നായില്ല എന്നു സാരം). മദീയം വചഃ=എന്റെ വാക്കിനെ. അദ്ധ്യക്ഷണം=കേൾക്ക.

൱൭. ആവാസസ്ഥാനം=പാർപ്പിടം. മാദൃശാനാം=എന്നെപ്പോലെയുള്ളവർക്ക (എനിക്ക് എന്നു സാരം) ഉയ=നല്ല (വിശേഷമായ) —പാരുഷ്യം=പരുപരുപ്പ്.

൱൮. വദനാചുംബനത്തിന്=മുഖചുംബനത്തിന്. ദോരന്തരാളം=ദോസ്സു (കൈക)കളുടെ. അന്തരാളം=മധ്യം(മാറിടം). അഞ്ജന......ആഭോഗി=അഞ്ജനപർവ്വതത്തിന്റെ താഴ്വരപോലെ വിസ്താരമുള്ളത്. രാജ......ചിറക്=അരയന്നത്തിന്റെ ചെറിയ തൂവൽ. പതുപ്പ്=മാർദ്ദവം (ഹംസമെത്ത എന്നു പ്രസിദ്ധം). ശയ്യാ=കിടയ്ക്ക. മനോ......ലതികേ!=മനസ്സിനെ മോഹിപ്പിക്കുന്ന ദേഹത്തോടുകൂടിയ സുന്ദരി!

൱൯. ഹേ വൈദേഹി!; തൽ മനഃ=ആ മനസ്സ്

(സംഭോഗസക്തമായ മനസ്സ്). ദൃഗ്ലീലാസു=കൺവിലാസങ്ങളിൽ. സകൌതുകം യദി=താല്പൎയ്യത്തോടുകൂടിയതാണെങ്കിൽ. മേ=എനിക്ക്. ദൃശാം വിംശതിഃ=(അസ്തി) ഇരുപതു കണ്ണുകളുണ്ട്. നിസ്സന്ധൌ പരിരംഭണേ=ഗാഢമായ ആലിംഗനത്തിൽ. രതിഃ (യദി)=താല്പൎയ്യം (ഭവിക്കുന്നു) എങ്കിൽ. ദോൎമ്മണ്ഡലീ ദൃശ്യതാം=കരസമൂഹം കാണപ്പെട്ടാലും. അഹോ=ആശ്ചൎയ്യം. (ഇത്ര വളരെ കൈകൾ ആൎക്കെങ്കിലും ഉണ്ടോ? എന്നു സാരം) പരിചുംബനേ പ്രേമാ ചേൽ=ചുംബനത്തിലാണു പ്രിയം എങ്കിൽ. പുരഃ=മുമ്പിൽ. ദശമുഖീ സജ്ജാ=പത്തു മുഖങ്ങൾ സന്നദ്ധങ്ങളായിട്ടുണ്ട്. പൌലസ്ത്യസ്യ=രാവണന്റെയും. രാഘവസ്യ=രാമന്റെയും. ഉപചാരാന്തരം പശ്യ=സൽക്കാരങ്ങളുടെ ഭേദത്തെ ആലോചിക്കുക. ബ്രഹ്മൎഷിഗോത്രജാതനായ രാവണന്റെയോ രാജവംശജാതനായ രാമന്റെയോ ഉപചാരം, വിദേഹരാജവംശത്തിൽ ജനിച്ചവളായ നിനക്ക് ആദരണീയമായിട്ടുള്ളത് എന്നു നല്ലവണ്ണം ആലോചിക്കേണ്ടതാകുന്നു എന്നഭിപ്രായം.

൩൩. ശ്രീകൈലാസേ=ശ്രീമത്തായ (സാക്ഷാൽ പാൎവ്വതീപരമേശ്വരന്മാർ കേളിചെയ്യുന്ന) കൈലാസപൎവ്വതത്തിലും. സുമേരൌ=സ്വൎഗ്ഗാധിഷ്ഠാനഭൂതമായ മേരുപൎവ്വതത്തിലും. സുരമിഥുനമനോനന്ദനേ നന്ദനേ=ദേവദമ്പതിമാരുടെ മനസ്സിനെ ആനന്ദിപ്പിക്കുന്ന നന്ദനോദ്യാനത്തിലും. ഭൂലോകേ=ഭൂമിയിൽ ഉള്ള സകല പ്രദേശങ്ങളിലും. പാതാളലോകങ്ങളിൽ=അതലവിതലാദികളായ അധോലോകങ്ങളിലും. ഉദയഗിരൌ=ഉദയപൎവ്വതത്തിലും ചന്ദനോദ്യാനമാൎഗ്ഗേ=മലയപൎവ്വതത്തിലുള്ള ചന്ദനവനത്തിലും. ആകാശേ=ആകാശത്തിലും. (തന്റെ പുഷ്പകവിമാനം ആകാശസഞ്ചാരയോഗ്യമാണല്ലൊ) ദുഗ്ദ്ധസിന്ധൌ=പാൽക്കടലിലും (ലക്ഷണയാ പാൽക്കടലിലുള്ള ദ്വീപാന്തരങ്ങളിലും. ഇതു് അന്യദ്വീപങ്ങളുടെ ഉപലക്ഷണം). ഹിമശിഖരിതടേ=ഹിമവാന്റെ താഴ്വരയിലും. ഞാനും ആയ് ഏകാന്തേ=രഹസ്സിൽ.

കേളിചെയ്യാം=ക്രീഡിക്കാം. കാന്തേ!=ഹേ പ്രിയേ! ഹന്ത!=കഷ്ടം. രഘുതനയപിശാചെന്നു്=കാട്ടിൽ വസിക്കുന്നതിനാൽ പിശാചതുല്യനായ രാമനെപ്പററി. എടോ!നീ മിണ്ടായ്ക=(അവന്റെ പേർ പറയുന്നതു് അനുചിതമാണെന്നു സാരം).

൰. ഹേ മുഗ്ദ്ധേ!=സുന്ദരി. ചാരുശീലേ!=സുശീലേ! നീ ദശമുഖപദവീസൌരഭം=രാവണന്റെ സ്ഥാനത്തിനുള്ള വിശേഷത്തെ. പാൎക്കേണമേ!=ആലോചിച്ചുനോക്കണേ. നിത്യം നിത്യം=എല്ലാ ദിവസവും. പതിവായി പ്രഭാതേ=വെളുപ്പാൻകാലത്തു്. സജല......ഗംഭീരം=ജലത്തോടുകൂടിയ മേഘത്തിന്റെ നാദം (ഇടിമുഴക്കം) പോലെ ഗംഭീരമായ. ഓരോ പുത്തൻ വാദിത്രഘോഷം=വാദ്യഘോഷം. രജനി......യാതം=രാക്ഷസസ്ത്രീകളുടെ സംഗീതത്തോടു ഇടകലൎന്നു്. മദ്ധ്യേ മദ്ധ്യേ=ഇടയ്ക്കിടയ്ക്കു്. ജയബിരുദ......മന്ദ്രം=ജയ ജയ രാവണ! ജയ ജയ ദശമുഖ! എന്നു തുടങ്ങിയുള്ള വിരുതുവിളികളും, വീരശംഖധ്വനികളോടിടകലൎന്നു് അത്യുച്ചത്തിലുള്ളതു്. ഇങ്ങിനെയുള്ള ദശമുഖപദവീസൌരഭത്തെ പാൎക്കേണമേ എന്നു യോജനാ.

ഇനി രാമന്റെ അവസ്ഥകളെ പരിഹാസഗൎഭമായി പറയുന്നു

൰൧. പ്രത്യൂഷേ=വെളുപ്പാൻകാലത്തു്. പരുവമേൽ=മുളക്കൂട്ടത്തിന്മേൽ (മുള്ളിപ്പട്ടിച്ചിന്മേൽ) ദാത്യൂഹസംഘം='നത്തു്' എന്ന പക്ഷികളുടെ കൂട്ടം ബദ്ധോന്മാദം=മദമത്തങ്ങളാകുംവണ്ണം. (ക്രി വി) എരിവാ=ഓരിക്കരുക്കൻ. ബാലാൻ മത്വാ=കുട്ടികളെ വിചാരിച്ചു്. (ഉദ്ദേശിച്ചു). ഉരത്തും=ശബ്ദിക്കും. മുരംപേൎപ്പുലിക്കൂട്ടം=മുരത്ത(കെല്പുള്ള) പെറവുകിടക്കുന്ന പുലിക്കൂട്ടം. ചീവീടു്=മണ്ണിൽ അള തുരന്നിരിക്കുന്ന 'ചാടൻ' എന്ന പ്രാണി. അഴക്കും=ശബ്ദിക്കും. (അഴകാതെ; എന്നതുക്കു് അഴകാറായ്? എന്നതുപോലെ തമിഴ്ധാതു). ഇങ്ങനെ ഓരോന്നേ=ഓരോന്നായിട്ടുള്ള. ദശരഥതനയൻപ്രാഭവം=രാമന്റെ പദവി. നന്നു്=നല്ലതുതന്നെ. (വിപരീതലക്ഷണയാ എത്ര ചീത്തയാണെന്നു നോക്കുക).

൧൯. ഐരാവത......മലിനേ=ഐരാവതത്തിന്റെ മദജലംകൊണ്ടു മലിനമായ. ദിവ്യ......പ്രവാഹേ=ആകാശഗംഗാജലത്തിൽ. അമരതരു=കല്പവൃക്ഷം. മാനനീയേ വാസസീ=നല്ല വസ്ത്രങ്ങളെ. ഗമനം=യാത്ര. ശംഖധ്വാനാഭിരാമം=ശംഖനാദംകൊണ്ടു മനോഹരമാകുംവണ്ണമുള്ളതു്. അതിമനോഹാരി=ഏററവും മനോഹരം. മാണിക്യ......മയം=മാണിക്യക്കല്ലു വിരിച്ചതു്. തേവാര......രംഗം=തേവാരത്തിനുള്ള സ്ഥലം. അമലേ!=സുന്ദരി!. മാമകീനം പ്രഭാവം=എന്റെ മഹത്വം ഇങ്ങിനെയെല്ലാം ആകുന്നു എന്നു് അന്വയം.

൨൦. കലുഷജലേ=കലങ്ങിയ വെള്ളമുള്ള. കർദ്ദമാർദ്രേ=ചളി പൊങ്ങിയ. മാട്ടിന്മേൽ=മണൽത്തിട്ടിന്മേൽ. കഠിന......ആകുലേ=കടുപ്പമുള്ള തലയോടുകൾകൊണ്ടു മിശ്രമായിട്ടുള്ള. പല്വലേ=പൊട്ടക്കുളത്തിൽ. (ആകുന്നു.) സ്നാനകേളി=കുളി.

൨൧. ഹേ കമ്രാംഗി!=മനോഹരി!. ഉപദംശങ്ങൾ=കറികൾ. മമ്മാ=വിശേഷമായിട്ടുള്ളതു്. പാനം=പേയം (കുടിപ്പാനുള്ളതു്. രമ്യം=സന്തോഷപ്രദം. പയോജ......വദനേ!=താമരപ്പൂവിനൊത്ത മുഖത്തോടു കൂടിയവൾ ആയ സീതേ! തദാനീം=അപ്പോൾ. (ഉള്ള) സുഖം ഓർത്തിടു്=നീ ഓർത്തുനോക്കുക.

൨൨. അശനം=ഭക്ഷണം. അത്യന്തഹൃദ്യം=ഏററവും ആസ്വാദ്യം. (വിപരീതലക്ഷണയാ ഏററവും അരസത്തക്കതു്). പാനീയസാരം=കുടിപ്പാനുള്ള സാധനം. നഷ്ടാശങ്കം=(ക്രി.വി.) ഭയം കൂടാതെ. തരൂണാം=വൃക്ഷങ്ങളുടെ. കുരലിൽ=കവരങ്ങളിൽ. തവ=നിന്റെ. സഹചരന്=ഭർത്താവിന്. വിശേഷം=ഭേദം. രാമരാവണന്മാരുടെ അവസ്ഥാഭേദം എത്രയാണെന്നു നീ ആലോചിച്ചുനോക്കുക.

൨൩. ദിശി ദിശി=എല്ലാ ദിക്കിലും. വിളയുന്ന=വർദ്ധിക്കുന്ന. കീർത്തിതുല്യം=യശസ്സിനു സദൃശമായിട്ടുള്ള. ഔന്നത്യവിസ്താരാദികൾകൊണ്ടു സാധർമ്മ്യം.

ഗദ്യം ൨൪. വരഗുണവതി=ഉത്തമഗുണങ്ങളുള്ളോവേ! എൻചിത്താരാം=എന്റെ മനസ്സാകുന്ന. വെണ്മതിഗ്രാവത്തു

വെണ്ണിലാവേ!=ചന്ദ്രകാന്തക്കല്ലിനു നിലാവായിട്ടുള്ളവൾ. (മനസ്സിനെ അലിയിപ്പിക്കുന്നവൾ) തുടുത്തോരു=നിറഞ്ഞ. ലാവണ്യം=സൌന്ദൎയ്യം. ആപാതചൂഡം=അടിമുതൽ മുടിവരെ. പ്രവാളാംഗരേഖേ!=തളിരുപോലെയുള്ള ദേഹത്തോടു കൂടിയവളേ! നിസൎഗ്ഗപ്രസാദത്തെ മുന്നിട്ട്=സ്വാഭാവികമായ തെളിമയെ പ്രകാശിപ്പിച്ച്. രാഗ......ദൃഷ്ട്യാ=അനുരാഗം നിറഞ്ഞ കണ്ണുകൊണ്ട്. മുദാ=സന്തോഷത്തോടുകൂടി. മന്മഥാൎത്തം=കാമപീഡയുള്ളതു്. മാനസം=മനസ്സ്. മമ സ്വാമിനി!=എന്റെ തമ്പുരാട്ടി! മഞ്ജുളാലാപമുദ്രാമൃതംകൊണ്ട്=മധുരസല്ലാപമാകുന്ന അമൃതുകൊണ്ടു്. മേ നെഞ്ചകം=എന്റെ ഹൃദയത്തെ. സിഞ്ച=നനച്ചാലും. വ്യഗ്രിയാസ്സു=പരവശ്യം ഭവിക്കാതിരിക്കുക. ഏടലർ......ആതങ്കവാൻ=കാമാൎത്തൻ. മുഗ്ദ്ധമുഗ്ദ്ധം=അതിസുന്ദരം. ആലാപജാലം=സംഭാഷണം. മഞ്ജുളഭ്രൂതരംഗങ്ങൾ=മനോഹരങ്ങളായ പുരികക്കൊടികളാകുന്ന തിരമാലകൾ. മംഗല......പാതങ്ങൾ=മനോഹരകടാക്ഷങ്ങൾ. കംബുബിംബങ്ങൾ=ശംഖിന്റെ ആകൃതികൾ. കുംഭികുംഭങ്ങൾ=ആനയുടെ മസ്തകത്തിലെ മുഴകൾ. നടുക്കം=ഭയംകൊണ്ടുള്ള ഞെട്ടൽ. വമ്പലർച്ചെഞ്ചരൻ വമ്പെഴുംതേൎത്തടം=വമ്പനായ കാമദേവന്റെ വിസ്താരമുള്ള തേർത്തട്ട്. മുമ്പു മുളീടും=തന്നെക്കാൾ പ്രാധാന്യമേറുമെന്നു സമ്മതിക്കുന്നു. അൽക്കിടം=നിതംബം. തുടത്തോരണം=തുടകളാകുന്ന തോരണക്കാൽ. ചിന്തയൻ=വിചാരിക്കുന്നവൻ. അന്തരാളേ=ഇടയിൽ. നറുന്താർ......വേഗേന=കാമഭ്രാന്തിന്റെ ആധിക്യത്താൽ. രാക്ഷസ......പ്രേമം=രാവണന്റെ നേരെയുള്ള രാഗം. ഗംഗാതരംഗേ=ഗംഗയിലെ തിരമാലയിൽ. അംഗരാഗം=കുറിക്കൂട്ട്. കലമ്പന്മണംകൊണ്ട്=പൂമണംകൊണ്ട്. അലമ്പെ പുലമ്പും=ഓളം വെട്ടുന്ന. കുറിപ്പെ

ട്ടകം=കരിക്കൂട്ടുകൾ വച്ചിരിക്കുന്ന പെട്ടി. ദേവേന്ദ്രദത്തം= ദേവേന്ദ്രൻ തന്നിട്ടുള്ളതു്. മനോഹാരി=മനസ്സു കവരുന്നതു്. ചവ്വാതു്=ഒരു സുഗന്ധവസ്തു. ബാലാർക്കസങ്കാശം=ഉദിച്ചുവരുന്ന സൂര്യനോടു തുല്യമായ. ആകല്പജാലം=ആഭരണങ്ങളുടെ കൂട്ടം. ലോകത്രയത്തിന്നു്=മൂന്നു ലോകങ്ങൾക്കും. ആധിക്യം=മെച്ചം. തൊട്ടാലുമോ?=തൊടട്ടയോ? കാണ്=നീ കാണുക. (എന്റെ പാരവശ്യം നോക്കണേ! എന്നു ദൈന്യപ്രകാശനം). കാമാഗ്നിനാ=കാമാഗ്നികൊണ്ടു്. മാരഭൂപാലവീരന്നു്=കാമദേവനാകുന്ന മഹാരാജാവിന്നു്. ജഗജ്ജൈത്ര......മാനേ!=ലോകം ജയിച്ചതിനെ പ്രകാശിപ്പിക്കുന്ന പൊൻകൊടിക്കൂറയായുള്ളോവേ! മനുഷ്യ...പ്രൌഢൻ=നിസ്സാരന്മാരായ മനുഷ്യരിൽവെച്ചു് അഗ്രഗണ്യൻ. (മഹാ നിസ്സാരൻ) രാക്ഷസാധീശ്വരൻ=രാക്ഷസചക്രവർത്തി. ഭേദം=വ്യത്യാസം. കൈകയീസൂനു=ഭരതൻ (കൈകയിയുടെ പുത്രൻ). അയച്ചുട്ടതു്=അയച്ചുവിട്ടതു്. വിനോദാന്തരം= വേറെ ഒരു നേരമ്പോക്കു്. മാമകീസോദരീ=എന്റെ സഹോദരി. കനിഷ്ഠൻ=അനുജൻ. കൊങ്കയുഗ്മം=മുല രണ്ടും. സംഗൃഹ്യ= എടുത്തുവച്ചിട്ടു്. ദത്വാ=കൊടുത്തിട്ടു്. ഇത്യാദിഭിഃ=ഇത്യാദികളെക്കൊണ്ടു്. മൽപ്രഭാവങ്ങൾ=എന്റെ മഹത്വങ്ങൾ.

പദ്യം ൪൭. ഇത്ഥം=ഇപ്രകാരം. നിശാചരപതേഃ= രാവണന്റെ. വചനം=വാക്കിനെ. നിശമ്യ=കേട്ടിട്ടു്. ക്രുദ്ധാ= കോപിച്ചവൾ ആയ. വിദേഹതനയാ=സീത. വിഭയം=(ക്രി. വി.) ഭയംകൂടാതെ. ബഭാഷേ=പറഞ്ഞു. നക്തഞ്ചരാധിപ!= രാവണ!. വാക്പ്രപഞ്ചൈഃ=അധികം പറയുന്നതുകൊണ്ടു്. ഫലം കിമു=ഫലം എന്താണു്?. അനർത്ഥജാലം=പലവിധത്തിലുമുള്ള ആപത്തു്.

൪൮. നടേ=മുമ്പിൽതന്നെ. കുല......മയീം=വംശത്തിന്നു തൊട്ടുകുറിയായിട്ടുള്ളവൾ. താടകാം=താടകയേ. മുനിമഖമ

ഘനൌ=മുനിയുടെ (വിശ്വാമിത്രമഹർഷിയുടെ) മഖ(യാഗ)ത്തെ മുടക്കിയവരായ. തത്തനൂജൌ=അവളുടെ (താടകയുടെ) പുത്രന്മാരെയും. തം വിരാധം കബന്ധം=ആ വിരാധനേയും കബന്ധനേയും. ആക്കം=കെൽപ്പ്. ഖരം=ഖരനേയും. ദൂഷണം=ദൂഷണനേയും. മാരീചം=മാരീചനേയും. നീ ഓർക്കണം എന്നന്വയം.

൬൬. മഥ്യമാനാർണ്ണവത്തോട്=മഥനം ചെയ്യപ്പെടുന്ന(കടയുന്ന) സമുദ്രത്തോട്. ഉരപൊരും=ഉരച്ചു പൊരുതുന്ന. (തുല്യമായ) ഘോഷം=ശബ്ദം. തിറവിയ=വർദ്ധിച്ച. രഘുനാഥ......നിനാദം=ശ്രീരാമന്റെ ചെറുഞാണൊലി. കേൾക്കുമാറുണ്ട്=കേൾക്കും. തദാനീം=അപ്പോൾ. തീയതു്=പീത്തയമായിട്ടുള്ളതു്.

൬൭. ചേതസാ=മനസ്സുകൊണ്ട്. ആശു=വേഗത്തിൽ. പ്രാതരാശം=പ്രാതലൂണ്. എന്ന്=എന്നു നിശ്ചയിച്ച്. സുനിശിതം=നല്ല മൂർച്ചയുള്ള. കരവാളം=വാളിനെ. ആദദേ=എടുത്തു.

൬൮. ഇതു സീതയുടെ വിചാരമാകുന്നു:— നിരാസോചിതം=നിരാസത്തിന്=നിന്റെ അപേക്ഷയെ ഞാൻ തള്ളിക്കളഞ്ഞതിന്. ഉചിതം=യോഗ്യം നിന്നുദ്യമം=നിന്റെ ഉത്സാഹം. പുഷ്ടപ്രീത്യാ=വളരെ സന്തോഷത്തോടുകൂടി. കുലസ്ത്രീജനം=പതിവ്രതാസ്ത്രീകൾ. ഊർദ്ധ്വശീഷം=തല പൊക്കിപ്പിടിച്ചുകൊണ്ട്. (ദുഷ്ടനായ രാവണൻ എപ്പോഴാണു മാനഭംഗം ചെയ്യുന്നതെന്നുള്ള ഭയം കൂടാതെ എന്നു സാരം.) ഉലകിൽ ഇരുന്നിടുമാറ്=ഇരിക്കത്തക്കവണ്ണം (എന്നെ നീ വെട്ടിയാൽ പിന്നെ എന്റെ ഭർത്താവു നിന്റെ കഥ അവസാനിപ്പിക്കാതിരിക്കയില്ല). ദുഷ്ടാത്മൻ!=ദുഷ്ടാത്മാവേ! മുടിഞ്ഞായ്;(മദ്ധ്യമപുരുഷരൂപം)നിയതം=നിശ്ചയം. ഇതി=ഇപ്രകാരം. ധിയാ=മനസ്സുകൊണ്ട്. രാമചന്ദ്രം=രാമചന്ദ്രനെ. വവന്ദേ=വന്ദിച്ചു.

൯. കരുണതരം=അധികം കഷ്ടമായ. പങ്ക്തി...
...വിശേഷം=രാവണന്റെ പ്രവൃത്തിയെ. അദ്ദശായാം=ആസ്സ മയത്തു്. സാ മണ്ഡോദരീ=പ്രസിദ്ധയായ മണ്ഡോദരി. ഉദ്ധൃതം പൊക്കിപ്പിടിച്ചിരിക്കുന്ന. ചന്ദ്രഹാസം=ചന്ദ്രഹാസത്തെ.

൰. വിരാന്താ!=ഭ്രാന്താ!. ചീനി=അന്തസ്സാരമില്ലാത്തതും വേഗത്തിൽ തടിച്ചു വളരുന്നതും ആയ ഒരു കാട്ടുമരം. (ഭതാണി വെട്ടുവാൻ ഉപയോഗിക്കുന്നതു്). ഇക്കന്യാരത്നം=ഉത്തമമായ ഈ സ്ത്രീയെ. ഉയിർ=പ്രാണൻ. ആഭാഷ്യ=പറഞ്ഞിട്ടു്. കുമച്ച് =അടിച്ച്. ആകുലാംഗീ=പരിഭ്രമിച്ചവൾ. (ഭർത്താവു അനുചിതകൎമ്മം ചെയ്യാൻ ആരംഭിച്ചതുകണ്ടിട്ടു് അദ്ദേഹത്തെ അതിൽനിന്നു തടുപ്പാനുള്ള താല്പാധിക്യംതന്നെ പാരവശ്യകാരണം).

പ്രബന്ധങ്ങളുടെ ആരംഭത്തിലോ അവസാനത്തിലോ കഥാസന്ദർഭാനുസാരേണ ചേർക്കാറുള്ള 'കൃത്യാകൃത്യോപദേശം' എന്ന സാഹിത്യസാരഭൂതമായ പ്രബന്ധഫലത്തെ കവി, അവസാനശ്ലോകംകൊണ്ടിവിടെ ഉപന്യസിക്കുന്നു:—

൱. ഝടിതി=വേഗത്തിൽ. പങ്കജാക്ഷം=താമരപ്പൂപോലെയുള്ള കണ്ണോടുകൂടിയവനെ. (മഹാവിഷ്ണുവിനെ). ഭക്ത്യാ=ഭക്തിയോടുകൂടി. വിശ്വസ്യ=വിശ്വസിച്ചിട്ട്. ചിത്തേ=മനസ്സിൽ. കരുതുകിൽ=ധ്യാനിച്ചാൽ. നിയതം= നിശ്ചയമായിട്ടും. ആപത്തുകൾദൂരെ നീങ്ങീടുമല്ലോ. ഉദ്യാനേ=അശോകോദ്യാനത്തിൽ. പ്രണയഹതിരുഷാ=പ്രേമഭംഗംകൊണ്ടുണ്ടായ കോപത്താൽ. രാമഭദ്രം=ശ്രീരാമനെ. മനസി=മനസ്സിൽ. കരുതും=ധ്യാനിക്കുന്ന. ജാനകിക്ക്=ജനകരാജപുത്രിയായ സീതക്ക്. എന്നപോലെ=ആപത്തു നീങ്ങിയതുപോലെ.

ശുഭം.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. MA-2 Acc. No. 19603

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 11 APR 2008 | | |
| 8 DEC 2015 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

Cl. No. MA-2
Coc. B
Acc. No. 19603

AUTHOR കൊച്ചി മലയാള ഭാഷാ പരിഷ്കരണ കമ്മിറ്റി.

TITLE ഭാഷാ ചമ്പൂപ്രബന്ധം.

| DATE DUE | BORROWER'S NUMBER. |
| --- | --- |
| 19 FEB 1983 | 9934 |

MA-2 19603
COC-B

കൊച്ചി മലയാള ഭാഷാ
പരിഷ്കരണ കമ്മിറ്റി.

ഭാഷാ ചമ്പൂപ്രബന്ധം.